അനുകൂലിക്കുന്നവർ 25

പ്രതികൂലിക്കുന്നവർ. 55

നിഷ്പക്ഷത പാലിക്കുന്നവർ - ആരുമില്ല.

ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. സി. ജോസഫ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. സി. ജോസഫ് : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. ആര്യാടൻ മുഹമ്മദ് അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആര്യാടൻ മുഹമ്മദ് : പ്രസ്സ് ചെയ്യുന്നില്ല.

ഭേദഗതികൾ സഭ നിരാകരിച്ചിരിക്കുന്നു.

റിപ്പോർട്ട് സഭ അംഗീകരിച്ചു.

VIII നിയമനിർമ്മാണകാര്യം

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(1) 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ

മി. സ്പീക്കർ : ബഹുമാനപ്പെട്ട ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി അങ്ങേക്ക് കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ-2010 അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

ക്ഷീരവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റ്മെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു.

ബഹുമാനപ്പെട്ട ക്ഷീരവും സിവിൽ സപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി അങ്ങേക്ക് 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച 1-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

LIBRARY ARCHIVES Kerala Legislative Assembly

ക്ഷേത്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, 2010-ലെ കേരള വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് സർവ്വകലാശാല ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ഗതാഗത വകുപ്പുമന്ത്രി (ശ്രീ. ജോസ് തെറ്റയിൽ) : സർ, ഞാൻ പ്രമേയത്തെ പിൻതാങ്ങുന്നു.

ക്രമപ്രശ്നം

കേന്ദ്ര നിയമത്തിനെതിരെയുള്ള ബിൽ നിലനിൽക്കുകയില്ല

ശ്രീ. കെ. എം. മാണി : ഈ നിയമം പാർലമെന്റ് പാസ്സാക്കിയിട്ടുള്ള 1984-ലെ ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ടിലെ വ്യവസ്ഥകൾക്ക് എതിരാണെന്നുള്ളതാണ് എന്റെ ഒബ്ജക്ഷൻ. ആ വ്യവസ്ഥകൾ നിലനിൽക്കുകയില്ല എന്നുള്ളതാണ്. പാർലമെന്റ് പാസ്സാക്കിയ ഇൻഡ്യൻ വെറ്ററിനറി കൗൺസിൽ ആക്ടിലാണ് വെറ്ററിനറി വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകുന്ന വ്യവസ്ഥയുള്ളത്. അതായത് ആക്ടിൽ ഫസ്റ്റ് ഷെഡ്യൂളിൽ വരുന്ന ഇൻസ്റ്റിറ്റ്യൂഷൻസ് നൽകുന്ന ഡിഗ്രികൾക്കാണ് അംഗീകാരമുള്ളത്. കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത് ഇന്ത്യൻ വെറ്ററിനറി കൗൺസിലാണ്. ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്റ്റ് 18-ാം വകുപ്പ് അനുസരിച്ചാണ് കോഴ്സുകൾക്ക് അംഗീകാരം നൽകുന്നത്. അതുപോലെ കോളേജുകൾക്കുള്ള ഡിഗ്രി നൽകുന്നത് ഇന്ത്യൻ വെറ്ററിനറി കൗൺസിൽ ആക്ടിലെ 15-ാം വകുപ്പ് അനുസരിച്ചാണ്. കോഴ്സുകൾക്ക് കൊടുത്തിരിക്കുന്ന അംഗീകാരം 21-ാം വകുപ്പ് അനുസരിച്ച് പിൻവലിക്കാനും കഴിയും. ഈ നിലയിൽ കേന്ദ്രത്തിൽ വെറ്ററിനറി കൗൺസിൽ ആക്ട് നിലനിൽക്കേ അതിന് കടക വിരുദ്ധമായി ഓവർ റൈഡിംഗായിട്ടുള്ള വകുപ്പാണ് ബില്ലിലെ നാലാമത്തെ ക്ലോസ്. Contrary to the Central legislation. ആറാമത്തെ വകുപ്പും സെൻട്രൽ നിയമത്തിന് വിപരീതമായിട്ടുള്ള വകുപ്പാണ്. അങ്ങനെ സെൻട്രൽ നിയമത്തിലുള്ള അധികാരങ്ങൾ കവർന്നെടുത്ത് നമ്മൾ അധികാരങ്ങൾ ഉപയോഗിച്ചുകൊണ്ട് പുതിയ നിയമം ഉണ്ടാക്കിയാൽ ആ നിയമം ആർട്ടിക്കിൾ 254 അനുസരിച്ച് നിലനിൽക്കുകയില്ല. Article 254 (1) Inconsistency between laws made by Parliament and Laws made by the Legislatures of States. If any provision of a law made by the Legislature of a State is repugnant to any provision of a law made by Parliament which Parliament is competent to enact, ...shall prevail and the law made by the Legislature of the State shall, to the extent of the repugnancy, be void എന്നാണ് ഭരണഘടനയിൽ പറയുന്നത്. അതുകൊണ്ട് ഈ നിയമത്തിലെ ഈ വ്യവസ്ഥകൾ പാസ്സായാൽ അത് നിലനിൽക്കുന്നതല്ല. അതുകൊണ്ട് ഇത് കൺസിഡർ ചെയ്യണം. ഇത് പുനഃപരിശോധിച്ച് അവതരിപ്പിക്കണമെന്ന അഭിപ്രായമാണുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

12.00 NOON]

ശ്രീ. ആര്യാടൻ മുഹമ്മദ്: സർ, ആർട്ടിക്കിൾ 254, 251 എന്നിവയെക്കുറിച്ച് മാണി സാർ ഇവിടെ പറയുകയുണ്ടായി. അതുകൊണ്ട് ഞാൻ അക്കാര്യം പറയുന്നില്ല. 'State Legislature is not competent' എന്നാണ് ആർട്ടിക്കിൾ 251-ഉം ആർട്ടിക്കിൾ 254-ഉം നോക്കുമ്പോൾ വളരെ വ്യക്തമായി നമുക്ക് മനസ്സിലാകുന്നത്. ഇത് inconsistent ആണ്. പാർലമെന്റ് പാസ്സാക്കിയ നിയമത്തിന് വിരുദ്ധമായി ഒരു നിയമം പാസ്സാക്കാൻ സ്റ്റേറ്റ് ലെജിസ്ലേച്ചർ കോംപീറ്റന്റല്ല. അതാണ് ഒന്നാമത്തെ പോയിന്റ്. രണ്ടാമത്തെ പോയിന്റ്, ഫിനാൻഷ്യൽ മെമ്മോറാണ്ടം. വാസ്തവത്തിൽ ഇന്നുവരെ ഈ സംസ്ഥാനത്ത് ഇതുപോലൊരു ഫിനാൻഷ്യൽ മെമ്മോറാണ്ടം ഉണ്ടായിട്ടില്ല. ഈ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ എക്സ്പെൻഡിച്ചറാണ് പറയുന്നത്. ഇവിടെ എക്സ്പെൻഡിച്ചർ ഒന്നുപോലും പറഞ്ഞിട്ടില്ല. ഓരോ ക്ലോസിനും വരുന്ന എക്സ്പെൻഡിച്ചർ എക്സ്ചെക്കറിന് എത്രവരും എന്നാണ് പറയേണ്ടത്. അത് ഓരോ ക്ലോസ് ബൈ ക്ലോസായി പറയണം. ഇവിടെ ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത്, "The financial requirement of the University is divided into plan and non plan. The total financial commitment expected from the Consolidated Fund of the State in regard to the proposed University (both recurring expenditure and non recurring expenditure) for five years is ` 271.3 crores." അതല്ല വേണ്ടത്. ഓരോ വർഷവും ഓരോ ക്ലോസിനും എക്സ്ചെക്കറിന് റെക്കറിംഗും നോൺറെക്കറിംഗും എത്രവരും എന്നാണ് പറയേണ്ടത്. ഇവിടെ പറയുന്നത് എന്താണെന്ന് അറിയുമോ? "Clause 39 of the Bill provides for the formation a general fund to the Kerala Veterinary and Animal Sciences University. All grants and loans received from the Indian Agriculture Research Council, the Central Government, the State Government and the University Grants Commission or like authority or any local authority or any corporation owned or controlled by such Government and certain other revenues and income of the University shall together from the fund." ഇത് വരുമാനമാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ പറയുന്നത് വരുമാനത്തെക്കുറിച്ചാണ്. അത് യൂണിവേഴ്സിറ്റി ഗ്രാന്റ്സ് കമ്മിഷനിൽനിന്ന് കിട്ടും, ഇന്ത്യാ ഗവൺമെന്റിൽനിന്ന് കിട്ടും, ഇന്റർനാഷണൽ ഇൻസ്റ്റിറ്റ്യൂഷൻസിൽനിന്ന് കിട്ടും, കൂടാതെ മറ്റ് പ്രൈവറ്റ് ഡൊണേഷനും കിട്ടും. ഫിനാൻഷ്യൽ മെമ്മോറാണ്ടംകൊണ്ട് ഉദ്ദേശിക്കുന്നത് എക്സ്പെൻഡിച്ചറാണ്. ഞാൻ ആ റൂൾ കാട്ട് ചെയ്യുന്നു. റൂൾ 73. 'A Bill involving expenditure shall be accompanied by a financial memorandum which shall invite particular attention to the clauses involving expenditure and shall also give an estimate of the recurring and non-recurring expenditure involved in case the Bill is passed into law' എന്നാണ് പറയുന്നത്. അപ്പോൾ അതിന്റെ റെക്കറിംഗ്, നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചർ എത്രവരും എന്നത് ഓരോ ക്ലോസിനും വേണ്ടി പറയണം. ഇവിടെ റെക്കറിംഗ് എത്രയാണെന്നോ നോൺ റെക്കറിംഗ് എത്രയാണെന്നോ ഒന്നും പറഞ്ഞിട്ടില്ല.

വരുമാനം ഇന്നയിന്ന സ്ഥലങ്ങളിൽനിന്നും കിട്ടുമെന്നാണ് പറഞ്ഞിരിക്കുന്നത്. ഈ ബഡ്ജറ്റിൽ അതില്ല. അതുകൊണ്ടാണ് ഇത് വേണ്ടിവരുന്നത്. ഇനി അടുത്ത ബഡ്ജറ്റിൽ ബാക്കിയുള്ളതിന് പ്രൊവിഷൻ വയ്ക്കാം. ഒരു കൊല്ലത്തേക്ക് റെക്കറിംഗും നോൺ റെക്കറിംഗും എന്ത് വരും എന്നുള്ളത് റൂൾ 73 അനുസരിച്ച് ക്ലിയറായി പറയണം. ഞാൻ ഒരു കാര്യം കൂടി ചൂണ്ടിക്കാണിക്കട്ടെ. ഈ സഭയിൽ ബഹുമാനപ്പെട്ട വിജയകുമാർ സ്പീക്കറായിരുന്ന കാലത്ത് ഞാൻ തന്നെ ഈ ഒബ്ജക്ഷൻ ഉയർത്തിക്കൊണ്ടു വന്നു. അന്ന് ശ്രീ. ഇസ്മയിൽ അവതരിപ്പിച്ച ഒരു ബില്ലിൽ ഈ ഫിനാൻഷ്യൽ മെമ്മോറാണ്ടം ക്ലിയറായിരുന്നില്ല. ടോട്ടൽ എക്സ്പെൻഡിച്ചർ പറഞ്ഞിരുന്നു. എന്നാൽ റെക്കറിംഗും നോൺ റെക്കറിംഗും ക്ലോസ് ബൈ ക്ലോസും പറഞ്ഞിരുന്നില്ല. ഞാൻ അതിന്റെ ഒബ്ജക്ഷൻ റെയ്സ് ചെയ്തു. സഭ പിരിയുന്നതിനുമുമ്പ് റെക്കറിംഗും നോൺ റെക്കറിംഗും എത്രയെന്ന് സർക്കുലേറ്റ് ചെയ്യണമെന്ന് അദ്ദേഹം റൂൾ ചെയ്തു. ഞാൻ വേറൊരു ഉദാഹരണം പറയാം. 1956-ൽ എസ്റ്റേൻഷ്യൽ കമ്മോഡിറ്റീസ് ആക്ട് (സെക്കന്റ് അമന്റ്മെന്റ്) ബിൽ പാർലമെന്റിൽ വന്നു. അത് റിപ്പോർട്ടഡ് കേസ് ആണ്. അത് ശക്ധർ ആൻഡ് കൗളിൽ കാണും. അതിൽ റെക്കറിംഗും നോൺ റെക്കറിംഗും സ്പെസിഫിക്കായി പറയാത്തതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കാൻ പാടില്ല എന്ന് സ്പീക്കർ റൂൾ ചെയ്തു. ഇതുപോലെ അവതരിപ്പിക്കുന്നത് ശരിയല്ല എന്ന് അങ്ങുപോലും ഈ സഭയിൽ പറഞ്ഞിരുന്നു. റൂൾ 73 പൂർണ്ണമായും വയലേറ്റ് ചെയ്തുകൊണ്ടുള്ള ഒരു ഫിനാൻഷ്യൽ ബില്ലാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. അതുകൊണ്ട് ഇതിന് അവതരണാനുമതി നൽകാൻ പാടില്ല എന്നാണ് എനിക്ക് പറയാനുള്ളത്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ബഹുമാനപ്പെട്ട മാണി സാർ പറഞ്ഞ ഭരണഘടനാ ലംഘനമൊന്നും ഇതിനകത്തില്ല. വെറ്ററിനറി കൗൺസിലിന്റെ അംഗീകാരം വെറ്ററിനറി കോഴ്സുകൾക്കാണുള്ളത്. ഇത് യൂണിവേഴ്സിറ്റിയാണ്. സമാന്തര സംസ്ഥാനങ്ങളിലെല്ലാം ഈ വ്യവസ്ഥകളുടെ അടിസ്ഥാനത്തിൽ തന്നെയാണ് യൂണിവേഴ്സിറ്റികൾ രൂപീകരിച്ചിട്ടുള്ളത്. സ്വാഭാവികമായും കോഴ്സുകളാണ് കൗൺസിലിലുള്ളത്. വെറ്ററിനറി കൗൺസിൽ അംഗീകാരം കൊടുക്കുന്നത് വെറ്ററിനറി കോഴ്സുകൾക്കാണ്. യൂണിവേഴ്സിറ്റിക്കല്ല. യൂണിവേഴ്സിറ്റി രൂപീകരിക്കാനുള്ള അവകാശം സ്റ്റേറ്റിന്റെ കോംപീറ്റന്റ് അതോറിറ്റിയാണ്. ആ അധികാര പരിധിക്ക് അകത്തുനിന്നുകൊണ്ടുതന്നെയാണ് ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. ഇതിനുമുമ്പും ഈ സഭയിൽ ഭരണഘടന നിലനിൽക്കുമ്പോൾത്തന്നെ യൂണിവേഴ്സിറ്റി ബില്ലുകൾ അവതരിപ്പിച്ചിട്ടുണ്ട്, സഭ പാസ്സാക്കിയിട്ടുമുണ്ട്. രണ്ടാമത്തേത് ശ്രീ ആര്യാടൻ മുഹമ്മദ് റൂൾ 73-നെക്കുറിച്ച് പറഞ്ഞു. അതിനകത്ത് റെക്കറിംഗ്, നോൺ റെക്കറിംഗ് രണ്ടുമാകാം, രണ്ടും ഒന്നിച്ചുമാകാം. സ്പ്ലിറ്റ് ചെയ്യുകയും ചെയ്യാം. റെക്കറിംഗും നോൺ റെക്കറിംഗുമില്ല എന്നാണ് നിങ്ങളുടെ ഒബ്ജക്ഷൻ. അത് ഇതിനകത്തുണ്ട്. അത് ഈ സഭയിൽ സ്പ്ലിറ്റ് ചെയ്ത് അവതരിപ്പിക്കാം. അത് ഇപ്പോൾ തന്നെ സർക്കുലേറ്റ് ചെയ്യാം. ആദ്യത്തെ വർഷം നോൺ റെക്കറിംഗ് 39.02 കോടി രൂപയും റെക്കറിംഗ് 31 കോടി രൂപയും അങ്ങനെ ടോട്ടൽ 70 കോടി രൂപയാണ്. രണ്ടാമത്തെ വർഷം 47 കോടി രൂപയുമാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇവിടെ ക്ലോസ് ബൈ ക്ലോസ് പറയണം.

ശ്രീ. സി. ദിവാകരൻ : സർ, അത് സാധ്യമല്ല. റെക്കറിംഗ്, നോൺ റെക്കറിംഗ് ഇതിൽ സ്പ്ലിറ്റ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഈ ബിൽ അവതരിപ്പിക്കുന്നതിന് സാങ്കേതിക തടസ്സമൊന്നുമില്ല എന്നാണ് തോന്നുന്നത്.

ശ്രീ. കെ. എം. മാണി : സർ, ക്ലോസിൽ തന്നെ പറഞ്ഞിരിക്കുന്നത്, കോഴ്സുകളെ സംബന്ധിച്ചും ഫാക്കൽറ്റിയെ സംബന്ധിച്ചുമാണ്. അതിന് വിപരീതമാണ് ഈ നിയമം.

റൂളിംഗ്

മി. സ്പീക്കർ : ശ്രീ. കെ. എം. മാണി പ്രധാനമായിട്ടും ഉന്നയിച്ചിരിക്കുന്ന ഒബ്ജക്ഷൻ കേന്ദ്ര നിയമത്തിന് വിരുദ്ധമായിട്ടാണ് ഇത് അവതരിപ്പിച്ചിരിക്കുന്നതെന്നുള്ളതാണ്. എന്നാൽ ഇത് കേന്ദ്ര നിയമത്തിന് വിരുദ്ധമല്ലായെന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ വിശദീകരിക്കുകയുണ്ടായി. അത് ചെയർ മുഖവിലയ്ക്കെടുക്കുകയാണ്. അതുകൊണ്ട് ഈ ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല. എന്നാൽ ശ്രീ. ആര്യാടൻ മുഹമ്മദ് ഇവിടെ റെയ്സ് ചെയ്തിരിക്കുന്ന ഒബ്ജക്ഷൻ അദ്ദേഹം ബിൽ അവതരിപ്പിക്കുന്ന സന്ദർഭങ്ങളിലെല്ലാം പറയുന്ന ഒരു കാര്യമാണ്. ഫിനാൻഷ്യൽ മെമ്മോറാണ്ടത്തിൽ റെക്കറിംഗ്, നോൺ റെക്കറിംഗ് എക്സ്പെൻഡിച്ചറിന്റെ ക്ലാസ് ബൈ ക്ലാസ് ഡീറ്റയിൽസ് വേണമെന്നുള്ളത്. അത് ഇവിടെ കൊടുക്കാൻ ബഹുമാനപ്പെട്ട മന്ത്രി തയ്യാറായിട്ടുണ്ട്. ഇയർവൈസ് ആയിട്ടാണെങ്കിൽപ്പോലും കൊടുക്കാൻ അദ്ദേഹം തയ്യാറായിട്ടുണ്ട്.

ശ്രീ. ആര്യാടൻ മുഹമ്മദ് : സർ, ഇതിൽ ഒരു ക്ലാസിന് ഇത്രയാണ് എന്നുള്ളത് പറയണം.

മി. സ്പീക്കർ : അങ്ങയോട് ചെയർ യോജിക്കുകയാണ്. അങ്ങ് ഈ കാര്യം നിരന്തരം പറഞ്ഞുകൊണ്ടിരിക്കുകയാണ്. ഈ കാര്യം ബന്ധപ്പെട്ട എല്ലാ വകുപ്പുകളും ശ്രദ്ധിക്കണമെന്നാണ് ചെയറിന് ഇതുസംബന്ധിച്ച് പറയാനുള്ളത്. ഒബ്ജക്ഷൻ നിലനിൽക്കുന്നതല്ല. ബിൽ ചർച്ചയ്ക്കെടുക്കുന്നു.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, നമ്മുടെ സംസ്ഥാനത്തിലെ മൃഗസംരക്ഷണ മേഖലയിലും ക്ഷീരവികസന മേഖലയിലും ഇതുപര്യന്തമുള്ള അനുഭവങ്ങൾ ഈ രംഗത്ത് അനന്തമായ സാധ്യതകളുണ്ട് എന്നുള്ളതാണ് വ്യക്തമാക്കുന്നത്. അര നൂറ്റാണ്ട് കാലം പിന്നിട്ടിട്ടും കേരളത്തിൽ പ്രവർത്തിക്കുന്ന ആനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റും ഡയറി ഡിപ്പാർട്ടുമെന്റും കേരളത്തിനാവശ്യമായ പാലും മാംസവും മുട്ടയും ഉൽപ്പാദിപ്പിക്കുന്ന കാര്യത്തിൽ ഒരിടത്തും എത്തിയില്ല. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് ഇതിന്റെ കാരണങ്ങളും അന്വേഷണങ്ങളും നടത്തുകയുണ്ടായി. ഇതിനാവശ്യമായ അത്യുൽപ്പാദനശേഷിയുള്ള കന്നുകാലി സമ്പത്തുണ്ടാകുന്നതിനും ആധുനിക രീതിയിലുള്ള സമ്പ്രദായങ്ങൾ

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉപയോഗിക്കാനും കേരളത്തിന്റെ സാധ്യതകൾ ഉപയോഗിച്ചുകൊണ്ട് ആവശ്യമായ പാലും മുട്ടയും മാംസവുമെല്ലാം ഇവിടെത്തന്നെ ഉൽപ്പാദിപ്പിച്ച് സ്വയംപര്യാപ്തത നേടാനുള്ള സാധ്യതയും ആരാഞ്ഞുകൊണ്ടാണ് ഒരു കമ്മീഷനെ നിയോഗിച്ചത്. ആ കമ്മീഷന്റെ ശിപാർശയുടെ അടിസ്ഥാനത്തിലാണ് കേരളത്തിൽ ഒരു യൂണിവേഴ്സിറ്റി രൂപീകരിച്ച് ഈ രംഗത്തുള്ള ഗവേഷണങ്ങളും പരീക്ഷണങ്ങളും നടത്തി ലോകത്താകെ മാറിക്കൊണ്ടിരിക്കുന്ന വെറ്ററിനറി സയൻസിനും ഡയറി സയൻസിനും അനുയോജ്യമായ പ്രവർത്തനങ്ങളും ഗവേഷണങ്ങളും പഠനങ്ങളും കേരളത്തിൽ തന്നെ നടത്തണമെന്ന ശിപാർശ ഗവൺമെന്റിന് സമർപ്പിച്ചത്. ഗവൺമെന്റ് ആ ശിപാർശ അംഗീകരിച്ചുകൊണ്ടാണ് നടപടികൾ ആരംഭിച്ചത്. കഴിഞ്ഞ നാലര കൊല്ലത്തെ അനുഭവങ്ങൾ വച്ചുനോക്കിയാൽ തീർച്ചയായും യൂണിവേഴ്സിറ്റിയുടെ വരവോടുകൂടി ഈ രംഗത്ത് കേരളത്തിൽ വലിയ മാറ്റമുണ്ടാവുകയും കേരളവും ഇന്ത്യയും പ്രതീക്ഷിക്കുന്ന ഭക്ഷ്യ സുരക്ഷ എന്ന ലക്ഷ്യത്തിലേക്ക് എത്താൻ സഹായകരമായ ഒരു സമീപനം ഈ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനങ്ങളിൽ ഉണ്ടാവുകയും ചെയ്തിട്ടുണ്ട്. കാർഷിക മേഖലയുടെ ഏകദേശം 40 ശതമാനത്തിലേറെ ഉൽപ്പാദനം ഈ മേഖലകളിൽ നിന്നാണ് ഉണ്ടായിട്ടുള്ളത്. പന്നി വളർത്തൽ, കാട വളർത്തൽ, കോഴി വളർത്തൽ, മുയൽ വളർത്തൽ, കന്നുകാലി സംരക്ഷണം, ആടു വളർത്തൽ എന്നിങ്ങനെ നാട്ടിൻപുറങ്ങളിൽ തൊഴിലവസരങ്ങളും ഉൽപ്പാദന മേഖലയിൽ നേട്ടങ്ങളുമുണ്ടായിട്ടുണ്ട്. സാമ്പത്തിക വരുമാനവും അതിന്റെ സാധ്യതകളും പരിശോധിച്ച് കേരളത്തിന്റെ ഭൂമിശാസ്ത്രപരമായ ഘടനയും കാലാവസ്ഥയുമെല്ലാം ഈ രംഗത്ത് വളരെ വേഗം നമുക്ക് മുന്നോട്ടു പോകാൻ കഴിയുന്നതാണെന്ന് വിദഗ്ധർമാർ അടങ്ങുന്ന സമിതി അവരുടെ അഭിപ്രായങ്ങൾ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളത്തിൽ നിലവിലുള്ള പ്ലാനിംഗ് ബോർഡ് അത് പരിശോധിക്കുകയും വീണ്ടും കൂടുതൽ പഠനത്തിനുവേണ്ടി ഒരു സമിതിയെ നിയോഗിക്കുകയും ചെയ്തു. ആ സമിതിയും അടിയന്തരമായി യൂണിവേഴ്സിറ്റി സ്ഥാപിച്ച് ഇതിന്റെ പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകണമെന്ന ഏകകണ്ഠമായ അഭിപ്രായം ഗവൺമെന്റിനുമുമ്പിൽ രേഖപ്പെടുത്തിയിട്ടുണ്ട്. കേരളം ഇന്ന് നേരിടുന്ന ഏറ്റവും ഗുരുതരമായ വിഷയം നിങ്ങൾക്കെല്ലാം അറിയാം നമ്മുടെ സംസ്ഥാനം ഒരു കൺസ്യൂമർ സ്റ്റേറ്റാണ്. എങ്ങനെ നോക്കിയാലും ഈ കൺസ്യൂമർ സ്റ്റേറ്റിന് നമുക്കാവശ്യമായ അരി ഇവിടെ ഉൽപ്പാദിപ്പിക്കാൻ സാധ്യമല്ല. പുതുതായി 60000 ഹെക്ടർ സ്ഥലത്ത് നെല്ലുൽപ്പാദനം നടത്തിയിട്ടും കേരളത്തിനാവശ്യമായ 15 ശതമാനം ഭക്ഷ്യധാന്യം പോലും ഉൽപ്പാദിപ്പിക്കാൻ നമുക്ക് കഴിയുന്നില്ല. അതേസമയം കേരളത്തിനാവശ്യമായ പാലിന്റെ 80 ശതമാനവും ഇവിടെ ഉൽപ്പാദിപ്പിക്കുന്നുണ്ട്. കഠിനമായി പ്രയത്നിച്ച് ക്ഷീര കർഷകരുടെ ഇടയിൽ ഉദാരമായ പല പദ്ധതികളും നടപ്പിലാക്കിയാൽ തീർച്ചയായും പാലുൽപ്പാദനത്തിൽ നമുക്ക് സ്വയം പര്യാപ്തത നേടാൻ സാധിക്കും. നമ്മുടെ നാട്ടിൽ ഇപ്പോൾ നടക്കുന്ന കോഴി വളർത്തൽ നാട്ടിൻ പുറങ്ങളിലെ പട്ടിണിപ്പാവങ്ങളെ സംബന്ധിച്ചിടത്തോളം വളരെ അനുഗ്രഹീതമായ ഒരു കാര്യമാണ്. നാട്ടിൻപുറങ്ങളിലെ പതിനായിരക്കണക്കിന് സ്ത്രീകൾക്ക് സൗജന്യമായും വിദ്യാർത്ഥികൾക്ക് സ്കൂളുകളിലും ഇത് വിതരണം ചെയ്യുന്നുണ്ട്.

ഇക്കാര്യത്തിൽ വിദ്യാർത്ഥികളുടെ പ്രതികരണം വളരെ ആവേശകരമാണ്. ഇങ്ങനെവരുമ്പോൾ തീർച്ചയായും നമുക്ക് ശുഭപ്രതീക്ഷയാണുള്ളത്.* ഭക്ഷ്യ സുരക്ഷാ സ്വയംപര്യാപ്തത നേടുന്നതിൽ ഒരു പരിധിവരെ ഏതെങ്കിലും തരത്തിൽ കേരളത്തിന്റെ ഉൽപ്പാദനം സഹായിക്കുമെങ്കിൽ ഈ രംഗത്ത് മാത്രമായിരിക്കും. അതുകൊണ്ടാണ് ഈ യൂണിവേഴ്സിറ്റിയുടെ കാര്യങ്ങളെക്കുറിച്ച് ഗൗരവമായിട്ടുള്ള ചിന്തകളും ചർച്ചകളും സെമിനാറുകളും പഠനങ്ങളുമെല്ലാം നടത്തിയത്. തമിഴ്നാട്, ആന്ധ്ര തുടങ്ങിയ മിക്കവാറും എല്ലാ സ്റ്റേറ്റുകളിലും വെറ്ററിനറി യൂണിവേഴ്സിറ്റി പ്രവർത്തിക്കുന്നുണ്ട്. ഈ രംഗത്തുള്ള വെറ്ററിനറി ഡോക്ടർമാരുടെ കാര്യത്തെ സംബന്ധിച്ചാണെങ്കിൽ നൂറുകണക്കിന് വെറ്ററിനറി ഡോക്ടർമാർ ഇവിടെ നിന്ന് അവധിയെടുത്ത് പുറം സർവ്വീസിന് പോവുകയാണ്. അതിന്റെ കാരണങ്ങൾ അന്വേഷിച്ചപ്പോഴാണ് അവർക്ക് ഉപരിപഠനത്തിനുള്ള സൗകര്യങ്ങളോ നല്ല നിലവാരമുള്ള ലബോറട്ടറികളോ ഒന്നാന്തരമായി പഠിപ്പിക്കാൻ കഴിയുന്ന ഇൻഫ്രാസ്ട്രക്ചറോ ഇവിടെയില്ലാത്തതുകൊണ്ടാണ് അവരെല്ലാം അവധിയെടുത്ത് യൂറോപ്യൻ രാജ്യങ്ങളിൽ പോയി പഠിച്ച് വെറ്ററിനറിയിൽ ഉന്നത ബിരുദങ്ങൾ നേടുന്നത്.. അക്കാര്യത്തിൽ വിദ്യാർത്ഥികളുടെ നിരന്തരമായ ആവശ്യങ്ങളുണ്ട്. അതുപോലെതന്നെ വെറ്ററിനറി സയൻസ് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ ഭാഗമായി പ്രവർത്തിക്കുകയാണ്. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ വളരെ വിപുലമായ പ്രവർത്തന മേഖലയിൽ തീർച്ചയായും വെറ്ററിനറി സയൻസിനും ഡയറി സയൻസിനും അർഹമായ പരിഗണന കിട്ടുന്നില്ല എന്നുള്ള പരാതിയുണ്ട്. ദീർഘകാലമായുള്ള ഇത്തരം പരാതികളുടെ അടിസ്ഥാനത്തിൽ ഗവൺമെന്റിന് സാമ്പത്തിക ബാദ്ധ്യതകളുണ്ടെങ്കിൽപ്പോലും വിപുലമായി ഒരു അക്കാഡമിക്ക് കാര്യത്തിന് അനിമൽ ഹസ്ബന്ററി ഡിപ്പാർട്ടുമെന്റിനെ സഹായിക്കാനും ഉൽപ്പാദനവും പഠന-ഗവേഷണ നിലവാരവും വർദ്ധിപ്പിക്കാനും രാജ്യത്തെ സാമ്പത്തിക പ്രതിസന്ധി ഒരു പരിധിവരെ പരിഹരിക്കാനും തൊഴിലവസരങ്ങളുണ്ടാക്കാനും കഴിയുന്ന തരത്തിലാണ് ഈ യൂണിവേഴ്സിറ്റിയുടെ രൂപീകരണം ആസൂത്രണം ചെയ്തിരിക്കുന്നത്. ഈ യൂണിവേഴ്സിറ്റി ഇതര യൂണിവേഴ്സിറ്റികളിൽ നിന്ന് വ്യത്യസ്തമായിരിക്കും. ബഡ്ജറ്റ് അലോക്കേഷൻ ഇല്ലാതെ സാമ്പത്തിക കാര്യങ്ങളിൽ സ്വയംപര്യാപ്തത നേടാൻ കഴിയുന്ന ഉൽപ്പാദന/വാണിജ്യ കേന്ദ്രമായും തൊഴിലവസരങ്ങൾ സംഭാവന ചെയ്യുന്ന കേന്ദ്രമായും മാറുക. ഇവിടത്തെ വിദ്യാർത്ഥികൾക്ക് പ്രൊഡക്ഷൻ ഓറിയന്റഡായിട്ടുള്ള കോഴ്സുകൾ ഓഫർ ചെയ്യുക എന്നീ കാര്യങ്ങളാണ് യൂണിവേഴ്സിറ്റിയുടെ രൂപീകരണത്തിലൂടെ ലക്ഷ്യമിട്ടിരിക്കുന്നത്. അക്കാഡമിക്കായിട്ടുള്ള പഠനങ്ങൾ മാത്രമല്ലാതെ കേരളത്തിൽ സാധ്യമായ മുഴുവൻ സ്ഥലവും ഉപയോഗിച്ചുകൊണ്ട് ക്ഷീരോൽപ്പാദനം വർദ്ധിപ്പിക്കുകയെന്നുള്ള ഒരു പുതിയ ശൈലിയാണ് ഈ സർവകലാശാല നടപ്പാക്കാനുദ്ദേശിക്കുന്നത്. നമ്മുടെ നാട്ടിലെ സമീപനങ്ങളെല്ലാം വെറും ക്ലാസ് മുറികളിലുള്ള പഠനങ്ങളായി തീരുകയാണ്. അതിൽനിന്നും വ്യത്യസ്തമായിട്ടുള്ള ഒരു സമീപനം വെറ്ററിനറി യൂണിവേഴ്സിറ്റി കാണുന്നുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു യൂണിവേഴ്സിറ്റിക്ക് ഗവൺമെന്റ് രൂപം നൽകിയതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്. ഈ ബിൽ ഫലപ്രദമായി ചർച്ചചെയ്ത് ഏകകണ്ഠമായി പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

(അദ്ധ്യക്ഷവേദിയിൽ ശ്രീമതി പി. അയിഷാ പോറ്റി)

ശ്രീ. കെ. ബാബു : സർ, I move that- "This House resolves to disapprove The Kerala Veterinary And Animal Science University Ordinance, 2010 (Ordinance No 44 of 2010). ഈ സർവ്വകലാശാല വരണ്ടതിന്റെ ആവശ്യകതയെക്കുറിച്ച് ബഹുമാനപ്പെട്ട മന്ത്രി സംസാരിക്കുകയുണ്ടായി. സർവ്വകലാശാല വരുന്നതിനോട് ഞങ്ങൾക്കും യോജിപ്പാണ്. ഈ സർവ്വകലാശാല വേണമെന്നുള്ള ആവശ്യം കുറേക്കാലമായി കേരളത്തിൽ ചർച്ച ചെയ്തുകൊണ്ടിരിക്കുന്നതാണ്. അങ്ങനെയുള്ള ഒരു സർവ്വകലാശാല സ്ഥാപിക്കുന്നതിന് ഒരു ഓർഡിനൻസ് കൊണ്ടുവരേണ്ടതിന്റെ ആവശ്യകത ഉണ്ടായിരുന്നോ എന്നുള്ള ആശങ്ക ഞാൻ പ്രകടിപ്പിക്കുകയാണ്. ഇവിടെ ഓർഡിനൻസിനെക്കുറിച്ച് സംസാരിക്കുകയുണ്ടായി. ഈ നിയമം ചർച്ച ചെയ്യാൻ ഇത്രയും സമയം വയ്ക്കേണ്ടിവന്ന സാഹചര്യമുണ്ടാക്കിയത് പ്രതിപക്ഷമാണെന്ന് ബഹുമാനപ്പെട്ട നിയമ വകുപ്പുമന്ത്രി സൂചിപ്പിക്കുകയുണ്ടായി. യഥാർത്ഥത്തിൽ ഓർഡിനൻസ് കൊണ്ടുവരേണ്ടത് ആവശ്യമുള്ള ഒരു വിഷയമല്ല. നിങ്ങൾക്കുതന്നെ അതിനെപ്പറ്റി ഒരു ബോധ്യവുമുണ്ടായിരുന്നില്ല. അതാണ് പ്രശ്നം.

കാരണം 20-10-2011-ലെ ബഡ്ജറ്റിൽ ഈ സർവ്വകലാശാല സ്ഥാപിക്കും എന്നത് സംബന്ധിച്ച് യാതൊരു പ്രഖ്യാപനവും നടത്തിയിട്ടില്ല. ഒരു ഘട്ടത്തിൽ ധനകാര്യ വകുപ്പ് വെറ്ററിനറി സർവ്വകലാശാല വേണ്ടെന്നുവയ്ക്കുകയും ഇതിനെതിരായ ഒരു എതിർപ്പ് പ്രകടിപ്പിക്കുകയുമുണ്ടായി. അന്ന് അവർ പറഞ്ഞത് 700 വിദ്യാർത്ഥികൾക്കുവേണ്ടി ഒരു സർവ്വകലാശാല ആവശ്യമില്ലെന്നാണ്. എന്നുമാത്രമല്ല, നയപ്രഖ്യാപനത്തിൽ ഇത് ഉൾപ്പെടുത്തുകയില്ലെന്നൊരു അഭിപ്രായവുംകൂടി ധനകാര്യ വകുപ്പ് ചൂണ്ടിക്കാണിച്ചതായി പറയപ്പെടുന്നു. നയപ്രഖ്യാപനത്തിലും ബഡ്ജറ്റിലും ഇത് ഉൾപ്പെടുത്തിയിരുന്നില്ല. ഈ ഗവൺമെന്റ് മൂന്നുനാല് നയപ്രഖ്യാപനങ്ങളും ബഡ്ജറ്റും അവതരിപ്പിച്ചു. മന്ത്രി പറഞ്ഞതുപോലെ വലിയ അത്യാവശ്യമുള്ള ഒരു സർവ്വകലാശാലയാണെങ്കിൽ ഏറ്റവും ഒടുവിലത്തെ ഈ ബഡ്ജറ്റിൽ എന്തുകൊണ്ട് ഇതിനെക്കുറിച്ച് ഒരു പരാമർശം നടത്തുകയോ എന്തെങ്കിലും തുക വകകൊള്ളിക്കുകയോ ചെയ്തില്ല? 271 കോടി രൂപയാണ് 5 വർഷംകൊണ്ട് ചെലവാകുമെന്ന് കണക്കാക്കിയിട്ടുള്ളത്. ചെലവാകുന്നതിന്റെ കണക്ക് ഓരോ വകുപ്പുതിരിച്ച് അവതരിപ്പിക്കാമെന്ന് മന്ത്രി പറഞ്ഞു. വർഷംതിരിച്ച് ഇപ്പോൾ പറഞ്ഞു. രണ്ടുമൂന്ന് കൊല്ലം കഴിഞ്ഞാൽ ഇത് സർവ്വകലാശാല സ്വന്തമായി സമാഹരിക്കുമെന്നാണ് മന്ത്രി പറഞ്ഞത്. അതിനെക്കുറിച്ച് വ്യക്തതയുണ്ടാകേണ്ടതുണ്ട്. എല്ലാ സർവ്വകലാശാലകളും സർക്കാർ ഗ്രാന്റിനെ ആശ്രയിക്കുകയാണ് ചെയ്യുന്നത്. പലപ്പോഴും സർവ്വകലാശാലകൾ വരുമാനം വർദ്ധിപ്പിക്കാൻവേണ്ടി പരീക്ഷാ ഫീസ് വർദ്ധിപ്പിക്കുകയും പുസ്തകത്തിന്റെ വില വർദ്ധിപ്പിക്കുകയുമാണ് ചെയ്യുന്നത്. അങ്ങനെ വിദ്യാർത്ഥികൾക്ക് ഭാരം അടിച്ചേൽപ്പിച്ചുകൊണ്ട് ഗവൺമെന്റ് ഗ്രാന്റ് കാര്യമായി വർദ്ധിപ്പിക്കാത്ത ഒരു സ്ഥിതിയാണുള്ളത്. സ്വന്തമായി വരുമാനം കണ്ടെത്തുമെന്നുപറഞ്ഞത് എങ്ങനെയാണെന്നുള്ളതിനെക്കുറിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി തന്നെ വ്യക്തമാക്കേണ്ടതുണ്ട്. ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവരണ്ട ആവശ്യം യഥാർത്ഥത്തിൽ ഇല്ലായിരുന്നു. അത് കുറേക്കാലമായി ചർച്ച ചെയ്യപ്പെടുന്നതാണ്. ഇത്രയും ഹേസ്റ്റിയായ ഒരു ഓർഡിനൻസ് കൊണ്ടുവന്നത് വളരെ തെറ്റായിപ്പോയി എന്നാണ് എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്. ബഹുമാന്യനായ മുൻ മുഖ്യമന്ത്രി അച്യുതമേനോൻ ഉൾപ്പെടെയുള്ള ആളുകൾ ഓരോ വിഷയത്തിലും സർവ്വകലാശാലകൾ രൂപീകരിക്കുന്നതിനെതിരായി പറഞ്ഞിട്ടുണ്ട്. യു.ജി.സി.-യും ഡോക്ടർ അനന്തമൂർത്തി കമ്മിറ്റിയുമെല്ലാം ഓരോ വിഷയങ്ങൾക്കും സെപ്പറേറ്റായി സർവ്വകലാശാലകൾ പാടില്ലെന്നുള്ള നിലപാടിലാണ് എത്തിച്ചേർന്നിരിക്കുന്നത്. സെപ്പറേറ്റായി സർവ്വകലാശാലകൾ ഉണ്ടായാൽ പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന വിഷയങ്ങൾ പഠിക്കുന്നതിനുള്ള അവസരം കുറയുമെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അങ്ങയുടെ വകുപ്പിൽത്തന്നെ പശു ഒരു വകുപ്പിലും പാൽ വേറൊരു വകുപ്പിലുമാണ് വരുന്നത്. പശു മൃഗസംരക്ഷണ വകുപ്പിലും പാൽ ഡയറി ഡിപ്പാർട്ടുമെന്റിലുമാണ്. ഇങ്ങനെയുള്ള പ്രശ്നങ്ങളുണ്ട്. നാളെ പാലിന് ഒരു സർവ്വകലാശാല, പശുവിന് ഒരു സർവ്വകലാശാല ഈ നിലയിൽ പോകുന്നത് ആശാസ്യമല്ല. അതുകൊണ്ട് പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന വിഷയങ്ങൾ പഠിക്കുന്നതിന് ഓരോ സബ്ജക്ടിലും പ്രത്യേകം പ്രത്യേകം സർവ്വകലാശാലകൾ വരുന്നതിനെതിരായുള്ള നിലപാടാണ് ഡോക്ടർ യശ്പാൽ കമ്മിറ്റിയും, യു.ജി.സി-യും., ഡോ. അനന്തമൂർത്തി കമ്മിറ്റിയുമെല്ലാം സ്വീകരിച്ചിട്ടുള്ളത്. അച്യുതമേനോൻ ഗവൺമെന്റിന്റെ കാലത്ത് കൊണ്ടുവന്ന പല പരിഷ്കാരങ്ങളെയും നടപടികളെയും എതിർത്ത ആളുകളാണ് ഇപ്പോൾ നിങ്ങളുടെ ഒപ്പമുള്ളത്. ശ്രീ. സി. കെ. ചന്ദ്രപ്പൻ തന്നെ ചൂണ്ടിക്കാണിച്ച പ്രശ്നം അതാണ്.. അഴിമതി ആരോപണമുണ്ടായപ്പോൾ എം. എൻ. ഗോവിന്ദൻ നായരും, ടി. വി. തോമസും നിയമനടപടികളിലൂടെ അതിനെ അതിജീവിച്ചു. എന്നാൽ ഇപ്പോൾ നിങ്ങളുടെ മുന്നണിക്ക് നേതൃത്വം കൊടുക്കുന്ന പാർട്ടിയുടെ സെക്രട്ടറി അത് ചെയ്യുന്നില്ലെന്നാണ് പറഞ്ഞത്. ഞാൻ അതല്ല പറയാൻ ഉദ്ദേശിച്ചത്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, അങ്ങ് ഒരു കാര്യം തിരുത്തണമെന്ന് ഞാൻ വളരെ സിൻസിയായി അഭ്യർത്ഥിക്കുകയാണ്. നിങ്ങൾ ഞങ്ങളുടെ പാർട്ടി സെക്രട്ടറിയെപ്പറ്റി പറഞ്ഞു. അദ്ദേഹം ബഹുമാനപ്പെട്ട ഹൈക്കോടതി വഴിയുള്ള നടപടി ലീഗലായിത്തന്നെ നേരിടുന്നുണ്ട്; രാഷ്ട്രീയമായി നേരിടുന്നതോടൊപ്പം നിയമപരമായി നേരിട്ടുകൊണ്ടിരിക്കുകയാണ്. ബഹുമാനപ്പെട്ട ചന്ദ്രപ്പൻ നേരിടുന്നില്ലെന്നല്ല പറഞ്ഞത് നേരിടണം, നേരിട്ടുകൊണ്ടിരിക്കുകയാണ്. നേരിടുന്നില്ല എന്ന അങ്ങയുടെ പ്രസ്താവന ശരിയല്ല. അത് തിരുത്തണം.

ശ്രീ. കെ. ബാബു : സർ, ബഹുമാനപ്പെട്ട മന്ത്രി, നിങ്ങളുടെ ഗവൺമെന്റ് അക്കാര്യത്തിൽ എടുത്ത നിലപാട് കേരളം മുഴുവൻ ചർച്ച ചെയ്തതാണ്. ഇപ്പോൾ 2 ജി സ്പെക്ട്രം കാര്യത്തിൽ സി& എജി ചൂണ്ടിക്കാണിച്ച അഴിമതി ആരോപണം അതിന്റെ പ്രാരംഭ ദശയിലാണ്. പക്ഷേ പി.എ.സി. ഉൾപ്പെടെയുള്ള കമ്മിറ്റികളെല്ലാം കേരളത്തിലെ പരിശോധന പൂർത്തിയാക്കിയ പ്രശ്നമാണ്. പക്ഷേ അക്കാര്യത്തിൽ കേരളാ ഗവൺമെന്റിന്റെ നിലപാട് ഗവർണർക്കെതിരായി കേസ് കൊടുക്കുന്നതിലാണ് നിൽക്കുന്നത്. ആ കാര്യം മനസ്സിലാക്കണം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ശ്രീ. സി. കെ. ചന്ദ്രപ്പൻ രാജ്യസഭയിലെ ഏറ്റവും നല്ല എം. പി. ആയിരുന്നു എന്നുള്ള സർട്ടിഫിക്കറ്റ് ഇവിടെ വന്നിരിക്കുകയാണെന്ന കാര്യം ബഹുമാനപ്പെട്ട സഹകരണ വകുപ്പുമന്ത്രി കൂടി മനസ്സിലാക്കണം. അദ്ദേഹത്തോട് ബഹുമാനമൊക്കെയുണ്ട്. പക്ഷേ അദ്ദേഹം സത്യം പറയുന്നവനാണ്. 2 ജി. സ്പെക്ട്രം കേസിന്റെ പ്രാഥമിക റിപ്പോർട്ട് വന്നപ്പോൾത്തന്നെ ആ ഉദ്യോഗസ്ഥന്മാർ മന്ത്രിയെ മാറ്റിനിർത്തുകയും നടപടി സ്വീകരിക്കുകയും മന്ത്രിയെ ഇറക്കിവിടുകയും ചെയ്തു. അതുപോലെതന്നെ പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റിയുടെ അന്വേഷണത്തിൽ, ആ കമ്മിറ്റിയുടെ മുമ്പിൽ ഹാജരാകാമെന്ന് പ്രധാനമന്ത്രി സമ്മതിച്ചിരിക്കുകയാണ്. ഇവിടത്തെ കേസെന്താണ്? ഇവിടെ 2005-ൽ 374 കോടി രൂപ നഷ്ടം വന്നെന്ന് സി ആന്റ് എ.ജി. ഫൈനൽ റിപ്പോർട്ട് കൊടുത്തിരിക്കുകയാണ്. അപ്പോൾ ഇടക്കാല റിപ്പോർട്ടിൽ കേന്ദ്രം നടപടി സ്വീകരിച്ചു. ഫൈനൽ റിപ്പോർട്ട് 2005-ൽ വന്നിട്ട് ഇപ്പോൾ 2010 ആയല്ലോ? അതിനെപ്പറ്റിയുള്ള അന്വേഷണം മരവിപ്പിക്കാൻവേണ്ടി നിങ്ങളുടെ സെക്രട്ടറി സുപ്രീംകോടതിയുടെ മുന്നിൽപ്പോയി നിൽക്കുകയാണ്. സഹകരണ വകുപ്പുമന്ത്രി അത് പറയുമ്പോൾ മനസ്സിലാക്കണം. എന്തുകൊണ്ട് അത് ചെയ്യുന്നു? ശ്രീ. രാജയുടെ കാര്യത്തിൽ അയാൾ ഒരു മന്ത്രിയല്ല. അയാൾ മുൻ മന്ത്രിയാണ്. അയാളെ പ്രോസിക്യൂട്ട് ചെയ്യാൻ ഒരാളുടെയും ഔദാര്യം വേണ്ടെന്ന് സുപ്രീംകോടതി പറഞ്ഞിരിക്കുകയാണ്.

ശ്രീ. കെ. ബാബു : സർ, ശ്രീ. പി. സി. ജോർജ് ചൂണ്ടിക്കാണിച്ച കാര്യം ശരിയാണ്. ഇവിടെ സി ആന്റ് എ. ജി. റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ എല്ലാ നടപടികളും പൂർത്തിയായി സി.ബി.ഐ. എൻക്വയറി നടന്നു. പ്രോസിക്യൂഷനു വേണ്ടിയുള്ള നടപടികൾ മുന്നോട്ടുവന്നപ്പോൾ സംസ്ഥാന ഗവൺമെന്റ് അതിന് അനുമതി കൊടുത്തില്ല. സംസ്ഥാന ഗവൺമെന്റുകൾ സ്വീകരിക്കുന്ന അത്തരം നിലപാടിനെതിരായി സുപ്രീംകോടതി തന്നെ പരാമർശിച്ചിരിക്കുകയാണ്. മുൻ മന്ത്രിമാർക്ക് പ്രോസിക്യൂഷൻ അനുമതി ഗവൺമെന്റ് കൊടുക്കണമെന്നുള്ള വ്യവസ്ഥ വച്ചിട്ടുള്ളത് അത് ദുർവിനിയോഗം ചെയ്യാതിരിക്കാൻ വേണ്ടിയാണ്. പക്ഷേ നിങ്ങൾ ചെയ്തതെന്താണ്? അത് ദുർവിനിയോഗം ചെയ്ത് നിങ്ങളുടെ സംസ്ഥാന സെക്രട്ടറിക്കെതിരായിട്ടുള്ള പ്രോസിക്യൂഷൻ നടപടി തടയാൻ ശ്രമിച്ചു. അതാണ് പ്രശ്നം.

ശ്രീ. ജി. സുധാകരൻ : സർ, ഇവിടെ രാഷ്ട്രീയ ചർച്ചയല്ല പറഞ്ഞത്. അത് വേറെ ചർച്ച ചെയ്യാം. ഞങ്ങളുടെ പാർട്ടി സെക്രട്ടറി അല്ല, ഞങ്ങളുടെ പാർട്ടി ആ പ്രശ്നത്തിൽ നിയമപരമായ സ്കൂട്ടിനിക്ക് വിധേയമായിക്കൊണ്ടിരിക്കുകയാണ്. വിധേയമാകില്ലെന്ന് പറഞ്ഞത് ശരിയല്ലെന്ന് മാത്രമേ പറഞ്ഞുള്ളൂ. അക്കാര്യമാണ് ഞാൻ പറഞ്ഞത്. സ്പെക്ട്രം ഇടപാടിൽ പാർട്ടി സെക്രട്ടറി, അതിന്റെ മന്ത്രി ഒരു നയാപൈസ പോലും വാങ്ങിയതായി സി.ബി.ഐ.-യുടെ റിപ്പോർട്ടിലോ അവരുടെ ആക്ഷേപത്തിലോ വിജിലൻസിലോ ഇല്ലാതിരിക്കെ അവിടെ നഷ്ടപ്പെടുത്തി എന്നുള്ളത് നിങ്ങൾ ചർച്ച ചെയ്തു. കോടതിയിലും നാട്ടിലും. അതല്ലാതെ 1,76,000 കോടി രൂപയുടെ അഴിമതി കാണിച്ച ശ്രീ. രാജയുടെ കേസ് വന്നതാണെന്ന് ഞങ്ങൾ കരുതുന്നില്ല, നാട്ടുകാരും കരുതുന്നില്ല. ഞാൻ ഉന്നയിച്ച പ്രശ്നം ഞങ്ങൾ സ്കൂട്ടിനിക്ക് വിധേയരായി എന്നുള്ളതാണ്. വിധേയരായില്ലെന്ന് പറയുന്നില്ല, വിധേയരായെന്നാണ് പറഞ്ഞത്.

ശ്രീ. കെ. ബാബു : ബഹുമാനപ്പെട്ട മന്ത്രി അവിടെയും സി.&എ.ജി-യാണ് ചുണ്ടിക്കാണിച്ചത്. ഇവിടെയും സി.&എ.ജി.-യാണ് ചുണ്ടിക്കാണിച്ചത്. പക്ഷേ അവിടെ സി.&എ.ജി. ചുണ്ടിക്കാട്ടിയതിനെ നിങ്ങൾ വാഴ്ത്തുകയും ഇവിടെ സി.&എ.ജി. ചുണ്ടിക്കാണിച്ചതിനെ നിങ്ങളുടെ പാർട്ടി അഖിലേന്ത്യാ സെക്രട്ടറി കേന്ദ്ര കമ്മിറ്റി യോഗത്തിനുശേഷം നടത്തിയ പത്രസമ്മേളനത്തിൽ രാഷ്ട്രീയപ്രേരിതമാണെന്ന് പറയുകയും ചെയ്തു. അതാണ് പ്രശ്നം. അപ്പോൾ നിങ്ങൾക്ക് ഇക്കാര്യത്തിൽ രണ്ട് അഭിപ്രായം ഉണ്ട്. 2 ജി. സ്പെക്ട്രം ഇഷ്യൂവിൽ കേന്ദ്രത്തിൽ സി.&എ.ജി. ചുണ്ടിക്കാണിച്ച കാര്യം ശരിയും ഇവിടെ എസ്.എൻ.സി. ലാവ്‌ലിൻ കേസിൽ ചുണ്ടിക്കാണിച്ച കാര്യം രാഷ്ട്രീയ പ്രേരിതമെന്നുമാണ് നിങ്ങളുടെ പാർട്ടി നിലപാട്. ബഹുമാനപ്പെട്ട മന്ത്രീ നിങ്ങൾ ഇപ്പോൾ നിയമനടപടിക്ക് വിധേയനായി എന്ന് പറഞ്ഞു.

ചെയർ പേഴ്സൺ : ബഹുമാനപ്പെട്ട അംഗം....ബില്ലിലേക്ക് വരിക.

ശ്രീ. കെ. ബാബു : സർ, ഞാൻ ബില്ലിലേക്ക് വന്നപ്പോഴല്ലേ ഈ പ്രശ്നം. ഈ മന്ത്രിമാർ ഇടപെടാതിരുന്നാൽ മതിയായിരുന്നു. പക്ഷേ അവരെ ആദരിക്കാതിരിക്കാൻ പറ്റുമോ? ഇവിടെ നിങ്ങൾ ഇപ്പോഴും ഗവർണ്ണർ പ്രോസിക്യൂഷൻ നടപടിക്ക് അനുമതി കൊടുത്തതിനെതിരായി, സർക്കാർ ചെലവിൽ ഗവർണർക്കെതിരായി കേസ് നടത്തുകയാണ്. നിങ്ങൾക്ക് അഴിമതി വിരുദ്ധ നിലപാടുണ്ടെങ്കിൽ ആദ്യം ചെയ്യേണ്ടത് ഗവർണർക്കെതിരായി സർക്കാർ ചെലവിൽ നടത്തുന്ന കേസ് പിൻവലിക്കണം. അതിന് തയ്യാറുണ്ടോ?

ശ്രീ. പി. സി. ജോർജ് : സർ, ഇരട്ടത്താപ്പാണ് ഇവിടത്തെ പ്രശ്നം. കാരണമെന്താണ്? സി.ബി.ഐ.-യെ രണ്ടായിട്ട് കാണുകയല്ലേ? ഇവിടെ ലാവ്‌ലിൻ കേസ്സിൽ സി.ബി.ഐ. എന്താണ് ചെയ്തത്? ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ നിർദ്ദേശപ്രകാരം ഹൈക്കോടതിയുടെ വളരെ വ്യക്തമായ നിരീക്ഷണത്തിൽ നടത്തിയ എൻക്വയറിയിലാണ് സി.പി.ഐ.(എം).-ന്റെ സെക്രട്ടറി ഇപ്പോൾ ഏഴാം പ്രതിയായിരിക്കുന്നത്. സി.ബി.ഐ.-യുടെ എറണാകുളം കോടതിയുടെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വീണ്ടും അന്വേഷണം നടത്തിയപ്പോൾ ദുബായ് കേന്ദ്രമായി, ഞാൻ അതിന്റെ പേര് സഭയിൽ പറയുന്നില്ല, അന്വേഷണം തുടരുകയാണ്. വളരെ വ്യക്തമായി എട്ടേമുക്കാൽ കോടി രൂപ വാങ്ങിയെന്ന് തെളിയിക്കപ്പെട്ടിരിക്കുകയാണ്. അത് രാജ്യത്തെ ജനങ്ങളുടെ മുൻപിൽ വന്നു. അവനെ പിടിക്കണമല്ലോ. അവനെ പിടിക്കുന്ന കൂട്ടത്തിൽ നിങ്ങളുടെ സെക്രട്ടറിയേയും പിടിക്കും. അവിടല്ലേ പ്രശ്നം.

പിന്നോക്ക പട്ടിക സമുദായക്ഷേമവും ഊർജ്ജവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ) : സർ, പ്രാഥമികമായ പരിശോധന നടത്തിയത് ബഹുമാനപ്പെട്ട ഉമ്മൻ ചാണ്ടി മുഖ്യമന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലാണ്. വിജിലൻസ് അന്വേഷണം നടത്തി ഇതിൽ യാതൊരു കഴമ്പുമില്ലായെന്ന് റിപ്പോർട്ട് കൊടുത്തത് ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമോ? കോടതിയിൽ ഇത് വന്ന സമയത്ത് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ഇവിടെ യാതൊന്നും നടന്നിട്ടില്ലായെന്ന് ശ്രീ. ആര്യാടൻ മുഹമ്മദ് മന്ത്രിയായിരുന്ന കാലഘട്ടത്തിൽ അഫിഡവിറ്റ് കൊടുത്തത് നിങ്ങൾക്ക് ഓർമ്മയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, അപ്പോൾ ഒരു കാര്യം ക്ലിയർ ആയല്ലോ ഞങ്ങൾ ഇതിനകത്ത് രാഷ്ട്രീയമായി യാതൊരു പകപോക്കലിനും തയ്യാറായില്ലായെന്ന് വ്യക്തമായല്ലോ? പക്ഷേ സി.ബി.ഐ. എൻക്വയറി ഓർഡർ ചെയ്തത് ആരാണ്? കേരള ഹൈക്കോടതിയാണ്. നിങ്ങൾ അതിനെ മാനിച്ചില്ല. ബഹുമാനപ്പെട്ട മന്ത്രി ബാലൻ. പ്രോസിക്യൂഷന് അനുമതി കൊടുത്ത ബഹുമാനപ്പെട്ട കേരള ഗവർണർക്ക് എതിരായി കേരള ഗവൺമെന്റിന്റെ ചെലവിലുള്ള കേസുണ്ടല്ലോ അത് പിൻവലിക്കണം.

ശ്രീ. എ. കെ. ബാലൻ : സർ, ഈ കേസ് ആദ്യം സി.ബി.ഐ. എറ്റെടുത്തിട്ടുണ്ടായിരുന്നില്ലായെന്നുള്ളത് ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കെ. ബാബു : സർ, എനിക്കറിയാമല്ലോ. പക്ഷേ ഒരു കാര്യമുള്ളത് ആ കേസ്സിൽ പ്രാരംഭമായി പാർലമെന്ററി രംഗത്ത് നടത്തേണ്ട നടപടികളെല്ലാം നടത്തി. പക്ഷേ 2 ജി സ്പെക്ട്രം കാര്യത്തിൽ പ്രാരംഭ റിപ്പോർട്ട് വന്നതേയുള്ളൂ. എസ്.എൻ.സി. ലാവ്‌ലിൻ കേസ്സിൽ ഫൈനൽ റിപ്പോർട്ടുവന്നു സി.ബി.ഐ. കേസ്സെടുത്തു. ഇതിലേക്കെല്ലാം ചർച്ച ചെയ്യപ്പെട്ട നിർഭാഗ്യകരമായ ഒരു സംഭവമുണ്ടായത് ബഹുമാനപ്പെട്ട അച്ചുതമേനോനെ നിങ്ങൾ നിരാകരിക്കുന്നു എന്ന് പറഞ്ഞതാണ്. കാരണം ഓരോ വിഷയത്തിനും പ്രത്യേകം സർവ്വകലാശാലകൾ രൂപീകരിക്കുന്നതിനോട് ബഹുമാനപ്പെട്ട അച്ചുതമേനോനും എതിരായിരുന്നു. ഞങ്ങൾ യൂണിവേഴ്സിറ്റിയെ സ്വാഗതം ചെയ്യുന്നുണ്ട് പക്ഷേ ഞാൻ പറഞ്ഞത് ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവരേണ്ട ഒത്യാഹിതവും ഉണ്ടായിരുന്നില്ല എന്നാണ്. നിങ്ങൾക്ക് വേണമെങ്കിൽ ബഡ്ജറ്റിൽ ചൂണ്ടിക്കാണിക്കാമായിരുന്നു. നയപ്രഖ്യാപനപ്രസംഗത്തിൽ പറയാമായിരുന്നു. ഞാൻ മനസ്സിലാക്കിയത് ധനകാര്യ വകുപ്പുതന്നെ നയപ്രഖ്യാപനത്തിലില്ലാത്ത ഒരു കാര്യം, ഒരു സർവ്വകലാശാല കൊണ്ടുവരുന്നതിന് എതിരായ നിലപാടെടുത്തു എന്നാണ്. അതുമാത്രമല്ല 700 കുട്ടികൾക്കുവേണ്ടി ഒരു സർവ്വകലാശാല ആരംഭിക്കുന്നതിനെതിരായി ധനകാര്യ വകുപ്പുതന്നെ ക്ഷോഭിക്കുകയും പരിഭവം പറയുകയുമൊക്കെ ചെയ്തതായി വാർത്തകളുമുണ്ട്. ഏതായാലും സർവ്വകലാശാല വരണമായിരുന്നു ഒരു സംശയവുമില്ല; പക്ഷേ ഇങ്ങനെ ഒരു ഓർഡിനൻസ് കൊണ്ടുവന്ന് തിടുക്കത്തിൽ നിലപാടെടുക്കരുതായിരുന്നു. ഈ ഓർഡിനൻസ് വ്യവസ്ഥയിൽ ആദ്യത്തെ വി.സി.-യെ ഗവൺമെന്റിന് തീരുമാനിക്കാം. അത് നിങ്ങൾ അംഗീകരിച്ചു കഴിഞ്ഞു, നിങ്ങൾ വച്ചത് ശ്രീ. ബി. അശോകനെയാണ്. 2010 ജൂൺ 28-ന് അദ്ധ്യാപകർ ഉൾപ്പെടെയുള്ളവരുടെ ശമ്പളം, നിയമനം എന്നിവ സംബന്ധിച്ച് യു.ജി.സി. റെഗുലേഷനിൽ ഒരു കാര്യം പറയുന്നുണ്ട്. വൈസ് ചാൻസലർ distinguished ആയിട്ടുള്ള ഒരു academician ആയിരിക്കണം എന്ന്. അതുപോലെ തന്നെ 10 കൊല്ലം പ്രൊഫസറായി ജോലി ചെയ്തിരിക്കണം. അങ്ങനെ പെപ്പുട്ടഡ് ആയിട്ടുള്ള ഒരു academician-നെയാണ് വി.സി. ആയി നിയമിക്കേണ്ടത് എന്നാണ് യു.ജി.സി. ചൂണ്ടിക്കാണിച്ചിട്ടുള്ളത്. എന്നാൽ ഇപ്പോൾ നിയമിച്ചിട്ടുള്ള ആൾ academician അല്ല. അത് മാത്രമല്ല അദ്ദേഹം മൃഗസംരക്ഷണ വകുപ്പ് ഡയറക്ടറായിരുന്നു എന്നതിൽ കവിഞ്ഞ് ഒന്നുമില്ല. ഒരു പക്ഷേ അദ്ദേഹത്തിന്റെ മരണ രംഗത്തെ മികവുകൊണ്ടാവും.

പക്ഷേ ഒരു വി.സി. ആകാനുള്ള യു.ജി.സി. ചുണ്ടിക്കാണിക്കുന്ന യാതൊരുവിധ കോസ്റ്റിറ്റ്യൻസിയും അദ്ദേഹത്തിനില്ല എന്നുള്ളതാണ് വസ്തുത. പിന്നെ ഇദ്ദേഹത്തിന് ഒരു യോഗ്യതയുണ്ട്. ആ യോഗ്യതയെന്തെന്നാൽ ശ്രീ. ജി. സുധാകരൻ എതിരായി അദ്ദേഹം ഒരു ലേഖനമെഴുതി. ബഹുമാനപ്പെട്ട മന്ത്രി ഐ.എ.എസ്.-കാരെക്കുറിച്ച് പണ്ടൊരു പ്രയോഗം നടത്തിയല്ലോ, അതിനെതിരായി അദ്ദേഹം ലേഖനമെഴുതി. അതാണ് അദ്ദേഹത്തിന് പ്രധാനമായുള്ള ഒരു കാര്യം. അദ്ദേഹം പിന്നെ വേറെ പല ലേഖനങ്ങളും എഴുതിയിട്ടുണ്ട്. ഓപ്പൺ മാഗസീനിൽ വന്ന BCD of Governance. ഞാൻ മറ്റ് കാര്യങ്ങളിലേക്ക് കടക്കുന്നില്ല. അദ്ദേഹം അങ്ങനെയൊരു ലേഖനം എഴുതിയിട്ടുണ്ട്. പക്ഷേ വി.സി. ആകാനുള്ള ഒരു യോഗ്യത അദ്ദേഹത്തിനുണ്ടെന്ന് തോന്നുന്നില്ല. നിർഭാഗ്യമെന്ന് പറയട്ടെ യു.ജി.സി. റെഗുലേഷൻ നിങ്ങൾ അംഗീകരിച്ച സന്ദർഭത്തിൽ, ആ ദിവസം തന്നെയാണ് അദ്ദേഹത്തെ നിയമിക്കാനുള്ള തീരുമാനവുമെടുത്തത്. അതും സെപ്റ്റംബർ മാസം മുതൽ മുൻകാല പ്രാബല്യത്തോടുകൂടി. മറ്റൊരു കാര്യം, ഇദ്ദേഹത്തിന് 70 വയസ്സാണ്. ഈ സർവ്വകലാശാലയിലെ വി.സി.-ക്ക് നിശ്ചയിച്ചിരിക്കുന്ന വയസ്സും 70 വയസ്സാണ്. നായനാർ ഗവൺമെന്റിന്റെ കാലത്ത് അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റിയുടെ വി. സി.-യായിരുന്ന ഡോ. മൈക്കിളിനെ പിരിച്ച് വിടാൻ നിങ്ങൾ ഒരു നിയമം കൊണ്ടുവന്നു. ഞാൻ അത് ഓർമ്മിപ്പിക്കുകയാണ്. അന്ന് അദ്ദേഹത്തിന്റെ പ്രായം 62 ആയിരുന്നു. അത് 60 ആക്കി കുറച്ചുകൊണ്ടുള്ള ഒരു നിയമമാണ് നിങ്ങൾ കൊണ്ടുവന്നത്. ഒരു വൈസ് ചാൻസലറെ പിരിച്ചു വിടാൻവേണ്ടി, മനഃപ്പൂർവ്വം 62 വയസ്സ് എന്ന വ്യവസ്ഥ 60 ആക്കി ചുരുക്കി ഡോ. മൈക്കിളിനെ നിങ്ങൾ പിരിച്ചുവിട്ടു. അങ്ങല്ല ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ്. ഇപ്പോൾ നിങ്ങൾ അത് 70 വയസ്സായി നിശ്ചയിച്ചിരിക്കുകയാണ്. അപ്പോൾ വൈസ് ചാൻസലർമാരായി നിയമിക്കാൻ വേണ്ടി ചില വ്യക്തികളെ മനസ്സിൽ കണ്ടുകൊണ്ട് പ്രായം നിശ്ചയിക്കുന്നതാണോയെന്ന് എനിക്കറിയില്ല. അതുപോലെ കോളേജ് അദ്ധ്യാപകരുടെ പ്രശ്നം. കോളേജ് അദ്ധ്യാപകരുടെ പെൻഷൻ പ്രായത്തിന്റെ കാര്യത്തിൽ ഇവിടെ മാറ്റം വരുത്തിയിട്ടില്ല. അവരുടെ സമരവും പ്രക്ഷോഭങ്ങളുമൊക്കെ നടക്കുന്നുണ്ട്. അതുപോലെ തന്നെ വി.സി. സെലക്ഷനിൽ യു.ജി.സി. നോമിനിയെ ഉൾപ്പെടുത്തേണ്ടതാണ്. ഈ നിയമത്തിൽ വി.സി.-യെ നിയമിക്കാനുള്ള സെർച്ച് കമ്മിറ്റിയിൽ യു.ജി.സി. നോമിനിയെ വയ്ക്കണമെന്നുള്ള വ്യവസ്ഥയില്ല. ആ വ്യവസ്ഥ കൊണ്ടുവരണം. ക്ലോസ് 6, അതിലാണ് ഞാൻ നേരത്തെ പറഞ്ഞ 70 വയസ്സ് പ്രായപരിധി പറയുന്നത്. അദ്ധ്യാപക നിയമനത്തിൽ 62 വയസ് ആണെന്നാണ് യു.ജി.സി. ചുണ്ടിക്കാണിച്ചത്. ഇവിടെയിപ്പോൾ നിലവിലുള്ള സർവ്വീസ് ചട്ടങ്ങൾ അനുസരിച്ച് 60 വയസ്സാണ്. അതുപോലെ രജിസ്ട്രാറുടെ നിയമനത്തിൽ അസോസിയേറ്റ് പ്രൊഫസർമാരിൽ നിന്നും 15 കൊല്ലം എക്സ്പീരിയൻസുള്ള ആളുകളെ നിയമിക്കാമെന്നാണ് ഈ നിയമത്തിൽ കൊണ്ടുവന്നിട്ടുള്ള വ്യവസ്ഥ. അപ്പോൾ പ്രൊഫസർമാരിൽ നിന്ന് നിയമിക്കാം അതിന് Administrative or Teaching Experience ഉണ്ടാകണം. അങ്ങനെ വയ്ക്കണം. 15 കൊല്ലത്തിൽ 5 കൊല്ലമെങ്കിലും അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസുള്ള ആളുകളെ വയ്ക്കുന്നൊരു രീതിയാവണം. ഇപ്പോഴുള്ള

LIBRARY ARCHIVES Kerala Legislative Assembly

നിയമത്തിൽ അത് വ്യക്തമല്ല. 15 കൊല്ലത്തെ സേവന പരിചയം മാത്രമാണ് പറയുന്നത്. ആ 15 കൊല്ലം പ്രൊഫസറാകാം. ഈ നിയമത്തിൽ പറയുന്നത് അസോസിയേറ്റ് പ്രൊഫസർ എന്നാണ്. അതിന് പകരം 5 കൊല്ലമെങ്കിലും മിനിമം അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസുള്ള ഒരാളെ രജിസ്ട്രാറാക്കുന്ന ഒരു വ്യവസ്ഥ കൊണ്ടുവരുന്നത് ഉചിതമായിരിക്കും. കൂടാതെ രജിസ്ട്രാറായി പുറത്തു നിന്ന് ആർക്കും വരാൻ പറ്റാത്ത നിയമമാണ് കൊണ്ടുവന്നിട്ടുള്ളത്. ഇതിലെ വ്യവസ്ഥയനുസരിച്ച് യൂണിവേഴ്സിറ്റിക്ക് അകത്തുള്ള ആളുകൾക്ക് മാത്രമേ രജിസ്ട്രാറാകാൻ പറ്റുകയുള്ളൂ. അപ്പോൾ പുറത്തുനിന്നുള്ള ഒരാൾക്ക് രജിസ്ട്രാറാകാനുള്ള ഒരു ഓപ്പണിംഗ് നഷ്ടപ്പെടുത്തുന്ന വിധത്തിൽ ഒരു നിയമം കൊണ്ടുവരുന്നത് ശരിയല്ല. കാരണം ഇതിനകത്തുള്ള ആളുകൾക്കുവേണ്ടി റിസർവ് ചെയ്യുന്നതുപോലെയാണ് ഈ നിയമത്തിൽ ചൂണ്ടിക്കാണിച്ചിട്ടുള്ളത്.

അതുപോലെ ക്ലോസ് 21-ൽ മാനേജുമെന്റ് കൗൺസിലിനെക്കുറിച്ചാണ് പറയുന്നത്. സെനറ്റിൽ എം.പി.-യെ ഉൾപ്പെടുത്തിയിട്ടുണ്ട്. എം.എൽ.എ.-യെ ഉൾപ്പെടുത്തിയിട്ടില്ല. അതുപോലെ സ്റ്റുഡന്റ്സ് റെപ്രസന്റേറ്റീവ്സും അദ്ധ്യാപകരുടെ പ്രതിനിധികളുമുണ്ട്. ഇതെല്ലാം ആനുപാതികമായ പ്രാതിനിധ്യമാക്കണം. നിയമസഭാ ഇലക്ടഡ് മെമ്പേഴ്സ് എന്നുള്ളത് രണ്ടുപേരാണ്. അതിൽ ഒരാൾ ഷെഡ്യൂൾഡ് കാസ്റ്റ് ആയിരിക്കണമെന്ന് പറഞ്ഞിട്ടുണ്ട്. ഇത് മൂന്നാക്കി ഉയർത്തിയാൽ മാത്രമേ നിയമസഭയുടെ ആനുപാതിക പ്രാതിനിധ്യം വരികയുള്ളൂ. മറ്റെല്ലാ സർവ്വകലാശാലകളിലേയ്ക്കും ഇതിൽ കൂടുതൽ സംവരണമുണ്ട്. ഇവിടെ രണ്ടുപേരായി നിശ്ചയിച്ചിരിക്കുകയാണ്. അതിലൊന്ന് റിസർവ്വ് ചെയ്ത് ഷെഡ്യൂൾഡ് കാസ്റ്റ് എന്നാക്കി വച്ചിരിക്കുകയാണ്. അതുപോലെ സ്റ്റാഫിന്റെയും വിദ്യാർത്ഥികളുടെയുമെല്ലാം പ്രാതിനിധ്യം ഒന്നാക്കി ചുരുക്കിയിരിക്കുകയാണ്. ഇതിന് ആനുപാതിക പ്രാതിനിധ്യം വരണമെങ്കിൽ ഒന്നിൽക്കൂടുതൽ റെപ്രസന്റേഷൻ ഉണ്ടാകേണ്ടതായിട്ടുണ്ട്. അതുപോലെ നിയമസഭയിൽനിന്ന് രണ്ടെണ്ണമുള്ളതിൽ ഒന്ന് എസ്.സി. റിസർവേഷനാണ്. അപ്പോൾ ആനുപാതിക പ്രാതിനിധ്യത്തിനുള്ള സാധ്യത ഉണ്ടാകുന്നില്ല. അതുകൊണ്ട് മൂന്നാക്കി ഉയർത്തുന്നത് അഭികാമ്യമായിരിക്കും. അതുപോലെ സ്റ്റുഡന്റ് റെപ്രസന്റേറ്റീവ് ഒന്ന് എന്നുള്ളത് രണ്ടാക്കി ഉയർത്തിയാൽ ആനുപാതിക പ്രാതിനിധ്യത്തിനുള്ള സാധ്യതയുണ്ടാകും. ബോർഡ് ഓഫ് മാനേജുമെന്റ്, സിൻഡിക്കേറ്റിൽ-ഒരു മെമ്പർ ലെജിസ്ലേറ്റീവ് അസംബ്ലി എന്നാണ് വച്ചിട്ടുള്ളത്. എങ്ങനെയാണ് എടുക്കുന്നതെന്ന് പറഞ്ഞിട്ടില്ല. ഒരാളെ സിൻഡിക്കേറ്റ് മെമ്പറാക്കി നിയമസഭയുടെ പ്രാതിനിധ്യം ചൂണ്ടിക്കാണിച്ചിട്ടുണ്ട്. പക്ഷേ ആ ഒരാളെ എങ്ങനെയാണ് സെലക്ട് ചെയ്യാൻ പോകുന്നത് എന്നുള്ളതിനെക്കുറിച്ച് വ്യക്തമായി രേഖപ്പെടുത്തണം. മറ്റൊരു കാര്യം ലോക്കൽ പഞ്ചായത്ത് പ്രസിഡന്റുണ്ട്. പക്ഷേ ലോക്കൽ എം.എൽ.എ.-യെ വച്ചിട്ടില്ല. ക്ലാസ്-24-ൽ പറഞ്ഞിരിക്കുന്നത് -ബോർഡ് ഓഫ് മാനേജുമെന്റിൽ ഇനി പറയുന്ന അംഗങ്ങൾ ഉണ്ടായിരിക്കുന്നതാണ് എന്നാണ്. ഇതിലെ പത്താമത്തെ ക്ലോസിൽ പറഞ്ഞിട്ടുള്ളത് തദ്ദേശ പഞ്ചായത്ത് പ്രസിഡന്റ് ഉണ്ട്, പക്ഷേ തദ്ദേശ എം.എൽ.എ. ഇതിനകത്ത് വന്നിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണഗതിയിൽ എല്ലാ നിയമത്തിലും, കൊച്ചി സർവ്വകലാശാല ഉൾപ്പെടെ ലോക്കൽ എം.എൽ.എ. മെമ്പറായിരിക്കും. പക്ഷേ ഇതിനകത്ത് ലോക്കൽ എം.എൽ.എ.-യെ ഒഴിവാക്കി ലോക്കൽ പഞ്ചായത്ത് പ്രസിഡന്റിനെയാണ് നിശ്ചയിച്ചിട്ടുള്ളത്. അതിന് മാറ്റം വരുത്തേണ്ടതാണ്. പഞ്ചായത്ത് പ്രസിഡന്റിനെ ഉൾപ്പെടുത്താം. പക്ഷേ ലോക്കൽ എംഎൽഎ.-യെക്കൂടി ഇതിൽ ഉൾപ്പെടുത്തണം.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, നിയമത്തിന്റെ ഭാഗമായി വരുന്ന ഇത്തരം കമ്മിറ്റികളിൽ സ്ത്രീകൾ ഉൾപ്പെടെ വരണമെന്ന് പറയുന്ന അഭിപ്രായം നല്ലതാണ്. യൂത്ത് കോൺഗ്രസ്സിന്റെ സംസ്ഥാന കമ്മിറ്റിയിൽ എസ്.സി.-യും വനിതയുമൊന്നുമില്ലാതെ പോയത് എന്തുകൊണ്ടാണ് എന്ന കാര്യംകൂടി വിശദീകരിക്കുമോ? ആകെ ആറുപേർ മാത്രമേ ഇതിനകത്തുള്ളൂ.

ശ്രീ. കെ. ബാബു : സർ, എസ്.സി.-യുണ്ട്. നിങ്ങളുടെ പോളിറ്റ് ബ്യൂറോയിൽ ഒരു വനിത വന്നത് എത്ര വർഷത്തിന് ശേഷമാണെന്ന കാര്യം മറക്കരുത്. സെക്രട്ടേറിയറ്റിലും ഒരു വനിത വന്നത് കഴിഞ്ഞ ഏതാനും വർഷങ്ങൾക്ക് മുമ്പാണ്. അതിനുമുമ്പ് നിങ്ങളുടെ പാർട്ടിയുടെ സംസ്ഥാന സെക്രട്ടേറിയറ്റിലോ പോളിറ്റ് ബ്യൂറോയിലോ ഒരു വനിത ഉണ്ടായിരുന്നില്ല. ശ്രീമതി വൃന്ദാ കാരാട്ട് കേന്ദ്ര കമ്മിറ്റി അംഗത്വം രാജിവച്ച കാര്യം ഓർമ്മയില്ലേ? അതിനുശേഷമാണല്ലോ അവരെ ഉൾപ്പെടുത്തിയത്. ഏതായാലും ഇത് നിങ്ങളുടെ പാർട്ടിയുടെ തെരഞ്ഞെടുപ്പ് പോലെയല്ല. മാർക്സിസ്റ്റ് പാർട്ടിയുടെ സെക്രട്ടറിയോ അല്ലെങ്കിൽ മറ്റാരെങ്കിലും ചുമതലപ്പെടുത്തുന്നതോ ആയ ഒരു പാനൽ അവതരിപ്പിച്ച് കയ്യടിച്ച് പാസ്സാക്കുന്നപോലെയോ ഉള്ള ഏർപ്പാടല്ലായിരുന്നു. ബൂത്തുതലം മുതൽ വളരെ ഡെമോക്രാറ്റിക്കായി തെരഞ്ഞെടുപ്പ് നടന്നതാണ്.

സഹകരണവും കയറും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ) : സർ, ഇവിടെ വെറ്ററിനറി സയൻസിന്റെ കാര്യം പറയുമ്പോൾ എന്തിനാണ് എ.ഐ.സി.സി. സമ്മേളനത്തെപ്പറ്റി പറയുന്നത്.

ശ്രീ. കെ. ബാബു : സർ, ഞാനല്ല ബഹുമാനപ്പെട്ട എം. പ്രകാശൻ മാസ്റ്ററാണ് ഇവിടെ ആ വിഷയം കൊണ്ടുവന്നത്. ഈ ചർച്ച ആവശ്യമില്ല. എന്നാലും ഞാൻ പറയുകയാണ്. നിങ്ങളുടെ പാർട്ടി തെരഞ്ഞെടുപ്പിനേക്കാൾ വ്യത്യസ്തമായി ബൂത്തുതലം മുതൽ വളരെ ഡെമോക്രാറ്റിക്കായി രഹസ്യ ബാലറ്റിലൂടെ വോട്ടിംഗ് നടത്തിയാണ് ശ്രീ. പി. സി. വിഷ്ണുനാഥ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടത്. അങ്ങനെയൊരു തെരഞ്ഞെടുപ്പിനെക്കുറിച്ച് സി.പി.എം.-നും ഡിവൈ.എഫ്.ഐ.-ക്കും ചിന്തിക്കാനേ സാദ്ധ്യമല്ല. ഡി.വൈ.എഫ്.ഐ.-യുടെ തെരഞ്ഞെടുപ്പിൽത്തന്നെ പാനൽ അവതരിപ്പിച്ചപ്പോൾ ശ്രീ. വി. എസ്. അച്ചുതാനന്ദൻ ഗ്രൂപ്പിനെ പൂർണ്ണമായും വെട്ടിനിരത്തിയില്ലേ?

ചെയർ പേഴ്സൺ : ബഹുമാനപ്പെട്ട അംഗം ബില്ലിലേക്ക് വരൂ. സമയം ഒരുപാടായി.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ബില്ലിലേക്ക് വന്നു. ബില്ലിലേക്ക് വന്നത് യുത്ത് കോൺഗ്രസ്സിലൂടെയാണെന്നേയുള്ളൂ. അതുകൊണ്ട് ഈ സർവ്വകലാശാല രൂപീകരിക്കുമ്പോൾ 271 കോടി രൂപയാണ് സഞ്ചിതനിധിയിൽനിന്ന് ചെലവാകുമെന്ന് പറഞ്ഞിട്ടുള്ളത്. ഒരു വർഷം ഒരു യൂണിവേഴ്സിറ്റിക്കും ഇത്രയധികം ഗ്രാന്റ് കൊടുക്കുന്നില്ല. ഇത് അഞ്ചായി ഡിവൈഡ് ചെയ്യുമ്പോൾ 70 കോടി രൂപ വേണ്ടിവരും. അതുകൊണ്ട് ഗവൺമെന്റിന്റെ ഗ്രാന്റിനെമാത്രം ആശ്രയിച്ച് ഈ സർവ്വകലാശാലയ്ക്ക് മുന്നോട്ടുപോകാൻ സാധ്യമല്ല. പിന്നെ എങ്ങനെ വരുമാനമുണ്ടാക്കും എന്നുള്ളതിനെക്കുറിച്ച് മന്ത്രി വ്യക്തമാക്കണം. വി.സി. നിയമനം, രജിസ്ട്രാർ നിയമനം, സെനറ്റ്, സിൻഡിക്കേറ്റ് അംഗങ്ങളുടെ തെരഞ്ഞെടുപ്പ് ഇതെല്ലാം മറ്റ് സർവ്വകലാശാലകളിൽ സ്വീകരിക്കുന്നതുപോലെ കുറച്ചുകൂടി ആനുപാതിക പ്രാതിനിധ്യം ലഭിക്കത്തക്ക വിധത്തിലും ഇതിന്റെ വൈസ് ചാൻസലർമാരെ നിയമിക്കുമ്പോൾ അക്കാഡമിക് കോമ്പിറ്റൻസിയുള്ള ആളുകൾ വരത്തക്ക വിധത്തിലും നിയമിക്കണമെന്നാണ് സൂചിപ്പിക്കാനുള്ളത്. മറ്റ് സർവ്വകലാശാലകളെക്കുറിച്ചെല്ലാം ധാരാളം പറയാനുണ്ട്. അത് ഈ സന്ദർഭത്തിൽ പറയുന്നില്ല. കാരണം നമ്മുടെ സർവ്വകലാശാലകളിൽ ധാരാളം ഗവേഷണങ്ങൾ നടക്കുന്നുവെന്നാണ് പറഞ്ഞത്. പക്ഷേ സർവ്വകലാശാലകളിൽ വ്യാപകമായ ക്രമക്കേടുകൾ മാത്രമാണ് നടന്നുകൊണ്ടിരിക്കുന്നത്. ഇപ്പോൾ കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനം, ഹൈക്കോടതി ഏറ്റവും ഒടുവിൽ നടത്തിയ പരാമർശമുൾപ്പെടെ, സർവ്വകലാശാലകൾ ഗവേഷണ കേന്ദ്രങ്ങളാക്കി മാറ്റുന്നതിനുപകരം അവിടെ എങ്ങനെ സ്വന്തം ആളുകളെ, സ്വന്തം പാർട്ടിക്കാരെ കുത്തിത്തിരുകാമെന്നുള്ള ഗവേഷണമാണ് കൂടുതലായി നടക്കുന്നത്. കേരള സർവ്വകലാശാലയിലെ അസിസ്റ്റന്റ് നിയമനം കേരളത്തിനാകെ അപമാനമാണ്. ഈ സർവ്വകലാശാലയുടെ നിയമനങ്ങളിലും അത്തരം ദുർഗന്ധം വമിക്കുന്ന അഴിമതിക്കുള്ള അവസരമാക്കി മാറ്റരുതെന്ന് ചൂണ്ടിക്കാണിച്ചുകൊണ്ട് എന്റെ നിരാകരണപ്രമേയം ഞാൻ അവതരിപ്പിച്ചതായി അറിയിക്കുന്നു.

ശ്രീ. സി. പി. മുഹമ്മദ് : സർ, ഞാൻ ഈ നിരാകരണപ്രമേയത്തെ പിന്താങ്ങുന്നു. ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ലിന് കാരണമായ സംഗതികളെ സംബന്ധിച്ച് വിശദമായി സംസാരിച്ചു. പൊതുവേ രാജ്യത്തെ ജനങ്ങൾ മുട്ടയും പാലും ഇറച്ചിയും കഴിക്കണമെന്ന് ആഗ്രഹമുള്ള ഒരാളാണ് മന്ത്രി. അതുകൊണ്ട് കേരളത്തിൽ ഇറച്ചിയും മുട്ടയും പാലുമൊക്കെ വളരെയധികം ഉൽപ്പാദിപ്പിച്ച് കേരള സംസ്ഥാനം സമ്പൽസമൃദ്ധമാക്കണമെന്നുള്ള അങ്ങയുടെ ആഗ്രഹത്തെ ഞാൻ ചോദ്യം ചെയ്യുന്നില്ല. കേരളത്തിലെ സർവ്വകലാശാലകളുടെ എണ്ണത്തിൽ അനുസ്യൂതമായ വർദ്ധനവ് ഉണ്ടായിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഇങ്ങനെയൊരു സർവ്വകലാശാലയ്ക്ക് പ്രസക്തിയുണ്ടോയെന്ന് ആലോചിക്കണം. ആയിരക്കണക്കിന് സംവത്സരങ്ങളുടെ സംസ്കാരത്തിൽ മനുഷ്യന്റെ ആദിമ തൊഴിലായ കാലിവളർത്തൽ ആധുനിക യുഗത്തിലെത്തി നിൽക്കുമ്പോൾ അവരുടെ ഏറ്റവും വലിയ സാമ്പത്തിക സ്രോതസ്സ് മൃഗപരിപാലനവും മൃഗങ്ങളെ വളർത്തലുമാണ്. പുരാണങ്ങളും ഇതിഹാസങ്ങളുമെടുത്ത് നോക്കിയാൽ ഭഗവാൻ ശ്രീകൃഷ്ണൻ ഗോപപാലകനായിരുന്നുവെങ്കിൽ മുഹമ്മദ് നബി ആട്ടിടയനായിരുന്നു. യേശുക്രിസ്തു ജനിച്ചതുതന്നെ കാലിത്തൊഴുത്തിലാണ്. എന്നാൽ ഒരു സർവ്വകലാശാലയില്ലാതെതന്നെ ഈ രംഗത്ത് അത്ഭുതങ്ങളുണ്ടാക്കാൻ

നമുക്ക് സാധിക്കും. ഏക്കർ കണക്കിന് തെങ്ങിൻതോപ്പുള്ള കേരളത്തിൽ തേങ്ങയിടാൻ ആളെക്കിട്ടാത്ത കാലമാണ്. പുൽമേടുകളും കൃഷി സ്ഥലങ്ങളും അന്യാധീനപ്പെട്ടുകൊണ്ടിരിക്കുന്നു. അനുദിനം നഗരവത്ക്കരിക്കപ്പെട്ടു കൊണ്ടിരിക്കുന്ന കേരളത്തിന്റെ സാമൂഹ്യാവസ്ഥയിൽ കന്നുകാലി വളർത്തുന്നതിനും അവ പരിപോഷിപ്പിക്കുന്നതിനും പാലുൽപ്പാദിപ്പിക്കുന്നതിനും ഇന്ന് നിലവിലുള്ള സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തിക്കൊണ്ടുതന്നെ മാറ്റങ്ങളുണ്ടാക്കാൻ സാധിക്കും. കേരളത്തിലെ സർവ്വകലാശാലകൾ ഓരോ ദിവസവും ഇന്ന് രാഷ്ട്രീയവത്ക്കരിക്കപ്പെട്ടുകൊണ്ടിരിക്കുകയാണ്. ഇന്ത്യയുടെ മഹാനായ പ്രധാനമന്ത്രി പണ്ഡിറ്റ് ജവഹർലാൽ നെഹ്രു സർ വിശ്വേശ്വരയ്യയെ കാണാൻ അങ്ങോട്ടുപോയ കാലമുണ്ടായിരുന്നു. ജവഹർലാൽ നെഹ്രു കേവലമൊരു പ്രധാനമന്ത്രിയായിരുന്നില്ല. ഒരു പാശ്ചാത്യ ചിന്തകൻ പറഞ്ഞത് ഇന്ത്യയുടെ പ്രധാനമന്ത്രിയല്ലായിരുന്നു ജവഹർലാൽ നെഹ്രുവെങ്കിൽ ലോകം കണ്ട ഏറ്റവും മഹാനായ സാഹിത്യകാരനാകുമായിരുന്നുവെന്നാണ്. അദ്ദേഹത്തിന്റെ വിശ്വചരിത്രാവലോകനവും ഇന്ത്യയെ കണ്ടെത്തലുമൊക്കെ അത് തെളിയിക്കുകയും ചെയ്തു.

അങ്ങനെയുള്ള ജവഹർലാൽ നെഹ്റു ഒരു പണ്ഡിതനെ കാണാൻ അങ്ങോട്ടു പോയി. കേരളത്തിന്റെ പ്രഥമ മുഖ്യമന്ത്രിയായ ഇ.എം.എസ്. നമ്പൂതിരിപ്പാടിന്റെ പാണ്ഡിത്യത്തെ ആരും ചോദ്യം ചെയ്യുകയില്ല. ഒരുപാട് പുസ്തകങ്ങളുടെ കർത്താവായ ഏലംകുളം മനയ്ക്കലെ നാലുകെട്ടിന്റെ നടുമുറ്റത്ത് വേദമന്ത്ര ഇതിഹാസങ്ങൾ കേട്ട് വളർന്ന ഒരു നമ്പൂതിരി ബാലൻ വിപ്ലവകാരികളുടെ നേതാവായി. പാണ്ഡിത്യത്തിൽ പ്രത്യേകിച്ചും മാർക്സിസ്റ്റ് ശാസ്ത്രത്തിലും മാർക്സിസ്റ്റ് സൗന്ദര്യ ശാസ്ത്രത്തിലുമൊക്കെ ലോകം അറിയപ്പെടുന്ന പണ്ഡിതനായ ഇ.എം.എസ്., പ്രൊഫസർ സാമുവൽ മത്തായിയെ കാണാൻ അങ്ങോട്ടു പോയി. എന്നാൽ ഞാൻ പറയുന്നു കേരളത്തിൽ ഇന്ന് നിലനിൽക്കുന്ന ഏതെങ്കിലും ഒരു യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലറെ കാണാൻ ഇവിടെ ഭരിക്കുന്ന മുഖ്യമന്ത്രിക്കോ മന്ത്രിക്കോ തോന്നുമോ? കാരണം വൈസ് ചാൻസലറാകാൻ വേണ്ടി മന്ത്രിമാരുടെ മാത്രമല്ല, മൂന്നാംകിട രാഷ്ട്രീയക്കാരുടെ പിന്നാലെ ശിപാർശയുമായി നടക്കുന്നവരാണ് നിർഭാഗ്യവശാൽ നമ്മുടെ യൂണിവേഴ്സിറ്റികളിലെ വൈസ് ചാൻസലർമാരായി വരുന്നത് എന്നുള്ളതാണ് യാഥാർത്ഥ്യം. കേരളീയനായ കുര്യൻ ആനന്ദ് മിൽക്ക് മാർക്കറ്റിംഗ് സൊസൈറ്റി ആരംഭിച്ച് ഗുജറാത്തിനെ പാലുൽപ്പാദനത്തിൽ ലോകപ്രശസ്തമാക്കാൻ സാധിച്ചു. അതുകൊണ്ട് സർവ്വകലാശാലയല്ല പ്രശ്നം. ഇവിടെ ശ്രീ. ബാബു ചൂണ്ടിക്കാണിച്ചതു-പോലെ ഒരു സർവ്വകലാശാലയുടെ മൗലികമായ ധർമ്മം എന്നു പറയുന്നത് ഗവേഷണമാണ്. നമ്മുടെ രാജ്യത്ത് ഏറെ കൊട്ടിഘോഷിക്കപ്പെട്ട കാർഷിക സർവ്വകലാശാലയുണ്ട്. ആ കാർഷിക സർവ്വകലാശാലയിലെ നെല്ല് ഗവേഷണ കേന്ദ്രം എന്റെ നിയോജക മണ്ഡലമായ പട്ടാമ്പിയിലാണ് സ്ഥിതി ചെയ്യുന്നത്. പട്ടാമ്പി നെല്ല് ഗവേഷണ കേന്ദ്രത്തിൽനിന്നും ഫിലിപ്പൈൻസിലേക്കു-പോലും വിത്തുകൾ കൊണ്ടുപോയിരുന്നു. ഞാൻ പട്ടാമ്പി കോളേജിൽ

LIBRARY ARCHIVES Kerala Legislative Assembly

പഠിക്കുന്ന സമയത്താണ് അവിടെ കനകജൂബിലി ആഘോഷിച്ചത്. അന്ന് ഡോ. സ്വാമിനാഥൻ, അനേകം നെൽ വിത്തുകൾ കണ്ടുപിടിച്ച ഡോ. ആർ. ഗോപാലകൃഷ്ണൻ അടക്കമുള്ള ലോക പ്രശസ്തരായ എത്രയോ സയന്റിസ്റ്റുകളും മുൻപ് ആ സെന്ററിൽ ഉണ്ടായിരുന്നവരും പുറത്തുനിന്നും വന്നവരും ഒരുമിച്ചിരുന്നു. യൂണിവേഴിസിറ്റിയായതിനുശേഷം പട്ടാമ്പിയിലെ നെല്ല് ഗവേഷണ കേന്ദ്രം മന്ദീഭവിക്കപ്പെട്ടിരിക്കുകയാണ്. അവിടെ ഒരു ഗവേഷണവും നടക്കുന്നില്ല. അവിടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവിന്റെ ഉപകാരം പോലുമില്ല. ഇതാണ് എല്ലാ ഗവേഷണ കേന്ദ്രങ്ങളുടേയും സ്ഥിതി. ഡിപ്പാർട്ടുമെന്റുകളുടെ കീഴിലായിരിക്കുമ്പോൾ ഉണ്ടായിരുന്ന പ്രവർത്തന സൗകര്യമോ ഫണ്ടോ അല്ലെങ്കിൽ അവിടെ നടക്കുന്ന ഫലപ്രദമായ ഗവേഷണങ്ങളോ യൂണിവേഴ്സിറ്റിയായതിനുശേഷം ഇല്ല എന്നുള്ളതാണ് വാസ്തവം. എന്തുകൊണ്ടാണിത്? ഒരു യൂണിവേഴ്സിറ്റിക്ക് കോടിക്കണക്കിന് രൂപയുടെ എസ്റ്റാബ്ലിഷ്മെന്റ് ചെലവ് വരും. അങ്ങ് ഇവിടെ പറഞ്ഞു. വെറ്ററിനറി യൂണിവേഴ്സിറ്റി പ്രത്യുൽപ്പാദനപരമായ യൂണിവേഴ്സിറ്റിയായിരിക്കും അതിന്റെ ഫണ്ട് അവിടെനിന്നും കണ്ടെത്തുമെന്ന്. കാർഷിക സർവ്വകലാശാലകൊണ്ട് കേരളത്തിലെ നെൽകൃഷി രംഗത്ത് എന്ത് പുരോഗതിയുണ്ടായിയെന്ന് നാം ആലോചിക്കണം. അങ്ങ് അപ്പുറത്തും ഞാൻ ഇപ്പുറത്തും ആയതുകൊണ്ട് പറയുന്നതല്ല. സംസ്ഥാനത്ത് നെൽകൃഷി ഏറ്റവുമധികം മോശമായത് കാർഷിക സർവ്വകലാശാല വന്നതിനുശേഷമാണ്. കാർഷിക സർവ്വകലാശാല വന്നു എന്നതുകൊണ്ടു മാത്രമാണ് നെൽകൃഷി മോശമായത് എന്ന അഭിപ്രായം എനിക്കില്ല. പക്ഷേ കൃഷിയോടുള്ള മലയാളിയുടെ മനോഭാവത്തിൽ പ്രകടമായ മാറ്റം വരുകയും കൃഷിയെ ആദായകരമായി ഒരു വ്യവസായം പോലെ ലാഭകരമാക്കാൻ നടത്തിയ ശ്രമങ്ങൾ പരാജയപ്പെടുകയും അനുദിനം കൃഷിഭൂമി വ്യവസായ ആവശ്യങ്ങൾക്കും പട്ടണങ്ങളിൽ കെട്ടിടം നിർമ്മിക്കുന്നതിനുമൊക്കെ ഉപയോഗിക്കുകയും ചെയ്തു. നമ്മൾ ഏറെ കൊട്ടിഘോഷിച്ച നെൽവയൽ നീർത്തട സംരക്ഷണ ബിൽ ഇവിടെ അവതരിപ്പിക്കുകയുണ്ടായി. ഞാൻ അതിന്റെ സെലക്ട് കമ്മിറ്റിയിലെ അംഗമായിരുന്നു. പക്ഷേ ആ ബിൽ നിയമമായതിനുശേഷം കേരളത്തിലെ സാഹചര്യം എടുത്ത് പരിശോധിച്ചാൽ അനേകായിരം ഏക്കർ നെൽകൃഷി ചെയ്യുന്ന സ്ഥലം ഇപ്പോഴും നികത്തിക്കൊണ്ടിരിക്കുന്നു എന്നതാണ് വാസ്തവം. അത് ചിലപ്പോൾ ഗവൺമെന്റ് ആവശ്യത്തിനാകാം. അതല്ലെങ്കിൽ മറ്റ് വ്യവസായ ആവശ്യങ്ങൾക്കാകാം. അങ്ങനെ ഉപയോഗപ്പെടുത്തുന്നു എന്നുള്ളതാണ് വാസ്തവം. ഇവിടെ കോടിക്കണക്കിന് രൂപ ചെലവഴിച്ച് ഒരു യൂണിവേഴ്സിറ്റിയുണ്ടാക്കി. ആ യൂണിവേഴ്സിറ്റികൊണ്ട് ഇവിടെ ക്ഷീരോൽപ്പാദനവും കന്നുകാലി വളർത്തലും പരിപോഷിപ്പിക്കപ്പെടും എന്ന് കരുതുന്നത് വ്യാമോഹം മാത്രമാണ്. ഇവിടെ അഭ്യസ്തവിദ്യരായ ചെറുപ്പക്കാർ കൃഷിയിലേക്കും കന്നുകാലി വളർത്തലിലേക്കും പോകുന്നില്ല. സ്കൂളിൽ കോഴിമുട്ട കൊടുക്കുന്നതിലൂടെ നാമമാത്രമായ കുട്ടികൾ അല്ലെങ്കിൽ ലക്ഷക്കണക്കിന് കുട്ടികൾ ഇവിടെ മുട്ട ഉൽപ്പാദനത്തിന് സഹായിച്ചാലും സ്ത്രീകളിൽ ചിലർ പശു വളർത്തലിൽ ഏർപ്പെട്ടാലും ഒരു യൂണിവേഴ്സിറ്റിയില്ലാതെ തന്നെ ഈ വക കാര്യങ്ങൾ മുന്നോട്ടു കൊണ്ടു-

LIBRARY ARCHIVES Kerala Legislative Assembly

പോകാൻ സാധിക്കും. അതിന് ഇച്ഛാശക്തിയുള്ള ഡിപ്പാർട്ടുമെന്റും ഗവൺമെന്റും വേണം. ഇവിടെ മൂന്ന് കോളേജുകളാണ് ഈ നിർദ്ദിഷ്ട യൂണിവേഴ്സിറ്റിയുടെ കീഴിലുള്ളത്. നമ്മുടെ നാട്ടിൽ ഒരു ആർട്സ് ആന്റ് സയൻസ് കോളേജിലും ഒരു എഞ്ചിനീയറിംഗ് കോളേജിലും രണ്ടായിരത്തോളം കുട്ടികൾ കാണും. ഈ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മൂന്ന് കോളേജുകളിലുമായി 750 വിദ്യാർത്ഥികളാണ് പഠിക്കുന്നത്. മിനിമം അഞ്ച് കോളേജുകളെങ്കിലും ഒരു സർവ്വകലാശാലയിൽ വേണമെന്നാണ് യു.ജി.സി. നിബന്ധന വച്ചിട്ടുള്ളത്. പക്ഷേ 250 കുട്ടികൾക്ക് മാത്രം ഒരു വർഷം പ്രവേശനം കൊടുക്കുന്ന മൂന്ന് കോളേജുകളുള്ള ഒരു സർവ്വകലാശാല എന്നുപറഞ്ഞാൽ അത് ഒരു വലിയ വ്യയമാണ് എന്നുള്ള കാര്യത്തിൽ ഒരു സംശയവുമില്ല. ഇപ്പോൾ അതിന്റെ വൈസ് ചാൻസലറെ നിയമിച്ചു. ഞാൻ ഐ.എ.എസ്.-കാർക്ക് എതിരല്ല. അതിൽ ബുദ്ധിജീവികളും പാണ്ഡിത്യമുള്ളവരുമൊക്കെയുണ്ട്. ശ്രീ. അശോക് വെറ്ററിനറി സയൻസിൽ ബിരുദമുള്ള ആളാണെന്ന് ഞാൻ കരുതുന്നു. പക്ഷേ യു.ജി.സി.-യുടെ നിർദ്ദേശം പത്തു കൊല്ലമെങ്കിലും അദ്ധ്യാപക ജോലിയിൽ പരിചയം വേണം, ഗവേഷണം നടത്തിയ ആളായിരിക്കണം എന്നാണ്. ശ്രീ. അശോകിന് അതൊന്നുമില്ല. അദ്ദേഹത്തെ അവിടെ നിയമിച്ചു. ഇപ്പോൾ ശ്രീ. കെ. ആർ വിശ്വംഭരനെ ഫിഷറീസ് സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കാൻ നീക്കം നടത്തുന്നു. മുഖ്യമന്ത്രിയുടെ വിശ്വസ്തനായ ശ്രീ. പത്തിയൂർ ഗോപിനാഥിന് വൈസ് ചാൻസലർ സ്ഥാനം കൊടുക്കണമെന്നുള്ള ആഗ്രഹം നിഷേധിച്ചുകൊണ്ടാണ് ശ്രീ. കെ. ആർ വിശ്വംഭരനെ വൈസ് ചാൻസലർ ആക്കിയത്. ഇനിയും രണ്ടു മൂന്ന് വർഷം ബാക്കിനിൽക്കെ ഐ.എ.എസ്.കാരനായ ശ്രീ. കെ. ആർ വിശ്വംഭരനെ ഫിഷറീസ് സർവ്വകലാശാലയുടെ വൈസ് ചാൻസലറാക്കി. കാർഷിക സർവ്വകലാശാലയിൽ ഒരു പുതിയ ഐ.എ.എസ്.-കാരനെ നിയമിക്കുവാനാണ് ഗവൺമെന്റ് ആഗ്രഹിക്കുന്നത്. ഫിഷറീസ് സർവ്വകലാശാലയായാലും കാർഷിക സർവ്വകലാശാലയായാലും ഏത് രംഗത്തുള്ള സർവ്വകലാശാലയായാലും ഒരു യൂണിവേഴ്സിറ്റിയുടെ പരമമായ ധർമ്മം നടക്കുന്നില്ല എന്നുള്ളത് ദൗർഭാഗ്യകരമാണ്. അതുപോലെ മെഡിക്കൽ സർവ്വകലാശാല ആരംഭിച്ചു. രാവിലെ ഞാൻ മലയാളം സർവ്വകലാശാലയുടെ കാര്യം സബ്മിഷനിലൂടെ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയപ്പോൾ ആടിനും കോഴിക്കും താറാവിനുമൊക്കെ സർവ്വകലാശാല വേണ്ടേ എന്ന് അങ്ങ് ചോദിച്ചു. സർവ്വകലാശാലകൾ സ്ഥാപിക്കുന്നതിന് ഞാൻ എതിരല്ല. പക്ഷേ ആടിനും കോഴിക്കും താറാവിനുമൊക്കെ സർവ്വകലാശാലകളുണ്ടാക്കി അനേകം കോടി രൂപ ചെലവു വരുന്ന ഈ സർവ്വകലാശാലയിൽ 250 ജീവനക്കാരുടെ ആവശ്യമില്ല. അതുപോലെയാണോ മലയാളം സർവ്വകലാശാല? എന്റെ സബ്ജക്ട് അതല്ലാത്തതുകൊണ്ട് ഞാൻ അതിലേക്ക് കടക്കുന്നില്ല. ഇൻഡ്യയിലെ എല്ലാ സംസ്ഥാനങ്ങളിലും അവിടത്തെ സർക്കാരും ജനങ്ങളും അവരുടെ ഭാഷയ്ക്ക് സർവ്വകലാശാല

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

സാധിതമാക്കിയപ്പോൾ ഇവിടെ ഫിഷറീസ് സർവ്വകലാശാലയും മെഡിക്കൽ സർവ്വകലാശാലയും ആരംഭിച്ചു. പൂക്കോട് വെറ്ററിനറി സർവ്വകലാശാല ആരംഭിക്കുന്നു. ആ അർത്ഥത്തിലാണ് ഞാൻ പറയുന്നത്. മെഡിക്കൽ സർവ്വകലാശാല ഇനിയും പരിപൂർണ്ണമായി യാഥാർത്ഥ്യമായില്ല. അഹമ്മദാബാദ് ഐ. ഐ. എം.-ലെ ഡോ വിജയ് പോൾ ശർമ്മയാണ് വെറ്ററിനറി സർവ്വകലാശാലയുടെ ആദ്യ രൂപരേഖ തയ്യാറാക്കിയത്. തുടർന്ന് സംസ്ഥാന മൃഗ സംരക്ഷണ വകുപ്പ് ഡയറക്ടർ 2007-ൽ കരട് ബിൽ സമർപ്പിച്ചു. ആദ്യം ധനകാര്യ വകുപ്പ് അതിനെ എതിർക്കുകയാണ് ചെയ്തത്. ഗവർണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ ഈ സർവ്വകലാശാലയെക്കുറിച്ച് പറയുന്നില്ല. ബഡ്ജറ്റിൽ ഇതിന് പ്രൊവിഷനില്ല. മണ്ണുത്തി വെറ്ററിനറി ഡയറി സയൻസ് കോളേജും പൂക്കോട് കോളേജും മാത്രമേ സർവ്വകലാശാലയിലുള്ളു. ഒരു കൊല്ലം മൂന്നു കോളേജുകളിലുംകൂടി 200 അഡ്മിഷനാണുള്ളത്. എന്നാൽ 250 അദ്ധ്യാപകരടക്കം ഒരുപാട് ജീവനക്കാരുണ്ട്. ഇതുസംബന്ധിച്ച് ആസൂത്രണ ബോർഡിന്റെ അഭിപ്രായമാരാഞ്ഞപ്പോൾ വകുപ്പ് സെക്രട്ടറിമാരും പ്ലാനിംഗ് ബോർഡ് പ്രതിനിധികളും ഉൾപ്പെടുന്ന സമിതി പരിശോധിക്കണമെന്ന് വൈസ് ചെയർമാൻ പ്രഭാത് പട്നായിക് ആവശ്യപ്പെടുകയുണ്ടായി. തുടർന്ന് ആസൂത്രണ ബോർഡ് തന്നെ പഠനം നടത്തി റിപ്പോർട്ട് നൽകണമെന്ന് പറഞ്ഞു. ഉദ്ദേശ കാരണങ്ങളുടെ വിവരണത്തിൽ മൃഗസംരക്ഷണ മേഖലയിലെ വാർഷിക വർദ്ധിത വളർച്ചാ നിരക്ക് 5 ശതമാനവും പന്നി, ആട്, കോഴി, താറാവ്, ടർക്കി കോഴി, മുയൽ, ലൈവ്സ്റ്റോക്ക് മാനേജുമെന്റ് തുടങ്ങിയവ വ്യാവസായികമായി പ്രയോജനപ്പെടുത്താവുന്ന മേഖലയാണ് എന്നും പറയുന്നു. ഇത്രയും വലിയ ഒരു വ്യയം ഉണ്ടാക്കി ഒരു സർവ്വകലാശാല സ്ഥാപിച്ചതു കൊണ്ട് ഒന്നോ രണ്ടോ മൂന്നോ കൊല്ലംകൊണ്ട് എന്തു നേട്ടമാണ് ഉണ്ടാകാൻ പോകുന്നത്? ചെലവ് വരില്ല എന്ന് പ്രസംഗത്തിൽ മന്ത്രി പറയുകയല്ലാതെ അതിന് അടിസ്ഥാനപരമായ ഒരു കണക്കുമില്ല. ഇപ്പോൾതന്നെ മൃഗസംരക്ഷ വകുപ്പ്, ക്ഷീര വകുപ്പ്, മിൽമ, കെ.എൽ.ഡി. ബോർഡ്, മീറ്റ്പ്രോഡക്ട്സ് ഓഫ് ഇൻഡ്യ, പൗൾട്രി വികസന കോർപ്പറേഷൻ തുടങ്ങിയ ഒരുപാട് സ്ഥാപനങ്ങൾ നമുക്കുണ്ട്. ഗവർണർ ചാൻസലർ എന്ന നിലയിലും മന്ത്രിമാർ പ്രോ-ചാൻസിലർ എന്ന നിലയിലും ഭരണത്തിൽ നേരിട്ട് ഇടപെടരുത് എന്ന് സർവ്വകലാശാലകളുടെ നിയമ പരിഷ്കരണ കമ്മിറ്റി റിപ്പോർട്ട് നൽകിയ കാലമാണിത്. അത് പിന്നീട് അവർ ഭേദഗതി ചെയ്തു എന്നറിയാം. ബഹുമാനപ്പെട്ട മന്ത്രിക്ക് ഉന്നത വിദ്യാഭ്യാസ കൗൺസിൽവഴി ആവശ്യമായ നിർദ്ദേശം നൽകാനുള്ള അവസരം വേണമെന്നായിരുന്നു അവർ ആദ്യം നിർദ്ദേശിച്ചിരുന്നത്. കാൺപൂർ ഐ.ഐ.റ്റി.-യിലെ ഡോ. അനന്തകൃഷ്ണൻ ചെയർമാനായ സമിതി റിപ്പോർട്ടിലാണ് ഇത് പറഞ്ഞത്. പക്ഷേ എതിർപ്പിനെ തുടർന്ന് അവർ പിൻവലിച്ചുവെങ്കിലും അവർ പറഞ്ഞ ഒരുപാട് നിർദ്ദേശങ്ങൾ ഈ പുതിയ സർവ്വകലാശാലയ്ക്കും ബാധകമാണ്. സംസ്ഥാനത്ത് ഒരു യു.ജി.സി. വേണമെന്ന് ആ സമിതി നിർദ്ദേശിച്ചിട്ടുണ്ട്.

1.00 PM.]

പ്രവേശനം ഏകജാലകംവഴി വേണമെന്നും അദ്ധ്യാപകരെക്കുറിച്ച് വിദ്യാർത്ഥികൾ വിലയിരുത്തണമെന്നും കോളേജുകൾക്ക് പ്രാദേശിക ഭരണസമിതി വേണമെന്നും അവർ നിർദ്ദേശിച്ചിട്ടുണ്ട്. സിൻഡിക്കേറ്റിൽ 15-ഉം സെനറ്റിൽ 60-ഉം അംഗങ്ങളുണ്ടാകണമെന്നും ആ സെനറ്റ് തന്നെ ഉപദേശക സഭാവമുള്ളതാകണമെന്നും അവർ ആവശ്യപ്പെട്ടിട്ടുണ്ട്. എന്നാൽ ഇതെല്ലാം മറികടന്നുകൊണ്ട് ഐ.എ.എസ്. അധിനിവേശമാണ് എല്ലാ സർവ്വകലാശാലകളിലും ഇന്ന് നടത്താൻ പോകുന്നത് എന്നതിൽ ദുഃഖമുണ്ട്. യു.ജി.സി. മാനദണ്ഡം പാലിക്കുന്നില്ല എന്ന കാരണം പറഞ്ഞ് കാർഷിക സർവ്വകലാശാലാ വി.സി. നിയമനം സംബന്ധിച്ച ഫയൽ ഗവർണർ മടക്കിയയച്ച സംഭവം സംസ്ഥാനത്ത് ഉണ്ടായിട്ടുണ്ട്. അക്കാദമിക് നിലവാരം പുലർത്തുന്നവരെ, ഭരണരംഗങ്ങളിൽ മികവ് പുലർത്തുന്നവരെ വി.സി-യാക്കണമെന്നും അവർ ശാസ്ത്രജ്ഞന്മാരായിരിക്കണമെന്നും യു.ജി.സി. വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. വി.സി. നിയമനങ്ങളിൽ മാനദണ്ഡം നിർബന്ധമാണെന്ന് മാനവവിഭവശേഷി മന്ത്രാലയം നിർദ്ദേശിക്കുകയും യു.ജി.സി.-യുടെ പുതുക്കിയ മാനദണ്ഡം സംസ്ഥാനത്ത് സെപ്റ്റംബർ 18 മുതൽ മുൻകാല പ്രാബല്യത്തോടെ നടപ്പിലാക്കാൻ തീരുമാനിച്ചിരിക്കുകയും ചെയ്തിരിക്കുന്ന സാഹചര്യത്തിലാണ് ഈ ഐ.എ.എസ്.-കാരെ നിയമിച്ചിട്ടുള്ളത്. ഈ നിയമം കാർഷിക സർവ്വകലാശാലയുടെ ഒരു ഫോട്ടോകോപ്പി പോലെയാണ്. പുതിയ ഗവേഷണ കേന്ദ്രങ്ങളോ അടിസ്ഥാന സൗകര്യങ്ങളോ ആരംഭിക്കാതെ കാർഷിക യൂണിവേഴ്സിറ്റിയുടെ സ്ഥാവരജംഗമ വസ്തുക്കൾ ഉപയോഗിച്ച് അവിഹിതമായി നിയമനം നടത്താനുള്ള ഒരു വെള്ളാനയാണ് പുതിയ യൂണിവേഴ്സിറ്റി എന്ന് ഞാൻ പറയുകയാണ്. മുന്നണിയിലെ വല്യേട്ടൻ നാളികേരം ഉടച്ചപ്പോൾ അങ്ങയുടെ പാർട്ടിക്ക് ചിരട്ട ഉടയ്ക്കണം എന്ന് തോന്നിയതുകൊണ്ടാണ് ഇത്തരത്തിലുള്ള ഒരു യൂണിവേഴ്സിറ്റി. അല്ലാതെ ഇവിടെ പാൽ ഉൽപ്പാദനത്തിനോ മൃഗപരിപാലനത്തിനോ ഒന്നും ഇതുകൊണ്ട് ഗുണമുണ്ടെന്ന് കരുതുന്നില്ല. നമ്മുടെ രാജ്യത്ത് ക്ഷീരോല്പാദനവും കന്നുകാലി പരിപാലനവും പരിപോഷിപ്പിക്കണമെങ്കിൽ ജനങ്ങളിൽ അടിസ്ഥാനപരമായ മാറ്റം വേണം. ആ മാറ്റം ഇല്ലാത്തിടത്തോളം കാലം ഒരു രക്ഷയുമില്ല. ഈ ഭൂമിയിലെ പച്ചപ്പിന്റെ അവസാനത്തെ നാമ്പുവരെ നശിപ്പിക്കുന്ന കീടനാശിനി പ്രയോഗവും വാണിജ്യവൽക്കരണവും നഗരവൽക്കരണവുമെല്ലാം ഇത്തരത്തിലുള്ള യൂണിവേഴ്സിറ്റിയല്ല ഇതിനെക്കാളും വലിയ സംവേദങ്ങൾ രാജ്യത്തുണ്ടായാലും ക്ഷീര ഉല്പാദനവും മൃഗ പരിപാലനവും വർദ്ധിപ്പിക്കാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. അങ്ങാടി പശുക്കളും തെരുവ് നായ്ക്കളും വർദ്ധിക്കുകയും കേരളത്തിൽ പഴയതുപോലെ ദേശാടനക്കിളികൾ വഴിതെറ്റി പോലും എത്താതിരിക്കുകയും ചീഞ്ഞളിഞ്ഞ മാലിന്യങ്ങൾ മൃഷ്ടാന്നഭോജനമായി കരുതുന്ന കഴുകന്മാരുടെ സ്വർഗ്ഗമായി ഈ കേരളം മാറുകയും കൊമ്പ് ചുവന്ന അറവ് മൃഗങ്ങൾ ലോഡ് കണക്കിന് മാംസാഹാരമായി കേരളത്തിൽ എത്തുകയും ചെയ്യുന്നു. എൻഡോസൾഫാന്റെ വിഷം പല ജില്ലകളിലും ഉള്ള പച്ചപ്പുകളെ നശിപ്പിക്കുകയും മൃഗങ്ങളുടെ

LIBRARY ARCHIVES Kerala Legislative Assembly

എല്ലാവിധ ജീവിതപരമായ മുന്നോട്ടുള്ള പോക്കിനേയും തടസ്സപ്പെടുത്തുകയും ചെയ്യുകയാണ്. ഈ ഭരണം അവസാനിക്കുന്ന കാലത്ത് ബഹുമാനപ്പെട്ട മുഖ്യമന്ത്രി മലയാള സർവ്വകലാശാല സ്ഥാപിക്കുമെന്ന് മുന്നറിയിപ്പ് നൽകി. എന്നാൽ ഞാൻ ധനകാര്യ വകുപ്പുമന്ത്രിയെ കണ്ടപ്പോൾ അദ്ദേഹം ധനകാര്യ വകുപ്പുമന്ത്രിയായിരിക്കുന്നിടത്തോളം കാലം അത് നടക്കില്ലായെന്നാണ് പറഞ്ഞത്. അങ്ങും ഗുസ്തി പിടിച്ചാണ് വെറ്ററിനറി സർവ്വകലാശാലയ്ക്ക് അനുവാദം വാങ്ങിയതെന്നുള്ളത് എനിക്കറിയാം. പക്ഷേ വൈകി വന്ന ഈ ബോധോദയം ഒരു വിധത്തിലും സംസ്ഥാനത്തിന് ഗുണം ചെയ്യില്ല എന്നാണ് എനിക്ക് പറയാനുള്ളത്. നമ്മുടെ നാട് അത്തരത്തിലുള്ള ഒരു സ്ഥിതിയിലേക്ക് ഓരോ ദിവസവും നീങ്ങിക്കൊണ്ടിരിക്കുകയാണ്. നെല്ലുൽപ്പാദനം വർദ്ധിപ്പിക്കാനോ തെങ്ങ് കൃഷിയെ രക്ഷിക്കാനോ ഗവൺമെന്റിന് സാധിച്ചില്ല. ഇത്രയും വലിയ കാർഷിക സർവ്വകലാശാലയിൽ കോടിക്കണക്കിനു രൂപ ചെലവഴിച്ച് ഗവേഷണം നടത്തിയിട്ട് തെങ്ങിന്റെ മണ്ഡരിക്ക് ഫലപ്രദമായ ഒരു മരുന്നു കണ്ടുപിടിക്കാൻ നമുക്ക് സാധിച്ചിട്ടില്ല. അതാണ് കാർഷിക സർവ്വകലാശാലയുടെ നിലവാരം. കീടനാശിനി പ്രയോഗം കൊണ്ട് മനുഷ്യരിൽ വരാനിരിക്കുന്ന ദുരന്തങ്ങളെക്കുറിച്ച് മുൻകൂട്ടി കാണാനുള്ള കഴിവുപോലും നമ്മുടെ ശാസ്ത്രജ്ഞന്മാർ പ്രകടിപ്പിച്ചിട്ടില്ല. അതുകൊണ്ടാണ് എൻഡോസൾഫാൻ ദുരന്തമുണ്ടായത്. ഇവിടെ 2006 വരെ എൻഡോസൾഫാൻ പ്രയോഗത്തിനെതിരെ അതിശക്തമായ സമരം നടത്തിയ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയ്ക്കുപോലും ഫലപ്രദമായ നടപടി സ്വീകരിക്കാൻ കഴിഞ്ഞില്ല. മുഖ്യമന്ത്രിയുടെ പാർട്ടിക്കാരൊക്കെ എൻഡോസൾഫാൻ എന്നുള്ളതിന് എന്തോന്ന് സൾഫാൻ എന്ന് ചോദിച്ച കാലമായിരുന്നു കഴിഞ്ഞ നാലരക്കൊല്ലം. ശ്രീ. എ. കെ. ആന്റണിയും ശ്രീ. ഉമ്മൻ ചാണ്ടിയും ശ്രീ. രമേശ് ചെന്നിത്തലയുമടക്കം പ്രധാനമന്ത്രിയെ കണ്ട് രാജ്യവ്യാപകമായി എൻഡോസൾഫാൻ നിരോധിക്കണമെന്ന് ആവശ്യപ്പെട്ടിരിക്കുകയാണ്. നിങ്ങളുടെ പുതിയ ബോധോദയം എൻഡ് ഓഫ് സർക്കാരിന്റെ കാലത്ത് എൻഡോസൾഫാൻ വേണ്ട എന്നാണ്. ഈ തെരഞ്ഞെടുപ്പിന് മുമ്പ് നിങ്ങൾ ചാടി പുറപ്പെട്ടതാണ് എന്നാണ് എനിക്ക് ആ കാര്യത്തെക്കുറിച്ച് പറയാനുള്ളത്.

ശ്രീ. സാജു പോൾ : സർ, പോയിന്റ് ഓഫ് ഓർഡർ. ബഹുമനപ്പെട്ട സി. പി. മുഹമ്മദ് രാവിലെ പറഞ്ഞതുപോലെയല്ല ഉച്ചയ്ക്ക് പറയുന്നത്. ഈ ഗവൺമെന്റ് മൂന്ന് സർവ്വകലാശാലകളും ഒരു വൻകിട തുറമുഖവും കണ്ണൂർ വിമാനത്താവളവുമൊക്കെ തുടങ്ങിവച്ചതിനെ അംഗീകരിക്കുകപോലും ചെയ്യാതെ ബഹുമാനപ്പെട്ട സി. പി. മുഹമ്മദിനെപ്പോലെയൊരാൾ മാർക്സിസ്റ്റ് പാർട്ടി എന്തോന്ന് സൾഫാൻ എന്ന് ചോദിച്ചുവെന്നു പറഞ്ഞാൽ അത് അംഗീകരിക്കാൻ കഴിയില്ല. കഴിഞ്ഞ അഞ്ച് വർഷം ഞങ്ങളാണ് അപ്പുറത്ത് ഇരുന്ന് ശ്രീമതി ഗൗരിയമ്മയോട് യുദ്ധം ചെയ്തത്. ഇങ്ങനെ പറയാൻ പാടുണ്ടോ സർ. ശ്രീ. സി. പി. മുഹമ്മദ് പറയുന്ന സർവ്വകലാശാല തുടങ്ങിയാൽ കേമം. അല്ലാത്തതെല്ലാം മോശം എന്നുപറയുന്നത് എന്താണ്? സ്പെക്ട്രം അഴിമതി നടത്തിയത് ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടാണോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. സി. പി. മുഹമ്മദ് : എന്ത് പോയിന്റ് ഓഫ് ഓർഡറാണ്. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. രാവിലെ പറഞ്ഞതും ഉച്ചയ്ക്ക് പറഞ്ഞതും വൈകുന്നേരം പറഞ്ഞതും ഓർമ്മയില്ലാത്ത സുഖക്കേട് ശ്രീ. സാജുപോളിനെപ്പോലെ എനിക്കില്ല. പിന്നെ കണ്ണൂർ വിമാനത്താവളവും വിഴിഞ്ഞം പദ്ധതിയും കോച്ച് ഫാക്ടറിയുമൊക്കെ സാജുവിന്റെ അക്കൗണ്ടിൽ എഴുതിയിട്ട് സമാധാനിക്കുകയാണെങ്കിൽ സമാധാനിച്ചോട്ടെ. ഞാൻ അതിന് മറുപടി പറയുന്നില്ല. ശ്രീ. സാജു പോൾ എന്റെ അടുത്ത സുഹൃത്താണ്. അതുകൊണ്ട് ഞാൻ മറുപടി പറയുന്നില്ല. പക്ഷേ ഒരു കാര്യം, ഞാൻ ഈ ബില്ലിന്റെ വിശദാംശങ്ങളിലേക്ക് കടക്കുന്നില്ല. ക്ലാസ് ബൈ ക്ലാസ് ചർച്ച വരുമ്പോൾ അതിന് ദേഗതി നിർദ്ദേശിക്കാം. ഞാൻ ഈ ബില്ലിന്റെ സാധുതയെ, ഈ ബില്ലിന്റെ പ്രസക്തിയെയാണ് ചോദ്യം ചെയ്യുന്നത്. അതുകൊണ്ട് കൂടുതലൊന്നും എനിക്ക് പറയാനില്ല. ഇതിന് മുടക്കുന്ന കോടിക്കണക്കിന് രൂപകൊണ്ട്, ഇതുകൊണ്ട് സൃഷ്ടിക്കപ്പെടുന്ന തസ്തിക കൊണ്ട് ഒരു പുതിയ വെള്ളാനയെക്കൂടി കേരളത്തിൽ സൃഷ്ടിക്കപ്പെടുമെന്നുള്ളതല്ലാതെ മൃഗപരിപാലന രംഗത്തും ക്ഷീരോൽപ്പാദന രംഗത്തും ഈ യൂണിവേഴ്സിറ്റി ഒന്നും ചെയ്യുന്നില്ല. ഇത് പിൻവാതിൽ നിയമനം നടത്താനുള്ള ഒരു വേദിയായി ഞാൻ കാണുന്നു എന്ന് പറഞ്ഞുകൊണ്ട് പ്രസംഗം അവസാനിപ്പിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ, 2010 പൊതുജനാഭിപ്രായം ആരായുന്നതിനായി 28-2-2011 വരെ സർക്കുലേറ്റ് ചെയ്യണമെന്ന ദേഗതി ഞാൻ അവതരിപ്പിക്കുന്നു. മൃഗസംരക്ഷണ മേഖലയിൽ അടിസ്ഥാനപരമായ കുറേ മാറ്റമുണ്ടാക്കുന്ന ഒരു സർവ്വകലാശാലയെ സംബന്ധിക്കുന്ന നിയമമാണ് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പൈലറ്റ് ചെയ്തിട്ടുള്ളത്. മൃഗസംരക്ഷണ മേഖലയുടെ പ്രാധാന്യം സംബന്ധിച്ച് നമുക്ക് എല്ലാവർക്കും അറിയാവുന്നതാണ്. ഗ്രാമീണ മേഖലയുമായി ബന്ധപ്പെട്ട് സാമാന്യ ജനങ്ങളുമായി അടുത്തുനിൽക്കുന്ന, ഉപജീവനത്തിനുവേണ്ടി ജനലക്ഷങ്ങൾ ആശ്രയിക്കുന്ന ഒരു മേഖലയാണ് മൃഗസംരക്ഷണ മേഖല. ആകെയുള്ള ആഭ്യന്തര ഉൽപ്പാദനത്തിന്റെ 9 ശതമാനം ഈ മേഖലയിൽ നിന്നാണ് എന്നുള്ളത് ഇതിന്റെ പ്രാധാന്യം നല്ലതുപോലെ വെളിവാക്കുന്നതാണ്. മാത്രമല്ല, രാജ്യത്താകെ പരിശോധിക്കുമ്പോൾ 5 ശതമാനം വാർഷിക വളർച്ചാ നിരക്കുള്ള മേഖലകൾ വേറെയില്ല. അത്രമാത്രം പ്രാധാന്യം ഈ മേഖലയെ സംബന്ധിച്ചിടത്തോളം പൊതുവിലുണ്ട്. ലോകത്ത് പാലുൽപ്പാദനത്തിന്റെ കാര്യം പരിശോധിക്കുമ്പോൾ ഏറ്റവും മുന്നിൽ നിൽക്കുന്നത് നമ്മുടെ രാജ്യമാണ്. കോഴിയിറച്ചി, മുട്ട എന്നിവയുടെ ഉൽപ്പാദനത്തിലും പാൽ, പോത്ത് ഇറച്ചി തുടങ്ങിയവയുടെ കയറ്റുമതിയിലും ലോകത്ത് ഒന്നാം സ്ഥാനം നിൽക്കുന്നത് നമ്മുടെ രാജ്യമാണ്. ലോകത്ത് ഏറ്റവും കൂടുതൽ കാലി സമ്പത്തുള്ള ഒരു രാജ്യം കൂടിയാണ് ഇന്ത്യ.

ശ്രീ. സി. കെ. പി. പത്മനാഭൻ : അങ്ങ് പറഞ്ഞത് വളരെ ശരിയാണ്. ലോകത്ത് ഏറ്റവും കൂടുതൽ പാൽ ഉൽപ്പാദിപ്പിക്കുന്ന രാജ്യം നമ്മുടെ രാജ്യമാണ്. പക്ഷേ ഈ രാജ്യത്ത് ഇപ്പോൾ ശ്രീ. ഒബാമ 200 ആളെയുംകൂട്ടി വന്നല്ലോ. അവരുണ്ടാക്കിയ 20 കരാറുകളിൽ ഇവിടേക്ക് അമേരിക്കൻ പാൽ ഇറക്കുമതി ചെയ്യാനുള്ള തീരുമാനവുമുണ്ട്. ഈ തീരുമാനത്തിലൂടെ സംസ്ഥാനത്തെ മിൽമ തന്നെ പൂട്ടേണ്ടിവരുന്ന അവസ്ഥയാണുള്ളത് എന്ന കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, നിർഭാഗ്യവശാൽ നമ്മുടെ രാജ്യത്തെ വിറ്റ് കാശാക്കുന്ന ഒരു നിലപാട്, അങ്ങനെ പറയുന്നത് വളരെ പ്രയാസത്തോടെയാണെങ്കിലും അങ്ങനെയൊരു നിലപാട് നമ്മുടെ രാജ്യം ഭരിക്കുന്ന ഗവൺമെന്റ് സ്വീകരിക്കുകയാണ്. ഇന്ത്യയുടെ കാർഷിക മേഖലയിലെ മാർക്കറ്റ് വിദേശ ഉൽപ്പന്നങ്ങൾക്ക് പ്രത്യേകിച്ച് അമേരിക്കൻ ഉൽപ്പന്നങ്ങൾക്ക് തുറന്നു കൊടുക്കുവാനുള്ള കരാറുകളാണ് ഒബാമയുടെ സന്ദർശനവുമായി ബന്ധപ്പെട്ട് ഇന്ത്യാ ഗവൺമെന്റ് അംഗീകരിച്ചിട്ടുള്ളത്. അത് തികച്ചും നിർഭാഗ്യകരമായ ഒന്നാണ് എന്നുള്ളതിൽ യാതൊരു തർക്കവുമില്ല. മൃഗസംരക്ഷണ മേഖല രാജ്യത്ത് ജിഡിപി-യിൽ ഏഴ് ശതമാനം പങ്ക് വഹിക്കുന്ന ഒരു മേഖലയാണ്. കേരളത്തെ സംബന്ധിച്ച് അത് കുറച്ചുകൂടി കൂടുതലാണ്. ഏതാണ്ട് 9 ശതമാനം ജി.എസ്.ഡി.പി.-യിലും ഈ മേഖല പങ്കുവഹിച്ചുകൊണ്ടിരിക്കുന്നുണ്ട്. രാജ്യത്തെ കാർഷിക ദേശീയ വരുമാനത്തിന്റെ 25 ശതമാനം മൃഗസംരക്ഷണ മേഖലയിൽ നിന്നാണ് ഉണ്ടാകുന്നത്. കേരളത്തിലാകട്ടെ, അത് അഖിലേന്ത്യാ ശരാശരിയുടെ മുകളിലാണ്. ദേശീയ ശരാശരി 25 ശതമാനം ആണെങ്കിൽ കേരളത്തിൽ ഏതാണ്ട് 40 ശതമാനം വരുമെന്നുള്ളതാണ് കണക്കാക്കിയിട്ടുള്ളത്. യഥാർത്ഥത്തിൽ വികസനവുമായി ബന്ധപ്പെട്ട് കാർഷിക-കാർഷിക അനുബന്ധ ഉൽപ്പാദന മേഖലയിലാണ് നമ്മൾ ശ്രദ്ധിക്കേണ്ടത്. ഇന്നിപ്പോൾ വികസനം എന്ന നിലയിൽ കണ്ടുകൊണ്ടിരിക്കുന്നത് സേവന മേഖലയുടെ വികസനമാണ്. പശ്ചാത്തല സൗകര്യ വികസനം മാത്രമേ നമുക്ക് പരിഹരിക്കാനാകുന്നുള്ളൂ. അതിന്റെ ഫലമായി കേരളം യഥാർത്ഥത്തിൽ ഒരു debt society ആയി മാറുകയാണ്. കാർഷിക ഉൽപ്പാദനവും വ്യാവസായിക ഉൽപ്പാദനവും മുന്നോട്ടു പോകുന്നില്ല. പകരം സേവന മേഖലയ്ക്കു വേണ്ടി വലിയ സമ്പത്ത് ചെലവഴിക്കുന്ന ഒരു സംസ്ഥാനമായി ഇന്ന് കേരളം നിൽക്കുകയാണ്. കാർഷിക-കാർഷികാനുബന്ധ മേഖലകളുടെ വികസനത്തെ ഗൗരവമായി കണ്ടാലല്ലാതെ ഒരു കാരണവശാലും നമുക്ക് മുന്നോട്ടു പോകുവാൻ കഴിയുകയില്ല. പാൽ, മുട്ട, മാംസം എന്നിവയുടെ ഉൽപ്പന്നങ്ങൾ ആവശ്യാനുസരണം ഉണ്ടാക്കാൻ ആകുന്നില്ല എന്ന് ബഹുമാനപ്പെട്ട മന്ത്രി ഈ ബിൽ പൈലറ്റ് ചെയ്തുകൊണ്ട് പറയുകയുണ്ടായി. അതാണ് പ്രധാനപ്പെട്ട വിഷയം. എൽ.ഡി.എഫ്. ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ നാലര വർഷക്കാലമായി ഈ മേഖലയിൽ ഗൗരവമായ ശ്രദ്ധ ചെലുത്തുകയാണെന്ന് നമുക്ക് കാണാൻ കഴിയും. സഖാവ് ഇ.എം.എസ്.-ന്റെ കാലത്ത് കേരളത്തിൽ ജനകീയാസൂത്രണ പദ്ധതി നടപ്പാക്കിയപ്പോൾ ഉൽപ്പാദന മേഖലയിലെ പിന്നോക്കാവസ്ഥ പരിഗണിച്ചുകൊണ്ടാണ് പഞ്ചായത്ത് രാജ് സ്ഥാപനങ്ങൾക്ക് നിലവിൽ ചെലവഴിക്കുന്ന സമ്പത്തിന്റെ 40 ശതമാനം നിർബന്ധമായും ഈ മേഖലയ്ക്കുവേണ്ടി മാറ്റിവയ്ക്കണമെന്ന് ആവശ്യപ്പെട്ടത്. അത് കേരളത്തിന്റെ കാർഷിക-കാർഷിക അനുബന്ധ മേഖലയിൽ വലിയ മുന്നേറ്റമുണ്ടാക്കിയിട്ടുള്ള ഒന്നാണ്. രാജ്യത്താകെ ഉൽപ്പാദിപ്പിക്കുന്ന നെല്ലിന്റെയും ഗോതമ്പിന്റേയും മൂല്യം പരിശോധിച്ച് ഇവിടെ ഉൽപ്പാദിപ്പിക്കുന്ന പാലിന്റെ മൂല്യംകൂടി ചേർത്താൽ നെല്ലിനേയും ഗോതമ്പിനേയുംകാൾ മൂല്യമുള്ള ഉൽപ്പാദനം നടത്തുന്ന ഒരു മേഖല പാലുൽപ്പാദന മേഖലയാണെന്ന് കാണാൻ കഴിയും. കാർഷിക മേഖലയിൽ ഏറ്റവും കൂടുതൽ വളർച്ചാ നിരക്കുള്ള ഒരു മേഖലയായി ഇന്ന് മാംസ ഉൽപ്പാദന മേഖല മാറിയിരിക്കുകയാണ്. 21 ശതമാനം വളർച്ച

ആ മേഖലയെ സംബന്ധിച്ചിടത്തോളം ഉണ്ട് എന്നുള്ളതാണ് ഗവൺമെന്റ് തന്നെ മനസ്സിലാക്കിയിട്ടുള്ളത്. ഈ മേഖലയിലെ സംസ്ഥാനത്തിന്റെ കണക്ക് സാമാന്യഗതിയിൽ നമ്മുടെ ശ്രദ്ധയിൽ വരുന്നുണ്ടെന്ന് പറയാൻ കഴിയുകയില്ല. 21.66 ലക്ഷം പശുക്കൾ, എരുമകൾ, 12.15 ലക്ഷം ആടുകൾ, 0.86 ലക്ഷം പന്നികൾ, 121 ലക്ഷം കോഴികൾ, ഏഴ് ലക്ഷം താറാവുകൾ ഇത്രയും ഉൾപ്പെടുന്നതാണ് ഈ മേഖല. മുപ്പത്തിരണ്ട് ലക്ഷത്തോളം കുടുംബങ്ങൾ നേരിട്ട് ബന്ധപ്പെട്ടു നിൽക്കുന്ന ഈ മേഖലയ്ക്ക് അർഹിക്കുന്ന പരിഗണനയും പ്രാധാന്യവും നിർഭാഗ്യവശാൽ കൊടുക്കാൻ നമുക്കാകുന്നില്ല എന്നുള്ളതാണ് സത്യം. യഥാർത്ഥത്തിൽ അവഗണിക്കപ്പെട്ടു കിടക്കുന്ന ഈ മേഖലയെ കുറേക്കൂടി ശ്രദ്ധിക്കാൻവേണ്ടിയുള്ള നീക്കങ്ങളാണ് ഈ ബിൽ പൈലറ്റ് ചെയ്തു കൊണ്ട് ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുവാൻ പോകുന്നത്. യഥാർത്ഥത്തിൽ നമുക്കാവശ്യമായ ഇത്തരം വസ്തുക്കൾക്കെല്ലാംവേണ്ടി അന്യ സംസ്ഥാനങ്ങളെ ആശ്രയിക്കേണ്ടി വരുന്ന ഒരു ഗതികേടിൽ കേരളം എത്തിനിൽക്കുകയാണ്. ഈ മേഖലയിൽ കാര്യമായ ശ്രമം നടത്തിയാൽ, കേരളത്തിലെ ഗ്രാമീണ കുടുംബങ്ങളെ ഈ മേഖലയുമായി ബന്ധപ്പെടുത്താൻ തീരുമാനിച്ചാൽ അത്ഭുതകരമായിട്ടുള്ള മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയുമെന്നുള്ളത് നിസ്തർക്കമായിട്ടുള്ള കാര്യമാണ്. ഭക്ഷ്യ സുരക്ഷാ പദ്ധതി ഗവൺമെന്റ് നടപ്പിലാക്കുന്നു. ഭക്ഷ്യ സുരക്ഷാ പദ്ധതിയുടെ ഒരു പ്രധാനപ്പെട്ട മേഖലയാണ് മൃഗസംരക്ഷണവും അനുബന്ധ മേഖലയും. ഭക്ഷ്യ സുരക്ഷാ പദ്ധതി കേരളത്തിൽ യുദ്ധകാലാടിസ്ഥാനത്തിൽ നടപ്പിലാക്കുന്നതിനുള്ള ശ്രമമായിട്ടു വേണം ഈ ബില്ലിനെ പരിഗണിക്കാൻ. നിർഭാഗ്യവശാൽ അങ്ങനെ ഒരു നിലപാട് പ്രതിപക്ഷ ബഞ്ചുകളുടെ ഭാഗത്തുനിന്ന് ഉണ്ടാകുന്നില്ല എന്നുള്ളത് വളരെ ഗൗരവമായിട്ടുള്ള ഒരു കാര്യമാണ്.

ഇവിടെ യൂണിവേഴ്സിറ്റികൾ എന്ന കൺസെപ്ട് തന്നെ മാറിപ്പോകുകയാണ്. യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റി എന്നു പറയുന്നത് വിദ്യാഭ്യാസ സ്ഥാപനം നടത്താനുള്ള ഒരു ഏജൻസി അല്ല. ഏതൊരു രാജ്യത്തേയും സംബന്ധിച്ച് ഓരോ മേഖലയ്ക്കകത്തുമുള്ള ഗവേഷണത്തിന്റെ സ്ഥാപനമാണ് യൂണിവേഴ്സിറ്റികൾ. ആ നിലയിലുള്ള കർത്തവ്യങ്ങൾ നിർവ്വഹിക്കുവാൻ യൂണിവേഴ്സിറ്റികൾക്ക് സാധിക്കുന്നില്ല. നിലവിലുള്ള യൂണിവേഴ്സിറ്റികളിൽ ലൈവ്സ്റ്റോക്ക് മേഖലയുമായി ബന്ധപ്പെട്ട കോഴ്സുകളില്ല. അതുപോലെ കോഴ്സുകളുള്ള സ്ഥലങ്ങളിൽ അതിനാവശ്യമായ ആധുനിക സംവിധാനങ്ങളുമില്ല.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, യൂണിവേഴ്സിറ്റികൾ ഇന്ത്യയിൽ സ്ഥാപിക്കുന്നതിന്റെ ഉദ്ദേശം തന്നെ അവിടെ റിസർച്ച് നടക്കണമെന്നുള്ളതാണ്. അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയുടെ കാര്യം പരിശോധിക്കാം. തെങ്ങിന്റെ മണ്ഡരി രോഗത്തിന് അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ ഇത്രയും വർഷം ഇത്രയും സയന്റിസ്റ്റുകൾ റിസർച്ച് ചെയ്തിട്ടും ഒരു പ്രയോജനവുമില്ല. ഒന്നും സംഭവിച്ചില്ല. ഇതുപോലെ കേരളത്തിലെ അഗ്രിക്കൾച്ചറൽ മേഖലയിൽ വന്നിരിക്കുന്ന ഒരു പ്രശ്നത്തിനും നമ്മുടെ അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിൽ നിന്ന് സൊല്യൂഷൻ ഉണ്ടായിട്ടില്ല. അങ്ങനെയാകുമ്പോൾ ഇങ്ങനെയൊരു യൂണിവേഴ്സിറ്റി ഇവിടെ കൊണ്ടു വന്നതുകൊണ്ട് നമ്മുടെ പ്രൊഡക്ടിവിറ്റി ഇംപ്രൂവ് ചെയ്യുമോ? ചെയ്യാൻ ചാൻസുണ്ടോ? ഈ ദൗർബല്യങ്ങൾ നമ്മൾ മുന്നോട്ടു കൊണ്ടുപോകുകയല്ലേ എന്നാണ് എന്റെ ചോദ്യം.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, എങ്ങനെയാണ് ഇത് കൈകാര്യം ചെയ്യുന്നത് എന്നതിനെ ആശ്രയിച്ചാണ് യഥാർത്ഥത്തിൽ യൂണിവേഴ്സിറ്റികളെ മികച്ച ഗവേഷണ സ്ഥാപനങ്ങളാക്കി മാറ്റുന്നത്. അതത് പ്രദേശവും മേഖലയും നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻവേണ്ടി പറ്റാവുന്ന ഗവേഷണങ്ങൾ സംഘടിപ്പിക്കാനും ആ ഗവേഷണ ഫലങ്ങൾ ജനങ്ങൾക്ക് പ്രയോജനപ്രദമായ രൂപത്തിൽ വിന്യസിക്കുവാനുമുള്ള സ്ഥാപനങ്ങളായി യൂണിവേഴ്സിറ്റികളെ ഉപയോഗിക്കാനാകുന്നില്ല എന്നുള്ളത് ശരിയാണ്. അത് പരിഹരിക്കപ്പെടണം. യൂണിവേഴ്സിറ്റികളെ സംബന്ധിച്ച് പൊതുവിൽ പരിഹരിക്കേണ്ട കാര്യമാണ്. ഈ യൂണിവേഴ്സിറ്റിയെ സംബന്ധിച്ച് ഒരുപക്ഷേ മറ്റ് ഏത് യൂണിവേഴ്സിറ്റിയെക്കാളും പ്രസക്തമായ ഒരു കാര്യമാണെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. പരിഹരിക്കാൻ ആവശ്യമായ നിലയ്ക്കുള്ള ശ്രമങ്ങളുണ്ടാകും എന്നുതന്നെയാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ വെറ്ററിനറി യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ആലോചിച്ചപ്പോൾ നിലവിലുള്ള പ്രധാനപ്പെട്ട നാല് സ്ഥാപനങ്ങളെ കൂട്ടിയോജിപ്പിച്ച് ഒരു സ്ഥാപനമുണ്ടാക്കാനാണ് തീരുമാനിച്ചത്. കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്-മണ്ണുത്തി, കോളേജ് ഓഫ് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ്-പൂക്കോട്, കോളേജ് ഓഫ് ഡയറി സയൻസസ് ആന്റ് ടെക്നോളജി-മണ്ണുത്തി,. ഫിഷറീസ് കോളേജ്-പനങ്ങാട് ഈ നാലു സ്ഥാപനങ്ങളേയും മൃഗസംരക്ഷണവുമായി ബന്ധപ്പെട്ട പതിനഞ്ച് ഗവേഷണ സ്ഥാപനങ്ങളേയും ഉൾപ്പെടുത്തിക്കൊണ്ടാണ് ഈ യൂണിവേഴ്സിറ്റി വരുന്നത്. ഇവിടെ സൂചിപ്പിച്ചപോലെ ഈ ദിശയിൽ ഇക്കാര്യം ചർച്ച ചെയ്യാൻ സാധിക്കുമെങ്കിൽ തീർച്ചയായും കേരളത്തിന്റെ കാലി വളർത്തൽ, ഗവേഷണം, ഉൽപ്പാദന വർദ്ധനവ്, ഉൽപ്പാദന ക്ഷമതാ വർദ്ധനവ് തുടങ്ങിയ കാര്യങ്ങളിലൊക്കെത്തന്നെ വലിയ മാറ്റമുണ്ടാക്കുവാൻ കഴിയുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. ഇവിടെ ഇതുമായി ബന്ധപ്പെട്ട് എന്തിനാണ് ഒരു ഓർഡിനൻസ് കൊണ്ടുവന്നത് എന്നുള്ളതിനെ സംബന്ധിച്ച് പ്രതിപക്ഷ ബഞ്ചുകൾ വലിയ സംശയം പ്രകടിപ്പിച്ചു. കഴിഞ്ഞ കുറേക്കാലങ്ങളായി ഇത്തരം ഒരു യൂണിവേഴ്സിറ്റി വേണമെന്ന ആവശ്യം വന്നുകൊണ്ടിരിക്കുകയാണ്. 2005-ൽ യു.ഡി.-എഫിന്റെ ഗവൺമെന്റുള്ള കാലത്തുതന്നെ ഇത്തരം ഒരു യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട ചർച്ചകൾ ആരംഭിക്കുന്നുണ്ട്. ഒരുപാട് വർഷങ്ങളായി നമ്മൾ കാലികളെ സംബന്ധിച്ച് ചർച്ച ചെയ്യുന്നതല്ലാതെ തീരുമാനം വരുന്നില്ല എന്നുള്ളതുകൊണ്ടാണ് ഒരു ഓർഡിനൻസ് കൊണ്ടുവന്നുകൊണ്ട് ഈ സ്ഥാപനം ആരംഭിക്കണം എന്നുള്ള നിലപാടിലേക്ക് സംസ്ഥാന ഗവൺമെന്റ് യഥാർത്ഥത്തിൽ വരുന്നത്. 2005 സെപ്തംബർ 20-നാണ് കേരളത്തിൽ ആദ്യമായി വിജയ്ഘോഷ് ശർമ്മ ചെയർമാനായി വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനുള്ള ഒരു വിദഗ്ദ്ധ സമിതിയെ നിശ്ചയിക്കുന്നത്. അവിടെനിന്ന് സമർപ്പിച്ച റിപ്പോർട്ടിനകത്ത് ഇത്തരമൊരു വെറ്ററിനറി യൂണിവേഴ്സിറ്റി വേണമെന്നുള്ള കാര്യം ശുപാർശ ചെയ്യുകയും അത് കേരളത്തിൽ ഉണ്ടാക്കാൻ പോകുന്ന മാറ്റങ്ങളെ സംബന്ധിച്ചെല്ലാം വളരെ വിശദമായി പറയുകയും ചെയ്തിട്ടുണ്ട്. ഈ വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ട് സംസ്ഥാന ഗവൺമെന്റ് വിശദമായി പരിശോധിക്കുകയും ഒരു യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനാവശ്യമായ

വിശദമായ നിർദ്ദേശങ്ങൾ സമർപ്പിക്കുന്നതിനുവേണ്ടി 4-3-2006-ൽ അന്നത്തെ മൃഗസംരക്ഷണ വകുപ്പ് സെക്രട്ടറിയായ ഡോ. സുബ്രതയെ സ്പെഷ്യൽ ഓഫീസറായി നിയമിക്കുകയും ചെയ്തു. അതിനുശേഷം നാലഞ്ച് കൊല്ലം കഴിഞ്ഞുപോയി. 2007 ജനുവരി 12-ാം തീയതി തന്നെ സ്പെഷ്യൽ ഓഫീസർ റിപ്പോർട്ട് കൊടുത്തിട്ടുണ്ട്. വയനാട്ടിലെ പൂക്കോട് വെറ്ററിനറി ആന്റ് ആനിമൽ സയൻസസ് കോളേജ് കാമ്പസിൽ ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കണമെന്ന് ആദ്യമായി പറയുന്നത് ആ റിപ്പോർട്ടിലാണ്. ഈ സർവ്വകലാശാല സ്ഥാപിക്കുന്നതുവഴി കേരളത്തിന്റെ സമ്പദ്ഘടനയ്ക്കുതന്നെ വലിയ മാറ്റങ്ങളുണ്ടാക്കുവാൻ കഴിയുമെന്നുള്ള കാര്യം ആ റിപ്പോർട്ടിനകത്തുണ്ട്. ആ റിപ്പോർട്ട് വന്നിട്ട് നാല് കൊല്ലം പൂർത്തീകരിക്കുകയാണ്. യഥാർത്ഥത്തിൽ പല സംസ്ഥാനങ്ങളിലും ഇതുപോലെയുള്ള യൂണിവേഴ്സിറ്റികൾ സ്ഥാപിക്കപ്പെട്ടിട്ടുണ്ട്. ആ സംസ്ഥാനങ്ങളിലെ അനുഭവം ഉൽപ്പാദനത്തിൽ വലിയ വർദ്ധനവ് ഉണ്ടാക്കുവാൻ കഴിഞ്ഞു എന്നതുതന്നെയാണ്. ആ സർവ്വകലാശാലയുടെ അനുഭവം അടിസ്ഥാനപ്പെടുത്തി പ്രവർത്തിക്കുവാൻ തീരുമാനിച്ചാൽ തീർച്ചയായും കേരളത്തിലെ കാർഷിക മേഖലയിൽ ഉൽപ്പാദന മേന്മ വർദ്ധിപ്പിക്കുന്നതിൽ വളരെ വലിയ പങ്ക് വഹിക്കാൻ ഈ സ്ഥാപനത്തിന് കഴിയും എന്നുള്ളതാണ് ഞാൻ മനസ്സിലാക്കുന്നത്. നാം നേരിട്ടുകൊണ്ടിരിക്കുന്ന പാലിന്റെയും മുട്ടയുടേയും മാംസത്തിന്റേയും ഗുരുതരമായ ദൗർലഭ്യം പരിഹരിക്കുന്നതിനുള്ള ഒരു വലിയ ശ്രമം നടത്താൻ ഈ യൂണിവേഴ്സിറ്റി സഹായിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇവിടെ ബഹുമാനപ്പെട്ട മന്ത്രി ബിൽ പൈലറ്റ് ചെയ്തുകൊണ്ട് പറഞ്ഞത് വെറ്ററിനറി സർവ്വകലാശാല സ്ഥാപിക്കുന്നതിനെടുത്ത തീരുമാനം സംസ്ഥാന പ്ലാനിംഗ് ബോർഡ് തന്നെ അംഗീകരിച്ചിട്ടുള്ളതാണ് എന്നാണ്. ഇത് പരിശോധിക്കുന്നതിനുവേണ്ടി ഒരു കമ്മിറ്റിയെ നിയോഗിക്കണമെന്ന് പ്ലാനിംഗ് ബോർഡ് തന്നെ പറഞ്ഞതാണ്. ആ നിർദ്ദേശമനുസരിച്ചാണ് സംസ്ഥാന ഗവൺമെന്റ് ഒരു അഞ്ചംഗ കമ്മിറ്റിയെ നിയോഗിച്ച് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട റിപ്പോർട്ട് സമാഹരിച്ചത്. ആ റിപ്പോർട്ടിനകത്ത് പന്ത്രണ്ട് പ്രധാനപ്പെട്ട ശിപാർശകൾ സമർപ്പിച്ചിട്ടുണ്ട്. ആ ശിപാർശകൾ എല്ലാം പൊതുവേ അംഗീകരിച്ചുകൊണ്ടുതന്നെയാണ് സംസ്ഥാന ഗവൺമെന്റ് 2010 ജൂൺ അഞ്ചിന് ഈ യൂണിവേഴ്സിറ്റി ആരംഭിക്കുന്നതിനുള്ള ഓർഡിനൻസ് പുറപ്പെടുവിച്ചത്. ആറ് മാസക്കാലംകൊണ്ടുതന്നെ ആ ഓർഡിനൻസ് നിയമമാക്കാൻ ഗവൺമെന്റിന് കഴിഞ്ഞു എന്നുള്ളത് തീർച്ചയായും സന്തോഷപ്രദമായിട്ടുള്ള ഒരു കാര്യമാണ്. അടിയന്തിരമായി എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത് വളരെ വേഗത്തിൽ ഒരു ഫുൾ ഫ്ളെജ്ഡ് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിന് ഈ ഗവൺമെന്റിന്റെ കാലത്തു തന്നെ നടപടികൾ പൂർത്തീകരിച്ച് പ്രവർത്തനം ആരംഭിക്കുവാൻ കഴിയണമെന്നുള്ളതാണ്. പാലിന്റെയും മുട്ടയുടേയും മാംസത്തിന്റെയും ഉപയോഗം കേരളത്തിലെ അഖിലേന്ത്യാ ശരാശരിയുമായി താരതമ്യം ചെയ്യുമ്പോൾ വമ്പിച്ച തരത്തിലുള്ളതാണ്. നേരത്തെ സി.പി. മുഹമ്മദ് സംസാരിക്കുമ്പോൾ ജനങ്ങൾ പാലും മുട്ടയുമൊക്കെ കഴിക്കണമെന്ന് പറഞ്ഞ മന്ത്രിയാണ് എന്നൊക്കെ ഇവിടെ പറഞ്ഞു. ഇന്നത്തെ സ്ഥിതിയിൽ അങ്ങനെ പോലും പറയാൻ കഴിയുന്നില്ല. കാരണം പാലിന്റെയും മുട്ടയുടേയും മാംസത്തിന്റെയുമൊക്കെ വില കണ്ടമാനം വർദ്ധിച്ചിരിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ഒരു കിലോഗ്രാം ആട്ടിറച്ചിക്ക് എന്റെ മണ്ഡലത്തിൽ 240, 260 രൂപ വിലയുണ്ട്. മറ്റ് സ്ഥലങ്ങളിൽ എങ്ങനെയാണെന്നുള്ളത് എനിക്കറിയില്ല. അതുപോലെ കോഴിയിറച്ചിക്ക് 120, 125 രൂപ വിലയുണ്ട്. 2 രൂപ 40 പൈസക്കാണ് ഒരു മുട്ട കിട്ടുന്നത്. ഒരു ലിറ്റർ പാലിന്റെ വില പതിനഞ്ച് രൂപയാണ്. സാമാന്യ ജനങ്ങളെ സംബന്ധിച്ച് ഈ വസ്തുക്കളെല്ലാം ചുരുങ്ങിയ വിലയ്ക്ക് ലഭ്യമാക്കുക എന്നുള്ളത് അത്യന്താപേക്ഷിതമായ കാര്യമാണ്. ഉൽപ്പാദന ക്ഷമത കൂട്ടാതെ, ഉൽപ്പാദനം വർദ്ധിപ്പിക്കാതെ ഗ്രാമീണ മേഖലയിൽ ഉൽപ്പാദനത്തിനുള്ള ശ്രമങ്ങൾ ആരംഭിക്കാതെ ചെറിയ വിലയ്ക്ക് ഈ സാധനങ്ങൾ കൊടുക്കാൻ ഒരു കാരണവശാലും സാധ്യമാകുകയില്ല. തീർച്ചയായും വിലക്കയറ്റം ഈ പറയുന്ന ഉൽപ്പന്നങ്ങളുമായി മാത്രം ബന്ധപ്പെട്ടു നിൽക്കുന്നതല്ല എന്നുള്ളത് ഞാൻ വിസ്മരിക്കുന്നില്ല. ഇന്നലത്തെ പത്രത്തിൽ വന്നിരിക്കുന്ന വാർത്ത, കേന്ദ്ര ഗവൺമെന്റിന്റെ ആസ്ഥാനമായ ഡൽഹിയിൽ ഒരു കിലോ ഉള്ളിയുടെ വില നൂറ് രൂപയാണ് എന്നാണ്. ഇന്നിപ്പോൾ വിലക്കയറ്റവുമായി ബന്ധപ്പെട്ട് കോൺഗ്രസിന്റെ ആളുകൾക്ക് ഒന്നും പറയാൻ കഴിയില്ല. കഴിഞ്ഞ കാലത്തെപ്പോലെ സംസാരിക്കാൻ കഴിയുന്ന അവസ്ഥയല്ല. യഥാർത്ഥത്തിൽ ഇത്രമാത്രം രൂക്ഷമായ വിലക്കയറ്റമുണ്ടായ മറ്റൊരു കാലം രാജ്യത്തിന്റെ ചരിത്രത്തിൽ ഇല്ല. ഇപ്പോൾ കോൺഗ്രസിന്റെ ആളുകൾ സംസാരിക്കുമ്പോൾ പറയുന്ന സംഗതി വിലക്കയറ്റം സാർവ്വത്രികമാണെന്നാണ്. പക്ഷേ നിങ്ങൾക്ക് കാണാൻ കഴിയും ജി-20 രാജ്യങ്ങളിലെ ഒരു അംഗരാജ്യമാണ് ഇന്ത്യ. ജി-20 രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ളത് എവിടെയാണ്? ജി.-20 രാജ്യങ്ങളിൽ ഏറ്റവും കൂടുതൽ വിലക്കയറ്റമുള്ള ഒന്നാമത്തെ രാജ്യം ഇന്ത്യയാണ്, അതായത് 13 ശതമാനം വിലക്കയറ്റം. ഈ വിലക്കയറ്റം പരിഹരിക്കാൻ എന്തെങ്കിലും നിലപാട് കേന്ദ്രഗവൺമെന്റ് സ്വീകരിക്കുന്നുണ്ടോ? വിലക്കയറ്റം നിയന്ത്രിക്കാൻ കേന്ദ്രം ഒരു നിലപാടും സ്വീകരിക്കുന്നില്ലെന്നു മാത്രമല്ല വില വർദ്ധിപ്പിക്കാനുള്ള നിലപാടാണ് കേന്ദ്ര ഗവൺമെന്റ് സ്വീകരിക്കുന്നത്. പാർലമെന്റ് സമ്മേളനത്തിൽ പറഞ്ഞു എഫ്.സി.ഐ. ഗോഡൗണുകളിൽ 570 ദശലക്ഷം ടൺ ഭക്ഷ്യധാന്യം കെട്ടിക്കിടക്കുന്നുവെന്ന്. എന്നാൽ അത് സംസ്ഥാനങ്ങൾക്ക് ചുരുങ്ങിയ വിലയ്ക്ക് കൊടുക്കാൻ തയ്യാറല്ല. കെട്ടിക്കിടന്ന് മഴ നനഞ്ഞ് പുഴുത്തു നാറി നശിക്കുന്ന ഈ ഭക്ഷ്യധാന്യം സൗജന്യ വിലയ്ക്കോ സൗജന്യമായിട്ടോ പാവങ്ങൾക്ക് കൊടുക്കണമെന്നാണ് സുപ്രീം കോടതി പറഞ്ഞത്. അങ്ങനെ കൊടുക്കാൻ തയ്യാറാകുന്നുണ്ടോ? പാവങ്ങളുടെ മേൽ മുതലക്കണ്ണീർ ഒഴുക്കുകയല്ലേ കോൺഗ്രസിന്റെ ഗവൺമെന്റും യു.പി.എ. ഗവൺമെന്റും ചെയ്തുകൊണ്ടിരിക്കുന്നത്. വില വർദ്ധിപ്പിക്കാനുള്ള നിലപാടുകളല്ലേ സ്വീകരിക്കുന്നത്? ഇപ്പോൾ ശ്രീ. മൻമോഹൻ സിംഗ് പറയുന്നതെന്താണ്? പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കുന്നതിനുള്ള അധികാരം ഞങ്ങൾക്കു വേണ്ട. ഇത് മൻമോഹൻ സിംഗിനോ അദ്ദേഹത്തിന്റെ പാർട്ടിക്കാർക്കോ ഒസ്യത്തായി കിട്ടിയിരിക്കുന്ന അധികാരമല്ല. ഇന്ത്യയിലെ ജനങ്ങൾ ഒരുപാട് കാലമായി അവർക്കു വേണ്ടി കേന്ദ്ര ഗവൺമെന്റിന്റെ കയ്യിൽ ഏൽപ്പിച്ചിരിക്കുന്ന ഒരു അധികാരമാണ്. യഥാർത്ഥത്തിൽ ഇത്ര

LIBRARY ARCHIVES Kerala Legislative Assembly

രൂക്ഷമായ വിലക്കയറ്റം ഈ രാജ്യത്ത് ഉണ്ടാകുന്ന സമയത്ത് ഈ പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള ഒരു ഇടപെടൽ കേന്ദ്രത്തിന്റെ ഭാഗത്തുനിന്നുണ്ടാകുന്നില്ല എന്നാണ് ഞാൻ പറഞ്ഞത്. ഇവിടെ നിങ്ങൾക്ക് കാണാൻ കഴിയും കേന്ദ്ര ഗവൺമെന്റ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില നിശ്ചയിക്കേണ്ട അധികാരം വേണ്ടെന്ന് വച്ചു. അതിന്റെ ഫലമായി ആറ് മാസക്കാലം കൊണ്ട് ആറ് തവണ പെട്രോളിന്റെ വില വർദ്ധിപ്പിച്ചു. ഇനിയിപ്പോൾ കേന്ദ്ര ഗവൺമെന്റ് ഡീസലിന്റേയും മണ്ണെണ്ണയുടേയും ഗ്യാസിന്റേയും വില നിശ്ചയിക്കാനുള്ള അധികാരം വേണ്ടെന്ന് വയ്ക്കാൻ പോകുകയാണ്. രാസവളത്തിന്റെ വില നിശ്ചയിക്കാൻ നേരത്തെ ഉണ്ടായിരുന്ന തീരുമാനം കേന്ദ്ര ഗവൺമെന്റ് വേണ്ടെന്ന് വച്ചിരിക്കുകയാണ്. തൽഫലമായി യൂറിയയുടെയും പൊട്ടാഷിന്റെയും വില കണ്ടമാനം കൂടിയിരിക്കുകയാണ്. എങ്ങനെയാണ് ജനങ്ങൾക്ക് ജീവിക്കാനാകുന്നത്? ജനങ്ങൾക്ക് ജീവിക്കാൻ പറ്റുന്ന തരത്തിലുള്ള സാഹചര്യമൊരുക്കുന്നതിനുള്ള ഉത്തരവാദിത്വം ആർക്കാണ്? കേന്ദ്ര ഗവൺമെന്റ് നേരിട്ട് വില വർദ്ധിപ്പിക്കുന്നതിനുള്ള നിലപാടുകൾ സ്വീകരിക്കുന്ന കാഴ്ചയാണ് നമുക്ക് കാണാൻ സാധിക്കുന്നത്. ഇവിടെ ചർച്ചയുടെ ഭാഗമായി കാര്യങ്ങൾ സംസാരിക്കുമ്പോൾ ബഹുമാനപ്പെട്ട കെ. ബാബു അഴിമതിയെ സംബന്ധിച്ചു പറഞ്ഞു. ഞാൻ കോൺഗ്രസുകാരോട് ചോദിച്ചോട്ടെ, അഴിമതിയെ സംബന്ധിച്ചു സംസാരിക്കാൻ എങ്ങനെയാണ് കോൺഗ്രസുകാർക്ക് നാവ് പൊങ്ങുന്നത്? ശ്രീ. കെ. ബാബുവിന്റെ ചർമ്മ ശക്തിയെ നമസ്കരിക്കുകയല്ലാതെ വേറെന്താണ് ചെയ്യാൻ കഴിയുക? അഴിമതി എന്ന വാക്ക് ഉച്ചരിക്കാൻ കഴിയുന്ന ഒരു ഗവൺമെന്റാണോ ഇവിടെ ഭരിക്കുന്നത്. ഇവിടെ ടു-ജി- സ്പെക്ട്രത്തെക്കുറിച്ച് പറഞ്ഞു. യഥാർത്ഥത്തിൽ ടു-ജി-സ്പെക്ട്രമെന്നു പറയുന്നത് ഒരു വലിയ അഴിമതിയാണെന്ന് പറഞ്ഞത് ഞങ്ങളല്ല. സുപ്രീം കോടതിയാണ്. ഇതുപോലെ വലിയ അഴിമതി ഈ രാജ്യത്ത് വേറെയുണ്ടോ? ഈ രാജ്യത്തിനകത്ത് നാളിതുവരെ ഉണ്ടായിട്ടുള്ള അഴിമതിയുടെ സംഖ്യയുമായി താരതമ്യം ചെയ്താൽ ലജ്ജിച്ച് തലതാഴ്ത്തും. ടു-ജി-സ്പെക്ട്രത്തിലെ അഴിമതിയെ സംബന്ധിച്ച് പറഞ്ഞിരിക്കുന്നത് വേറെയാരുമല്ല, സുപ്രീം കോടതിയാണ്. കേന്ദ്രമന്ത്രിയെ സംബന്ധിച്ചും പ്രധാനമന്ത്രിയെ സംബന്ധിച്ചും ആക്ഷേപം ഉന്നയിച്ചത് സുപ്രീം കോടതിയാണ്. പതിനാറ് മാസങ്ങൾക്കുമുൻപ് ഈ കേസിലെ കുറ്റവാളിയായ രാജ എന്ന മന്ത്രിയെ പ്രോസിക്യൂട്ട് ചെയ്യണമെന്ന് എം.പി. സുബ്രഹ്മണ്യ സ്വാമി രേഖാമൂലം ആവശ്യപ്പെട്ടിട്ടും ആ കത്തിന് മേലെ പതിനാറ് മാസക്കാലം അടയിരുന്നു, ഇന്ത്യൻ പ്രധാനമന്ത്രി. അതിന്റെ കാരണമെന്താണ് എന്ന് ചോദിച്ചത് വേറെയാരുമല്ല, സുപ്രീം കോടതിയാണ്. എന്നിട്ട് സുപ്രീം കോടതി പറഞ്ഞിരിക്കുന്നു, ഇക്കാര്യം സംബന്ധിച്ച് പ്രധാനമന്ത്രി അഫിഡവിറ്റ് കൊടുക്കണമെന്ന്. പ്രധാനമന്ത്രിയുടെ കരങ്ങൾ സംക്ഷിപ്തമാണെന്ന് പൂർണ്ണമായിട്ട് ആർക്കാണ് വാദിക്കാൻ കഴിയുക. രാജാവ് നഗ്നനാണെന്ന് വിളിച്ചു പറയേണ്ട നില വന്നിരിക്കുന്നു എന്നുള്ളതല്ലേ കാണാൻ കഴിയുന്നത്. വൺ-ജി-സ്പെക്ട്രം നൽകിയത് 2001-ലാണ്. 2008-ലാണ് ടു-ജി-സ്പെക്ട്രം ലേലം ചെയ്യുന്നത്. ഇന്ത്യാ രാജ്യത്ത്. 2001-ൽ അൻപത് ലക്ഷം ടെലിഫോൺ കണക്ഷൻ ഉണ്ട്. 2008-ൽ 3500 ലക്ഷം

LIBRARY ARCHIVES Kerala Legislative Assembly

കണക്ഷൻ ഉണ്ട്. 2001-ലുള്ള അതേ വിലയ്ക്കു തന്നെ സ്പെക്ട്രം ലേലം ചെയ്യാൻ അതിനുശേഷമാണ് തീരുമാനിക്കുന്നത്. അത് എന്തിനുവേണ്ടിയാണ്? 2007-ൽ ഞങ്ങളുടെ പാർട്ടി നേതാവായ ശ്രീ. സീതാറാം യെച്ചൂരി നേരിട്ട് പ്രധാനമന്ത്രിക്ക് ഇക്കാര്യം സംബന്ധിച്ച് കത്ത് കൊടുത്തിട്ടുണ്ട്. ഇക്കാര്യത്തിൽ ഇടപെടട്ടോ? ഇതിനുവേണ്ടി ഉണ്ടാക്കിക്കൊണ്ടിരിക്കുന്ന ട്രായി എന്നു പറയുന്ന ഉപസമിതിയെ കേന്ദ്രമന്ത്രി. മറികടന്നില്ലേ? എന്നിട്ട് തനിക്ക് ഇഷ്ടമുള്ള ആളുകൾക്കും കമ്പനികൾക്കും കൊടുക്കുന്നതിനുവേണ്ടി, കമ്പനിയെന്നു പറഞ്ഞാൽ ടെലികോം രംഗത്തെ കമ്പനിയൊന്നുമല്ല. കോൺട്രാക്ട് കമ്പനികളാണ്. അതിന്റെ കൺസ്ട്രക്ഷൻ കമ്പനികൾ ഈ ലേലത്തിനകത്ത് ഞങ്ങൾക്ക് ലേലം കിട്ടണമെന്ന് പറഞ്ഞ് കൊടുത്തല്ലോ? 575 കമ്പനികൾ ലേലത്തിന് അപേക്ഷ കൊടുത്തപ്പോൾ അത് 122 കമ്പനികളായിട്ട് ചുരുക്കാൻ വേണ്ടി 48 മണിക്കൂർ പൈസ അടയ്ക്കാൻ സമയം കൊടുക്കുകയും. തനിക്ക് ഇഷ്ടമുള്ള കമ്പനികൾക്കെല്ലാം വിവരം കൊടുക്കുകയുമാണ്. എന്നിട്ട് അവരെല്ലാം എഗ്രിമെന്റും പണവുമെല്ലാം വച്ച് അവർക്ക് മാത്രമായി 2ജി. സ്പെക്ട്രത്തിന്റെ ലൈസൻസ് കൊടുക്കുകയുമാണ്. ഇതിന് കൃത്യമായ വ്യവസ്ഥയുണ്ട്. ഒരു കാരണവശാലും ലൈസൻസ് വിൽക്കാൻ പാടില്ല. ചില കമ്പനികൾ ലൈസൻസ് വിൽക്കുന്നു. അവർക്കുണ്ടായ ലാഭത്തിന്റെ കണക്ക് പറഞ്ഞു. മൂന്ന് കമ്പനികൾക്ക് കിട്ടിയ ലാഭം ഇരുപതിനായിരം കോടി രൂപ. എത്രമാത്രം ഗുരുതരമായ നിലയ്ക്കാണ് രാജ്യത്തിനകത്ത് അഴിമതി ദേശവൽക്കരിച്ച ഗവൺമെന്റായി കോൺഗ്രസ് ഗവൺമെന്റ് മാറുന്നത് എന്നല്ലേ ഇക്കാര്യം തെളിയിക്കുന്നത്. അതുപോലെ കോമൺവെൽത്ത് ഗെയിംസ്. ഇന്ത്യാ രാജ്യത്ത് ഒരു കോമൺ വെൽത്ത് ഗെയിംസ് വന്നാൽ ഭരിക്കുന്ന ഗവൺമെന്റിന് എന്ത് അഭിമാനം ഉണ്ടാകണം. കോമൺവെൽത്ത് ഗെയിംസിനെക്കുറിച്ച് ഒരു വാക്ക് ഉച്ചരിക്കാൻ കഴിയുമോ നമ്മുടെ കോൺഗ്രസ് ബന്ധുക്കൾക്ക്. അഴിമതിയുടെ മൂത്തേടനായി മാറിയിരിക്കുന്ന പാർട്ടിയാണ് കോൺഗ്രസ് എന്നല്ലേ ആ സംഭവങ്ങൾ തെളിയിക്കുന്നത്. അവിടെ ഒരു ക്രിക്കറ്റ് സ്റ്റേഡിയം എടുത്തു. നിലവിലുള്ള ജവഹർലാൽ നെഹ്റു സ്റ്റേഡിയം ഇതിന്റെ ഭാഗമായി നവീകരിച്ചു. ഹൈദരാബാദിൽ ആധുനിക സൗകര്യങ്ങളോടെ ഉണ്ടാക്കിയിട്ടുള്ള ക്രിക്കറ്റ് സ്റ്റേഡിയത്തിന്റെ ചെലവ് എത്രയാണെന്നറിയാമോ? തൊണ്ണൂറ് കോടി രൂപയാണ്. എന്നാൽ ജവഹർലാൽ നെഹ്റു സ്റ്റേഡിയം നവീകരിക്കാൻ വേണ്ടി കോൺഗ്രസ് ഉപയോഗിച്ചിരിക്കുന്നത് 961 കോടി രൂപയാണ്. പുതിയ സ്റ്റേഡിയം ഉണ്ടാക്കാൻ തൊണ്ണൂറ് കോടിരൂപ.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, 2003-ൽ 650 കോടി രൂപയ്ക്ക് നടത്താമെന്ന് പറഞ്ഞിരുന്ന കോമൺവെൽത്ത് ഗെയിംസ് നടത്തിയപ്പോൾ 70,000 കോടി രൂപയായത് എങ്ങനെയാണ്? ഇതെത് കണക്കാണെന്ന് മാസ്റ്റർക്ക് അറിയാമോ? 650 കോടി രൂപയിൽനിന്നും 70,000 കോടി രൂപ രണ്ടാമത്തെ ഒരു കണക്ക് 2ജി-സ്പെക്ട്രത്തിൽ തന്നെ 1,76,000 കോടി എന്നു പറയുന്നത് 13 അക്കങ്ങളുള്ള ഒരു നമ്പറാണ്. ഇതുണ്ടെങ്കിൽ ഇന്ത്യയിലെ എല്ലാ ഗ്രാമങ്ങളിലും സ്കൂൾ കെട്ടിടവും എല്ലാ വീട്ടിലും കക്കൂസ് ഉണ്ടാക്കാനുമുള്ള കാശുണ്ട്. ഇതിനെപ്പറ്റി മാസ്റ്റർ എന്ത് പറയുന്നു?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : സർ, 1,76,000 കോടി രൂപയുണ്ടെങ്കിൽ ഇന്ന് രാജ്യത്ത് നിലവിലുള്ള മുഴുവൻ ജനങ്ങൾക്കും ഒരു കിലോ അരിക്ക് രണ്ട് രൂപ വച്ച് 35 കിലോ അരി വീതം നാല് കൊല്ലക്കാലം കൊടുക്കാൻ കഴിയും. കക്കുന്ന പൈസയുടെ കണക്കാണിത്. കോമൺവെൽത്ത് ഗെയിംസ് ആരംഭിക്കുന്ന സമയത്ത് അതിന്റെ സംഘാടക സമിതി കണക്കാക്കിയ ചെലവ് 1699 കോടി രൂപയാണ്. റഫ് എസ്റ്റിമേറ്റാണ് എഴുപതിനായിരം കോടി രൂപ എന്നത്. യഥാർത്ഥത്തിൽ അതിനേക്കാൾ കവിയും. കീൻസ് ബാറ്റൺ റെയ്സിനുവേണ്ടി ചെലവഴിച്ചിരിക്കുന്ന സംഖ്യ രണ്ട് കോടി രൂപയാണ്. 1043 കോടി രൂപയുടെ ഗെയിംസ് വില്ലേജ് ഉണ്ടാക്കാൻ ടെണ്ടർ കൊടുക്കുന്നു. ഒരു വിദേശ കമ്പനിക്കുവേണ്ടി 700 കോടി രൂപയുടെ പ്രത്യേക പാക്കേജ് പിന്നീട് കൊടുക്കുന്നു. 'നാണക്കേടെ നിന്റെ പേര് കോൺഗ്രസ്സേ' എന്ന് ചോദിക്കാൻ കോൺഗ്രസുകാർക്ക് പോലും തോന്നുന്ന അഴിമതിയുടെ കഥകളല്ലേ നമ്മൾ കേട്ടുകൊണ്ടിരിക്കുന്നത്. എന്നിട്ടിപ്പോൾ പറഞ്ഞുകൊണ്ടിരിക്കുന്നത് എന്താണ്? കൽമാഡിയെ രാജി വയ്പ്പിക്കുന്നതുവഴി കാര്യങ്ങളെല്ലാം തീർന്നു. സുരേഷ് കൽമാഡി മുൻ കേന്ദ്രമന്ത്രിയാണ്. കോൺഗ്രസിന്റെ പാർലമെന്ററി പാർട്ടി സെക്രട്ടറിയാണ്. ഞാൻ കോൺഗ്രസുകാരോട് ചോദിക്കട്ടെ ശ്രീ. സുരേഷ് കൽമാഡി പാർലമെന്ററി പാർട്ടി സെക്രട്ടറിയാണെങ്കിൽ പാർലമെന്ററി പാർട്ടി ചെയർമാൻ ആരാണ്? സാക്ഷാൽ സോണിയാഗാന്ധി. സോണിയാഗാന്ധിയുടെ തൊട്ട് താഴെ നിൽക്കുന്ന ആളല്ലേ ഈ പറയുന്ന കൽമാഡി. അദ്ദേഹമല്ല ഈ അഴിമതിക്കെല്ലാം പൂർണ്ണമായ ഉത്തരവാദിത്വം വഹിച്ചിരിക്കുന്നത്. ഇന്നലെ പ്രധാനമന്ത്രി പറഞ്ഞിരിക്കുന്നു വേണമെങ്കിൽ തെളിവെടുപ്പിനു വേണ്ടി പി.എ.സി.-ക്കു മുന്നിൽ ഹാജരാകാമെന്ന്. എന്താണ് അങ്ങനെ പറയാൻ കാരണം? നമ്മുടെ നാട്ടിൻപുറത്ത് ഒരു ഭാഷയുണ്ട്. അച്ഛനെവിടെ എന്നു ചോദിച്ചാൽ അച്ഛൻ പത്തായത്തിൽ ഇല്ല എന്നുപറയുമെന്ന്. ഇവിടെ എന്തോ ഒരു കുറ്റബോധം കൊണ്ടല്ലേ പ്രധാനമന്ത്രി പറയുന്നത് പി.എ.സി.-ക്കു മുന്നിൽ ഹാജരാകാം എന്ന്. അല്ലെങ്കിൽ പ്രധാനമന്ത്രി അത് പറയേണ്ട കാര്യം എന്താണ്? ഉന്നതമായ നേതൃത്വത്തിന് പങ്കാളിത്തം ഉള്ള രൂപത്തിൽ അഴിമതി നടക്കുന്നു. മഹാരാഷ്ട്രയിലെ ആദർശ് സൊസൈറ്റി എത്ര നല്ല ആശയമാണ്. ഈ രാജ്യത്തിനുവേണ്ടി കാർഗിൽ യുദ്ധത്തിൽ പങ്കെടുത്ത് പിടഞ്ഞു മരിച്ച ഭടൻമാർക്കും അവരുടെ വിധവകൾക്കും ഫ്ളാറ്റ് നിർമ്മിച്ചു കൊടുക്കാൻ വേണ്ടി മഹാരാഷ്ട്രാ ഗവൺമെന്റ് തീരുമാനമെടുക്കുന്നു. നല്ല കാര്യം. അവിടെ ദക്ഷിണ ബോംബെയിലെ ഏറ്റവും പ്രധാനപ്പെട്ട ഇടത്തരക്കാരും സമ്പന്നൻമാരും താമസിക്കുന്ന കൊളാബാ പ്രദേശത്ത് ഒരു വലിയ ഫ്ളാറ്റെടുക്കുന്നു. ഞങ്ങളുടെയൊക്കെ ജില്ലയ്ക്കകത്ത് ഒരു ചെറിയ പാർക്ക് സ്ഥാപിച്ചപ്പോൾ കേന്ദ്ര പരിസ്ഥിതി വകുപ്പും എം.പി.-യുമെല്ലാം ഇടപെട്ടല്ലോ.

അവിടെ ഈ വലിയ ഫ്ളാറ്റ് എടുത്തതിന് പരിസ്ഥിതി വകുപ്പിന്റെ വല്ല അനുമതിയും കിട്ടിയോ നിങ്ങൾക്ക്? നിങ്ങൾ സി. ആർ. ഇസഡ് നിയമം അനുസരിച്ച് കൊളാബാ പ്രദേശത്ത് ഏറ്റവും ഉയരത്തിലെടുക്കാവുന്ന കെട്ടിടത്തിന്റെ ഉയരം മുപ്പത് മീറ്ററാണ്. ഇത് എടുത്തിരിക്കുന്നത് 31 നിലയുള്ള കെട്ടിടം, 103 മീറ്റർ ഉയരം. ഇതിന് ഒരു അനുമതിയുമില്ല. 101 ഫ്ളാറ്റുകൾ ഉണ്ട് അതിൽ. ഒരൊറ്റ ഫ്ളാറ്റ് കാർഗിൽ യുദ്ധത്തിൽ മരിച്ചുവീണ

LIBRARY ARCHIVES Kerala Legislative Assembly

ഏതെങ്കിലും ഒരു ടടന്റെ വിധവയ്ക്ക് കൊടുത്തോ നിങ്ങൾ? യുദ്ധത്തിൽ പങ്കെടുത്ത ആർക്കെങ്കിലും കൊടുക്കാൻ കഴിഞ്ഞോ നിങ്ങൾക്ക്? കോൺഗ്രസ്സ് നേതാക്കൻമാർക്ക് കൊടുത്തിട്ടുണ്ട്. കോൺഗ്രസ്സിന്റെ ഉത്തരവാദപ്പെട്ട ആളുകൾക്ക്, വ്യവസായ പ്രമുഖർക്ക്, വൻകിട കുത്തകകൾക്ക് കൊടുത്തിട്ടുണ്ട്. വേറെ ആർക്കാണ് കൊടുത്തിട്ടുള്ളത്? അവിടത്തെ മുഖ്യമന്ത്രി ശ്രീ. അശോക് ചവാൻ രാജി വച്ചിരിക്കുന്നു. അശോക് ചവാൻ മാത്രമാണോ; ഈ ഫ്ളാറ്റ് നേരത്തെ അഞ്ച് മുഖ്യമന്ത്രിമാർ ഒപ്പിട്ടുകൊടുത്തിട്ടുണ്ട്. ആ പ്രദേശത്തുള്ള ഫ്ളാറ്റിന്റെ ആവറേജ് വില എട്ടുകോടി, ഒൻപത് കോടി രൂപയാണ്. അറുപത് എഴുപത് ലക്ഷം രൂപയ്ക്കാണ് നിങ്ങൾ ആ ഫ്ളാറ്റ് കൊടുത്തത്. അതിനകത്ത് ഒരു ഫ്ളാറ്റ് കൊടുത്തതിന് ഇന്നത്തെ ഒരു കേന്ദ്രമന്ത്രിയാണ് ഒപ്പിട്ടിരിക്കുന്നത്. ഇന്നത്തെ മറ്റൊരു കേന്ദ്രമന്ത്രിയാണ് അതിലെ അൻപത്തിയൊന്ന് ഫ്ളാറ്റുകൾ കൊടുക്കാൻ വേണ്ടി ഒപ്പിട്ടിരിക്കുന്നത്. ശ്രീ. അശോക് ചവാൻ മാത്രം രാജി വച്ചാൽ പ്രശ്നം തീരുമോ? ഞാൻ അതാണ് പറഞ്ഞത് കോൺഗ്രസ്സ് ബഞ്ചുകൾക്കെങ്ങനെ നാവ് പൊന്തുന്നു. അഴിമതി എന്നു പറയുന്ന വാക്ക് ഉച്ചരിക്കാനുള്ള ആർജ്ജവം കോൺഗ്രസ്സ് ബഞ്ചുകൾക്ക് എവിടെയുണ്ടാവാനാണ്? ഞങ്ങൾക്ക് കോൺഗ്രസ്സിനെക്കുറിച്ച് ഒരുപാട് ആക്ഷേപങ്ങളുണ്ട് നെഹ്റു ഗവൺമെന്റ് അഴിമതിയുള്ള ഗവൺമെന്റാണെന്ന് കമ്മ്യൂണിസ്റ്റ് പാർട്ടി ഓഫ് മാർക്സിസ്റ്റ് ഒരുകാലത്തും പറഞ്ഞിട്ടില്ല. ഇന്ദിരാഗാന്ധി ഗവൺമെന്റിന്റെ കാലം വരെയുള്ള ഒരു കേന്ദ്രഗവൺമെന്റും അഴിമതിയുള്ള ഗവൺമെന്റാണെന്ന് ഞങ്ങൾ പറഞ്ഞിട്ടില്ല. രാജ്യത്താദ്യമായിട്ട് കോൺഗ്രസ്സിന്റെ ഗവൺമെന്റ് അഴിമതിയുള്ള ഗവൺമെന്റാണെന്ന് ഞങ്ങൾ പറഞ്ഞത് രാജീവ് ഗാന്ധി ഗവൺമെന്റിന്റെ കാലത്താണ്. ജോയിന്റ് പാർലമെന്ററി പാർട്ടി കമ്മിറ്റി അന്വേഷണം പാടില്ല എന്നു പറഞ്ഞതുകൊണ്ടാണല്ലോ ലോക്സഭയും രാജ്യസഭയും നടത്താൻ കഴിയാത്ത അവസ്ഥയുണ്ടായത്. എന്തിനാണ് ജെ.പി.സി. അന്വേഷണം? ഇവിടെ ബി.ജെ.പി. ഗവൺമെന്റിന്റെ കാലത്തുണ്ടായതാണല്ലോ തെഹൽക്ക അഴിമതി. അതിൽ ജെ.പി.സി. അന്വേഷണം വേണമെന്ന് ആരാണ് ആവശ്യപ്പെട്ടത്? രാജ്യസഭയിൽ ആ പ്രമേയം അവതരിപ്പിച്ചത് ശ്രീ. പ്രണബ് കുമാർ മുഖർജിയാണ്. കോൺഗ്രസ്സിന്റെ ആളല്ലേ അത്? ജെ.പി.സി. അന്വേഷണം ആവശ്യപ്പെട്ടുകൊണ്ട് ഏതാണ്ട് രണ്ടാഴ്ചക്കാലം പാർലമെന്റ് സ്തംഭിപ്പിച്ചിട്ടുണ്ട്. അന്നും കോൺഗ്രസ്സ് അദ്ധ്യക്ഷ സോണിയ ഗാന്ധി തന്നെയാണ്. ഇപ്പോൾ പറയുന്നത് ഒരു കാരണവശാലും ജെ.പി.സി .അന്വേഷണം ആവില്ല എന്നാണ്. ജനങ്ങളോട് ഉത്തരവാദിത്തമുള്ളവരായിരിക്കണം ഗവൺമെന്റ്. ഭരണ കർത്താക്കൾ യഥാർത്ഥത്തിൽ ന്യായമായിട്ടാണ് കാര്യങ്ങൾ ചെയ്യുന്നത് എന്ന് ജനങ്ങളെ ബോധ്യപ്പെടുത്താൻ ബാധ്യതയുള്ളവരാണ്. ഇന്ത്യയിലെ ഖജനാവ് കട്ടുമുടിക്കുന്ന, ഞാൻ നേരത്തെ പറഞ്ഞതുപോലെ അഴിമതി ദേശവത്കരിച്ച, അഴിമതിയുടെ നീർക്കയത്തിൽ മുങ്ങിയ ഗവൺമെന്റായി നമ്മുടെ രാജ്യം ഭരിക്കുന്ന കോൺഗ്രസ്സ് പാർട്ടിയും ഗവൺമെന്റും മാറുന്ന ദുഃഖകരമായ ചിത്രമാണ് ഇവിടെ കാണാൻ കഴിയുന്നത്. അതുകൊണ്ടാണ് ഞാൻ ചോദിച്ചത് എങ്ങനെയാണ് കോൺഗ്രസ്സിന്റെ ബഞ്ചിലിരിക്കുന്ന ശ്രീ. ബാബുവിന് അഴിമതിയുടെ കാര്യം സംസാരിക്കാൻ ആർജവം കിട്ടുന്നതെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

കേരളത്തിലെ ക്ഷീര മേഖലയിൽ ഈ ഗവൺമെന്റ് വന്നശേഷം നടത്തിയിരിക്കുന്ന ധാരാളം വികസന കാര്യങ്ങളെ സംബന്ധിച്ചു പറഞ്ഞു. യഥാർത്ഥത്തിൽ 2006-മുതലാണ് ഈ മേഖല വളരാൻ തുടങ്ങിയത്. നിങ്ങളുടെ ഗവൺമെന്റിന്റെ കാലത്ത് ഇത് അവഗണിക്കപ്പെട്ട മേഖലയായിരുന്നു. 2003-ൽ ഇവിടത്തെ ക്ഷീരോൽപ്പാദനം 21.11 ലക്ഷം ടണ്ണാണ്. അത് 2008-ൽ 22.47 ലക്ഷം ടണ്ണായി, 2009-ൽ 24.63 ലക്ഷം ടണ്ണായി വർദ്ധിച്ചിരിക്കുകയാണ്. നിങ്ങൾക്ക് ഭരിക്കാൻ നേരമുണ്ടായില്ലല്ലോ. നിങ്ങൾക്ക് എങ്ങനെ പരമാവധി അഴിമതി നടത്താൻ കഴിയും, ജനദ്രോഹപരമായ കാര്യങ്ങൾ നടത്താൻ കഴിയും: അതായിരുന്നല്ലോ നിങ്ങളുടെ ആലോചന. ഞങ്ങൾ പിന്നിട്ട ഈ നാലരക്കൊല്ലം കേരളത്തിന്റെ സമഗ്ര വികസനം മുന്നിൽകണ്ട് പറ്റാവുന്ന കാര്യങ്ങൾ ചെയ്യുന്നുണ്ട്. അതിന്റെ ഫലമായി എല്ലാ രംഗത്തും വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിഞ്ഞു. മുട്ടയുടെ ഉൽപ്പാദനം പതിനൊന്നുകോടി തൊണ്ണൂറ്റി ഒൻപതു ലക്ഷമാണ് 2007-ൽ, 13 കോടി 79 ലക്ഷം 2008-ൽ പതിനഞ്ച് ലക്ഷത്തി ഏഴായിരം ഈ കഴിഞ്ഞ കൊല്ലം. ചെറിയ വർദ്ധനവ് അല്ല ഉണ്ടായിട്ടുള്ളത്. എൽ.ഡി.എഫ്. ഗവൺമെന്റ് ഈ രംഗത്തെല്ലാം തന്നെ വമ്പിച്ച മുന്നേറ്റമാണ് ഉണ്ടാക്കിയിട്ടുള്ളത്. കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായി 2006-07 മുതൽ ഈ കൊല്ലംവരെ പാലുൽപ്പാദനത്തിൽ 6.12 ശതമാനവും മുട്ടയുടെ ഉൽപ്പാദനത്തിൽ 8.3 ശതമാനവും വർദ്ധനവുണ്ടായിട്ടുണ്ട്. 9.28 ശതമാനത്തിന്റെ വളർച്ചയാണ് ഈ കഴിഞ്ഞ കൊല്ലം മാത്രം മുട്ടയുൽപ്പാദനത്തിൽ കേരളം നേടിയിട്ടുള്ളത്. മുട്ടയുൽപ്പാദനത്തിൽ ഈ കഴിഞ്ഞ വർഷമുണ്ടായ നേട്ടം സമാനതകളില്ലാത്ത നേട്ടമാണ്. പ്രതിശീർഷ പാലുൽപ്പാദനം ദക്ഷിണേന്ത്യയിൽ കേരളത്തിലാണ് ഏറ്റവും കുറവ്. 182 ഗ്രാം per day മാത്രമേ ഉൽപ്പാദിപ്പിക്കുന്നുള്ളൂ. തമിഴ്നാട്ടിൽ അത് 300 ഗ്രാമിനടുത്തുവരും. ആ രംഗത്തെല്ലാം മാറ്റമുണ്ടാക്കാനുള്ള വലിയ ശ്രമങ്ങളാണ് എൽ.ഡി.എഫ്. ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. തീർച്ചയായും നേട്ടങ്ങൾക്ക് മകുടം ചാർത്താൻ കഴിയുന്ന, ആ നിക്ഷങ്ങളെ വ്യക്തമായ ലക്ഷ്യബോധത്തോടെ മുന്നോട്ട് നയിക്കാൻ കഴിയുന്ന ഒന്നാണ് ഈ സർവ്വകലാശാല നിയമം. ഈ നിയമത്തിൽ എന്തെല്ലാം കാര്യങ്ങൾ കൈകാര്യം ചെയ്യണമെന്ന് കൃത്യമായി വ്യവസ്ഥപ്പെടുത്തിയിട്ടുണ്ട്. തീർച്ചയായും ബില്ലിന്റെ പിന്നിടുള്ള ചർച്ചയിൽ അക്കാര്യം ഉന്നയിക്കാവുന്നതുകൊണ്ട് ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. പക്ഷേ മൃഗസംരക്ഷണ അനുബന്ധ മേഖലയ്ക്ക് ഇന്ന് ഗവേഷണ പ്രവർത്തനങ്ങൾ കുറവാണ്. ഡയറി, പൗൾട്രി, മാംസം, വൈൽഡ് ലൈഫ്. അതിന്റെ അനുബന്ധ മേഖലകൾ ഇതുമായി ബന്ധപ്പെട്ട് ഉന്നത നിലവാരത്തിലുള്ള വിദ്യാഭ്യാസം നൽകാനുള്ള സംവിധാനം ഇന്ന് കേരളത്തിലില്ല. ഈ മേഖലയിൽ ആളുകൾ പുറത്തുപോയാണ് പഠിക്കുന്നത്. പഠിച്ച ആളുകൾക്ക് ജോലിക്ക് സാധ്യതയില്ല. ഈ യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതു വഴി തീർച്ചയായും ഇത് പരിഹരിക്കാൻ കഴിയും. അതുപോലെ കർഷകർക്ക്, തൊഴിൽരഹിതരായ ആളുകൾക്ക് തൊഴിൽ കിട്ടാവുന്ന പുതിയ മേഖലയാണിത്. പുതിയ വ്യാവസായിക സംരംഭങ്ങൾ ആരംഭിക്കാൻ കഴിയും. അതിനാവശ്യമായ ട്രെയിനിംഗ്, കൺസൾട്ടൻസി, പ്രോജക്ട് പ്രിപ്പറേഷൻ അതിനൊന്നും ഒരു

LIBRARY ARCHIVES Kerala Legislative Assembly

സാഹചര്യവും ഇപ്പോൾ കേരളത്തിലില്ല. അഗ്രിക്കൾച്ചർ യൂണിവേഴ്സിറ്റി വഹിക്കുന്ന ചെറിയ പങ്കിനെ ഞാൻ നിഷേധിക്കുന്നില്ല. പക്ഷേ അത് അപര്യാപ്തമാണ്. ആ പങ്ക് ഫലവത്തായി നിർവ്വഹിക്കാൻ കഴിയുന്ന രൂപത്തിൽ വ്യവസായ സംഘാടനത്തിന് ധാരാളം കാര്യങ്ങൾ ചെയ്യാൻ നിർദ്ദിഷ്ട വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് സാധിക്കും. അതുപോലെ വിവിധങ്ങളായ മോഡലുകൾ വികസിപ്പിക്കുന്നതിനുവേണ്ടി സർക്കാരിന്റെയും സംഘടിത ഫാമുകളുടേയും മാനേജ്മെന്റിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കാനാവശ്യമായ പദ്ധതികളുണ്ടാക്കാനും ജൈവവിവര സാങ്കേതിക വിദ്യയെ ഈ മേഖലയുമായി ബന്ധിപ്പിക്കാനും ഉൽപ്പാദന രംഗത്ത് അത് വിന്യസിക്കാനും അതുവഴി ഉൽപ്പാദനവും വിപണനവും മെച്ചപ്പെടുത്താനും പറ്റുന്ന കാര്യങ്ങൾ ചെയ്യാവുന്ന അനന്തവിശാലമായ സാധ്യതകളാണ് ഈ മേഖലയുമായി ബന്ധപ്പെട്ടു കൊണ്ടുള്ളത്. അർഹിക്കുന്ന കരങ്ങളിൽത്തന്നെ ഇതിന്റെ ഭരണം ചെന്നുപെട്ടാൽ ഒരുപാട് കാര്യങ്ങൾ ഇതുമായി ബന്ധപ്പെട്ട് ചെയ്യാൻ കഴിയുന്ന ഒരു നില കേരളത്തെ സംബന്ധിച്ചുണ്ട്. അത് പ്രയോജനപ്പെടുത്താൻ ഈ നിയമത്തിന് സാധിക്കും എന്നുതന്നെയാണ് ഞാൻ വിചാരിക്കുന്നത്. അതോടൊപ്പംതന്നെ യഥാർത്ഥത്തിലുള്ള വികസനവുമായി ബന്ധപ്പെട്ട് ഇന്നുനടന്നുകൊണ്ടിരിക്കുന്നത് മൈക്രോ ലെവൽ ഗവേഷണങ്ങളാണ്. കേരളത്തിനകത്ത് ആ തലത്തിൽ കാര്യങ്ങൾ നടക്കുന്നില്ല. കേരളത്തിലെ പ്രത്യേക കാലാവസ്ഥയ്ക്കും ജനങ്ങളുടെ ജീവിത രീതിയുമായി ബന്ധപ്പെട്ട സവിശേഷതകൾക്കും പ്രാമുഖ്യം കൊടുത്ത് കാലാവസ്ഥയ്ക്കനുസരിച്ചുള്ള പുതിയ ബ്രീഡുകൾ ഉണ്ടാക്കുക, കേരളത്തിലെ ജനങ്ങൾക്കാവശ്യമായ തരത്തിലുള്ള ഉൽപ്പന്നങ്ങൾ കണ്ടെത്തുക തുടങ്ങിയ കാര്യങ്ങൾക്കുള്ള ശ്രമങ്ങളിൽ തീർച്ചയായും ഗവേഷണത്തിന്റെ പ്രാധാന്യം വളരെ പ്രധാനപ്പെട്ടതാണ്. ഈ യൂണിവേഴ്സിറ്റിക്ക് ആ രംഗത്തും പ്രധാനപ്പെട്ട പങ്ക് നിർവ്വഹിക്കാൻ കഴിയും. എന്തായാലും ലോകത്തുണ്ടാകുന്ന പുതിയ അറിവുകൾ പരിപൂർണ്ണമായി കേരളത്തിൽ പ്രാവർത്തികമാക്കാൻ കഴിയില്ല. കേരളത്തിലെ പ്രത്യേകതയ്ക്കൊത്ത്, ഭൂപ്രകൃതിക്കൊത്ത്, കാലാവസ്ഥയ്ക്കൊത്ത്, ജനങ്ങളുടെ ജീവിതരീതിക്കൊത്ത് മാറ്റങ്ങൾ വരുത്താനും അത് കേരളീയരുടെ ജീവിതത്തിൽ വലിയ മാറ്റങ്ങൾ ഉണ്ടാക്കാൻ പറ്റുന്ന രൂപത്തിൽ പ്രയോജനപ്പെടുത്താനും കഴിയണം. മൃഗസംരക്ഷണ മേഖലയിലെ ശാസ്ത്രജ്ഞൻമാർക്ക് വിവിധ പരിശീലന പരിപാടികൾവഴി കൂടുതൽ മുന്നേറ്റം ഉണ്ടാക്കാൻ കഴിയും. കൃഷിക്കാർക്ക് ആവശ്യമായ നിലയിൽ ഈ മേഖലയിലെ സാങ്കേതിക ജ്ഞാനം കൈമാറാൻ വേണ്ട പ്രവർത്തനങ്ങൾ സംഘടിപ്പിക്കാൻ കഴിയും. കേരളത്തിലെ കാലാവസ്ഥയ്ക്കനുസൃതമായ കന്നുകാലി ജനുസ്സുകൾ, അവയുടെ പുതിയ വംശവർദ്ധന, സങ്കേതങ്ങൾ ഇവയൊക്കെ കണ്ടെത്താനും വ്യാപകമാക്കാനുമുള്ള ഒരുപാട് കാര്യങ്ങൾ ചെയ്യാൻ ഈ സർവ്വകലാശാലയ്ക്ക് സാധിക്കും. ആരോഗ്യമേഖലയിൽ ഭക്ഷ്യ സുരക്ഷ, പോഷക സുരക്ഷ ഇവയെല്ലാം ഉറപ്പു വരുത്തുന്നതിന് ഈ യൂണിവേഴ്സിറ്റിയെ ഫലവത്തായി ഉപയോഗിക്കാൻ കഴിയും. ജന്തുജന്യ ഭക്ഷ്യ വസ്തുക്കളുടെ വൻതോതിലുള്ള ഉൽപ്പാദനത്തെ, വിപണനത്തെ പ്രോത്സാഹിപ്പിക്കാൻ കഴിയും. അതുവഴി കേരളം നേരിട്ടു കൊണ്ടിരിക്കുന്ന ഏറ്റവും രൂക്ഷമായ തൊഴിലില്ലായ്മയ്ക്ക് പരിഹാരം

LIBRARY ARCHIVES Kerala Legislative Assembly

കാണാനും ഗ്രാമീണ മേഖലയിൽ തൊഴിലില്ലാത്ത സ്ത്രീകളുടെ വരുമാനം വർദ്ധിപ്പിക്കാനും കാർഷിക-കാർഷികേതര പദ്ധതികൾ വികസിപ്പിക്കാനും വമ്പിച്ച രൂപത്തിലുള്ള മുന്നേറ്റമുണ്ടാക്കാനും ഈ നിയമ നിർമ്മാണം വഴിയും അതിനോടനുബന്ധിച്ച് സ്ഥാപിക്കപ്പെടുന്ന സർവ്വകലാശാല വഴിയും സാധിക്കും. അതോടൊപ്പം കന്നുകാലികളുടെ തീറ്റനിർമ്മാണം, മൃഗ ചികിത്സയുമായി ബന്ധപ്പെട്ട നവീനമായ ഗവേഷണങ്ങളുടെ ഫലമായി പുതിയ വാക്സിനുകൾ, പുതിയ രോഗനിർണ്ണയ സങ്കേതങ്ങൾ ഇവയൊക്കെ അന്താരാഷ്ട്ര രംഗത്ത് വളരെ വികാസം പ്രാപിച്ചവയാണ്. അതൊന്നും കേരളത്തിലേക്ക് എത്തിപ്പെടുന്നില്ല. അന്താരാഷ്ട്ര രംഗത്തുണ്ടായിരിക്കുന്ന വിജ്ഞാനത്തെ പൂർണ്ണമായി കേരളത്തിലേക്ക് കൊണ്ടുവരാനും കേരളത്തിലെ സവിശേഷതകൾക്കും പ്രത്യേകതകൾക്കുമൊത്ത് അവ നടപ്പിലാക്കാനുമുള്ള പ്രവർത്തനങ്ങളിൽ ഒരുപാട് കാര്യങ്ങൾ ചെയ്യാൻ കഴിയുന്ന ഒന്നായി നമുക്ക് ഈ സർവ്വകലാശാലയെ വികസിപ്പിക്കാൻ സാധിക്കും. ആ നിലയ്ക്ക് കേരളത്തിന്റെ ആവശ്യങ്ങളുമായി ബന്ധമുള്ള, കേരളം നേരിട്ടു കൊണ്ടിരിക്കുന്ന ഈ മേഖലയിലെ പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ കഴിയുന്ന ഒരു വാതിൽ തുറക്കുന്ന സമഗ്രമായ നിയമമാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി പൈലറ്റ് ചെയ്തിരിക്കുന്നത്. ഈ നിയമം ശരിയായ രീതിയിൽ നടപ്പിലാക്കാനും കേരളത്തിന്റെ പ്രശ്നങ്ങളെ വളരെ വ്യക്തമായ നിലയ്ക്ക് തിരിച്ചറിഞ്ഞ് പരിഹരിക്കുന്നതിനും വേണ്ടി നിർദ്ദിഷ്ട സർവ്വകലാശാലയെ ഉപയോഗിക്കുന്നതിനുള്ള ശ്രമങ്ങൾക്കുകൂടി ബഹുമാനപ്പെട്ട മന്ത്രി ആവശ്യമായ നേതൃത്വം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് സമയബന്ധിതമായി, പുതിയ അക്കാദമിക് ഇയർ ആരംഭിക്കുന്നതിന് മുൻപുതന്നെ ഫുൾ ഫ്ളെഡ്ജ്ഡ് ആയിട്ടുള്ള ഒരു സർവ്വകലാശാലയായി ഇതിനെ മാറ്റിയെടുക്കാനുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ ഭേദഗതി അവതരിപ്പിച്ചുകൊണ്ട് അവസാനിപ്പിക്കുകയാണ്.

ശ്രീ. എ. പി. അനിൽ കുമാർ : സർ, കേരള വെറ്ററിനറിയും ജന്തുശാസ്ത്രങ്ങളും സർവ്വകലാശാല ബിൽ 2010, ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്ന ഭേദഗതി അവതരിപ്പിക്കുന്നു. പുതിയ ഒരു സർവ്വകലാശാല കൂടി കേരളത്തിൽ ആരംഭിക്കുന്നതുമായി ബന്ധപ്പെട്ടുള്ള ചർച്ചകളാണ് ഇവിടെ നടക്കുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് യു.ജി.സി. ഉൾപ്പെടെ ചർച്ച ചെയ്തുകൊണ്ടിരിക്കുന്ന ഒരു സാഹചര്യത്തിലാണ് വെറ്ററിനറി ആന്റ് ആനിമൽ ഹസ്ബന്ററി സർവ്വകലാശാലയുടെ കാര്യം ഇവിടെ ചർച്ച ചെയ്യുന്നത്. ബഹുമാനപ്പെട്ട മന്ത്രി ബിൽ അവതരിപ്പിച്ചുകൊണ്ട് സംസാരിച്ചപ്പോൾ പറഞ്ഞത് മാംസ ഉൽപ്പാദന രംഗത്തും പാലുൽപ്പാദന രംഗത്തും മുട്ടയുൽപ്പാദന രംഗത്തുമൊക്കെ വലിയ മുന്നേറ്റമുണ്ടാക്കാൻ കഴിയുന്ന ഒരു സാഹചര്യം സൃഷ്ടിക്കാൻ കൂടി ഈ സർവ്വകലാശാല കൊണ്ട് കഴിയുമെന്നാണ്. യഥാർത്ഥത്തിൽ നമ്മുടെ മുട്ടയുൽപ്പാദനം കുറയുന്നത് അല്ലെങ്കിൽ മാംസ്യോൽപ്പാദനം കുറയുന്നത് അല്ലെങ്കിൽ അവ ആവശ്യത്തിന് നമുക്ക് തികയാതെ വരുന്നത് ഒരു സർവ്വകലാശാലയുടെ കുറവുകൊണ്ടാണോ? ഒരു

LIBRARY ARCHIVES Kerala Legislative Assembly

സർവ്വകലാശാലയുണ്ടായിക്കഴിഞ്ഞാൽ ഇതൊക്കെ വർദ്ധിപ്പിക്കാൻ സാധിക്കുമെന്നുള്ളത് നമ്മുടെ മിഥ്യാധാരണയല്ലേ? നമുക്ക് അഗ്രിക്കൾച്ചറിന്റെ സർവ്വകലാശാലയുണ്ട്. ഞാൻ രണ്ട് വർഷക്കാലം കാർഷിക സർവ്വകലാശാലയുടെ എക്സിക്യൂട്ടീവ് മെമ്പറായിരുന്ന ഒരാളാണ്. ഞാൻ അതിന്റെ എല്ലാ മീറ്റിംഗിലും പങ്കെടുത്ത ആളാണ്. നിർഭാഗ്യമെന്നു പറയട്ടെ അവിടുത്തെ എക്സിക്യൂട്ടീവ് കമ്മിറ്റി ചർച്ച ചെയ്യുന്ന കാര്യങ്ങളിൽ ബഹുഭൂരിപക്ഷവും യഥാർത്ഥത്തിൽ അവിടത്തെ ജീവനക്കാരുടെ പ്രശ്നങ്ങളാണ്. അവരുടെ അലവൻസ്, വേതനം, നിയമങ്ങൾ എന്നിവ സംബന്ധിച്ചാണ്. യഥാർത്ഥത്തിൽ കാർഷിക രംഗത്തുണ്ടാകുന്ന ഗവേഷണങ്ങളെക്കുറിച്ച് പലപ്പോഴും കാർഷിക യൂണിവേഴ്സിറ്റിയിൽ വേണ്ട രീതിയിലുള്ള ചർച്ച ആ കാലങ്ങളിൽ നടക്കാറില്ല. ഇപ്പോഴും അത് തന്നെയാണ് സ്ഥിതി. ഇവിടെ ശ്രീ. സി. പി. മുഹമ്മദ് ഇതിനെക്കുറിച്ച് വളരെ വിശദമായി സൂചിപ്പിച്ചു. അതുകൊണ്ട് ഞാൻ അത്തരം കാര്യങ്ങളിലേക്ക് കടക്കുന്നില്ല. യഥാർത്ഥത്തിൽ നമ്മുടെ കാർഷികമേഖലയുടെ തകർച്ചയ്ക്ക് കാരണം കാർഷിക സർവ്വകലാശാലയുടെ പിന്തുണ ഇല്ലാത്തതാണോ? കാർഷിക സർവ്വകലാശാലയിൽ കാര്യങ്ങൾ വേണ്ട രീതിയിൽ നടന്നുകഴിഞ്ഞാൽ കാർഷിക രംഗത്ത് വളർച്ചയുണ്ടാകുമോ? യഥാർത്ഥത്തിൽ കാർഷിക കേരളം എന്ന് പറയുന്ന നമ്മുടെ സംസ്ഥാനം ഇന്ന് കാർഷിക മേഖലയിൽനിന്ന് ബഹുദൂരം പുറകോട്ട് പോയിരിക്കുകയാണ്.. നമ്മുടെ വ്യാവസായിക മുന്നേറ്റം, സാമ്പത്തികമായ വളർച്ച മറ്റേതെങ്കിലും രീതിയിൽ എന്നൊക്കെയുള്ള ഒരു സങ്കൽപ്പത്തിലേക്ക് നമ്മൾ പോകുകയും കാർഷിക രംഗത്ത് നമ്മൾ ഏറെ പുറകോട്ട് പോകുകയും ചെയ്തു. അതുകൊണ്ട് തന്നെ കാർഷിക പ്രവൃത്തി എന്ന് പറയുന്നത് മലയാളിയെ സംബന്ധിച്ചിടത്തോളം കൃഷി ഭൂമി ഉണ്ടെന്നുള്ളത് മുമ്പ് അഭിമാനത്തിന്റെ പ്രതീകമായിരുന്നുവെങ്കിൽ ഇന്ന് അത് അപമാനകരമായി കാണുന്ന സാഹചര്യമാണ്. അത്തരം സാഹചര്യങ്ങൾ നിലനിൽക്കുമ്പോൾ മലയാളികളുടെ ആ ഒരു മാനസികാവസ്ഥയിൽ മാറ്റം സൃഷ്ടിക്കുന്നതിനുപകരം യൂണിവേഴ്സിറ്റികൾ ഉണ്ടാക്കി, അവിടെ ഗവേഷണം നടത്തി ആ ഗവേഷണ ഫലം കൊണ്ട് നമുക്ക് ഈ രംഗത്ത് വലിയ വളർച്ചയുണ്ടാക്കാമെന്ന് കരുതുന്നത് തീർത്തും മിഥ്യാധാരണയാണ്. ഇവിടെ മുട്ടയും പാലും മാംസവുമൊക്കെ ഉൽപ്പാദിപ്പിക്കാനാണ് ഒരു യൂണിവേഴ്സിറ്റി വേണമെന്ന് പറയുന്നത്. യഥാർത്ഥത്തിൽ അങ്ങേക്കറിയാം, അങ്ങയോടൊപ്പമുള്ള ശ്രീ. മുല്ലക്കരത്നാകരന്റെ കീഴിലാണ് ഇന്ന് കാർഷിക സർവ്വകലാശാലയുള്ളത്. ആ കാർഷിക സർവ്വകലാശാലയെ രണ്ടാക്കി മാറ്റിക്കൊണ്ട്, അത് ദുർബ്ബലമാക്കി കൊണ്ടാണ് പുതിയ വെറ്ററിനറി സർവ്വകലാശാല ഉണ്ടാക്കാൻ പോകുന്നത്. നിലവിലുള്ള സർവ്വകലാശാലകളിൽത്തന്നെ കാര്യങ്ങൾ നല്ലനിലയിൽ പോകുന്നില്ല. ഈ പുതിയ സർവ്വകലാശാലയുണ്ടാക്കിയാൽ, വളരെ കുറച്ച് കുട്ടികൾ മാത്രമേ ഉണ്ടാകുകയുള്ളൂ. ആ കുട്ടികൾക്കുവേണ്ടി കോടിക്കണക്കിന് രൂപ ചെലവഴിച്ചു കൊണ്ട് ഗവേഷണം നടത്തണമെന്ന് പറഞ്ഞു. ഗവേഷണങ്ങൾ നടത്തി കാർഷിക മേഖലയെയും മൃഗസംരക്ഷണ മേഖലയെയുമൊക്കെ പുഷ്ടിപ്പെടുത്താൻ നമുക്ക് ഒരു റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് പോരേ? ഒരു അന്താരാഷ്ട്ര തലത്തിലുള്ള റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടായാൽ അവിടെ ഏത് ഗവേഷണവും നടത്താമല്ലോ.

LIBRARY ARCHIVES Kerala Legislative Assembly

അതിന് ഒരു സർവ്വകലാശാലയുടെ ആവശ്യമുണ്ടോ? ഇന്ന് ലോകത്തും ഇന്ത്യയിലും ചർച്ച ചെയ്യപ്പെടുന്നത് ഇത്തരം പുതിയ യൂണിവേഴ്സിറ്റികളുടെ ആവശ്യമില്ല എന്നുള്ളതാണ്. നോളഡ്ജ് എന്ന് പറയുന്നത് ഏതെങ്കിലും ഒരു കംപാർട്ടുമെന്റിൽ ഒതുക്കി നിർത്താവുന്ന ഒന്നല്ല. അതുകൊണ്ട് എല്ലാ വിവരങ്ങൾക്കും ഒരോ യൂണിവേഴ്സിറ്റി എന്നുപറയുന്നത് ശരിയായ നടപടിക്രമമല്ല. പരസ്പരം ബന്ധപ്പെട്ട് കിടക്കുന്ന ഒന്നാണ് അറിവ്. ആ അറിവുകളെ സമന്വയിപ്പിക്കുന്നതിനുള്ള യൂണിവേഴ്സിറ്റികൾ തന്നെ ഇന്ന് ധാരാളമാണെന്ന് ചിന്തിക്കുന്ന ഒരു കാലഘട്ടത്തിലാണ് ഇവിടെ കന്നുകാലികൾക്കും മിണ്ടാപ്രാണികൾക്കും ഒരു യൂണിവേഴ്സിറ്റി വരുന്നത്. തീർച്ചയായിട്ടും അത് നല്ല കാര്യമാണ്. ഞാൻ ആ രീതിയിൽ അതിനെ എതിർക്കുന്നില്ല. കാർഷിക സർവ്വകലാശാലയിൽ നിലനിർത്തിക്കൊണ്ടുതന്നെ ഇത്തരം കാര്യങ്ങളൊക്കെ ചെയ്യാനുള്ള എല്ലാ സാഹചര്യങ്ങളുമുണ്ട്. നിലവിലുള്ള കാർഷിക സർവ്വകലാശാലയിൽ കാർഷിക മേഖലയിലും മൃഗസംരക്ഷണ രംഗത്തും നടപ്പാക്കേണ്ട കാര്യങ്ങളെക്കുറിച്ച് ചർച്ച ചെയ്യുവാനും ഗവേഷണം നടത്തുവാനും അതിന്റെ ഗവേഷണ ഫലങ്ങൾ ജനങ്ങളിലേക്ക് എത്തിക്കുവാനും സാധിക്കുന്ന സാഹചര്യങ്ങളുണ്ട്. അതിന് സാധിക്കുന്നില്ല എന്നുള്ള ഒരു യാഥാർത്ഥ്യം മുന്നിലുള്ളപ്പോൾ, കാർഷിക സർവ്വകലാശാല കേരളത്തിലെ കാർഷിക മേഖലയുമായി ഒരു ബന്ധവുമില്ലാതെ മുന്നോട്ടുപോകുന്ന സാഹചര്യത്തിലാണ് ഇപ്പോൾ വീണ്ടും മൃഗസംരക്ഷണ മേഖലയിലും ആനിമൽ സയൻസുമായി ബന്ധപ്പെട്ടുമൊക്കെ ഒരു യൂണിവേഴ്സിറ്റി ഉണ്ടാക്കുന്നത്. യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് എന്തുമാത്രം അധിക ബാധ്യതയാണ് നമുക്ക് വരുന്നത്. നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ സ്ഥിതി പറയേണ്ട കാര്യമില്ല. നിലവിലുള്ള യൂണിവേഴ്സിറ്റികളുടെ നിലവാരം മെച്ചപ്പെടുത്തി മുന്നോട്ട് കൊണ്ടുപോകാനുള്ള ശ്രമങ്ങൾ നടത്തുന്നതിനുപകരം ഇന്ന് മുറുക്കാൻ കടകൾ പോലെ യൂണിവേഴ്സിറ്റികൾ കൊണ്ടുവരുന്നത് ഗവേഷണ രംഗത്തുപോലും ഗൗരവതരമായ കാര്യങ്ങൾ നടക്കാതെ പോകുമെന്നുള്ളതിന് തെളിവാണ്. ഇന്ന് ധാരാളം യൂണിവേഴ്സിറ്റികളുണ്ട്. ആ യൂണിവേഴ്സിറ്റികളൊക്കെ എത്രമാത്രം ആക്ഷേപങ്ങളുമായിട്ടാണ് ഓരോ ദിവസവും മുന്നോട്ട് പോകുന്നത്. പരീക്ഷാ നടത്തിപ്പും നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങളിലെല്ലാം ഇന്ന് ധാരാളം ആക്ഷേപങ്ങളുണ്ട്. യൂണിവേഴ്സിറ്റികൾ എന്നുപറയുന്നത് നാടിന്റെ അഭിമാനവുമായി ബന്ധപ്പെട്ട് നിൽക്കുന്ന ഒന്നാണ്. വിദ്യാഭ്യാസ മേഖലയിൽ നമ്മുടെ സംസ്കാരം തന്നെ പടുത്തുയർത്തുന്നതിന് പൗരാണികമായി സർവ്വകലാശാലകൾക്ക് വലിയ പങ്കുണ്ട്. പക്ഷേ ഇന്ന് നമ്മുടെ സംസ്ഥാനത്തുനിന്നും യൂണിവേഴ്സിറ്റികളെക്കുറിച്ച് അപമാനകരമായ വാർത്തകളാണ് ഓരോ ദിവസവും പത്രമാധ്യമങ്ങളിൽ വരുന്നത്. നിയമനവുമായി ബന്ധപ്പെട്ട കാര്യങ്ങൾ ഇവിടെ പറഞ്ഞു. പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട ക്രമക്കേടുകൾ നമ്മൾ നിരന്തരം കേട്ടുകൊണ്ടിരിക്കുന്നു. യൂണിവേഴ്സിറ്റികൾ അതിന്റെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിന് പകരം ഇന്ന് നമുക്കൊരു ബാദ്ധ്യതയായി മാറുകയാണ്. ഈ സാഹചര്യത്തിൽ ഒരു പുതിയ സർവ്വകലാശാല കൂടി കൊണ്ടുവന്ന് ഇവിടെ ഗവേഷണം നടത്തി മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കാം, മാംസോൽപ്പാദനം വർദ്ധിപ്പിക്കാം കന്നുകാലി സംരക്ഷണം വിപുലമാക്കാം

LIBRARY ARCHIVES Kerala Legislative Assembly

എന്നൊക്കെ പറയുന്നത് യുക്തിസഹമല്ല. ഇത് നമുക്കൊരു വെള്ളാന തന്നെയാണെന്നുള്ള കാര്യം സാധാരണക്കാരന് മനസ്സിലാകും. സിൻഡിക്കേറ്റും സെനറ്റും ജനറൽ കൗൺസിലുമൊക്കെ ഇതിന്റെ ഭാഗമായിട്ടുണ്ടല്ലോ. അതിലൊക്കെ നിയമനങ്ങൾ നടത്തി ക്രമക്കേടുകളുണ്ടാക്കി പോകുക എന്നുള്ളതല്ലാതെ ഇതുകൊണ്ട് ഒരു ഗുണവും കേരളത്തിലെ മൃഗസംരക്ഷണ രംഗത്ത് ലഭിക്കുകയില്ല. കാർഷിക മേഖലയുടെ കീഴിലാണ് മൃഗസംരക്ഷണവും ആനിമൽ സയൻസുമൊക്കെ ഇപ്പോൾ നിൽക്കുന്നത്. ഇത് വെറുതെ ഉണ്ടാക്കിയതല്ല നമുക്കറിയാം, പൗരാണിക സംസ്കാരം തന്നെ ഉണ്ടായി വരുന്നത് കൃഷിയുമായി ബന്ധപ്പെട്ടാണ്. കൃഷിയുമായി ബന്ധപ്പെട്ട് വരുന്നിടത്ത് ഏറ്റവും പ്രധാനമായി കണ്ടുവരുന്നത് കന്നുകാലി വളർത്തലും അതിൽനിന്ന് കിട്ടുന്ന നേട്ടവുമൊക്കെയാണ്. യഥാർത്ഥത്തിൽ കൃഷിയും കന്നുകാലി വളർത്തലുമൊക്കെ മനുഷ്യന്റെ വളർച്ചയിൽ സമൂഹവുമായി ബന്ധപ്പെട്ട് കിടക്കുന്ന ഒന്നാണ്. അതിനെ രണ്ടാക്കി മാറ്റേണ്ട ഒരു കാര്യവുമില്ല. കാർഷിക സർവ്വകലാശാല തന്നെ അതിന് ഉദാഹരണമാണ്. ഇത് രണ്ടും രണ്ടാക്കി കഴിഞ്ഞാൽ രണ്ട് മേഖലയും നന്നായി പോകുമെന്ന് ധരിക്കേണ്ട. രണ്ട് മേഖലയും രണ്ടായി പോകേണ്ട ഒന്നല്ല, ഒന്നായി പോകേണ്ടതാണെന്ന് സമൂഹത്തിന്റെ ഓരോ ഘട്ടത്തിലുമുള്ള വളർച്ചയിലും നമുക്ക് ബോദ്ധ്യമാകും. കാരണം കൃഷിയും മനുഷ്യനും പരസ്പരം ബന്ധപ്പെട്ടിരിക്കുന്നു. അങ്ങനെ ബന്ധപ്പെട്ടു കിടക്കുന്ന ഒന്നിനെയാണ് മാറ്റി മുറിച്ച് കൂടുതൽ നല്ല രീതിയിൽ ആക്കാമെന്നുള്ള വ്യാമോഹത്തോടുകൂടി മുന്നോട്ട് പോകുന്നത്. അതുകൊണ്ട് ഞാൻ ആവർത്തിച്ച് പറയുന്നില്ല. യഥാർത്ഥത്തിൽ ഈ യൂണിവേഴ്സിറ്റി നിലവിൽ വന്നാൽ നമുക്കൊരു ബാധ്യത കൂടി വരികയാണ്. ഈ യൂണിവേഴ്സിറ്റികൊണ്ട് കേരളത്തിലെ മൃഗങ്ങൾക്ക് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. കുറെ മനുഷ്യരെ രക്ഷപ്പെടുത്താൻ സാധിക്കുമെങ്കിൽ പിന്നെ അങ്ങനെയെങ്കിലും നല്ലതെന്ന് പറയുകയല്ലാതെ മൃഗങ്ങൾക്ക് ഏതായാലും ഇതുകൊണ്ട് ഒരു ഗുണവും ഉണ്ടാകാൻ പോകുന്നില്ല. ഇവിടെ മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കണമെങ്കിൽ, കന്നുകാലികൾക്ക് സംരക്ഷണം ലഭിക്കണമെങ്കിൽ നമ്മൾ അതിനുള്ള മാർഗ്ഗം കണ്ടെത്തണം. അതിനൊരു ഡിപ്പാർട്ടുമെന്റ് നമുക്കുണ്ട്. ഇന്ന് പാലുൽപ്പാദനത്തിൽ നമ്മൾ വളരെ മുന്നോട്ട് പോയിട്ടുണ്ട്. മാറിമാറി വരുന്ന ഗവൺമെന്റുകൾ ക്ഷീരോൽപ്പാദന രംഗത്ത് ധാരാളം കാര്യങ്ങൾ ചെയ്തു. ഇന്ന് ഈ രംഗത്ത് ധാരാളം ക്ഷീര കർഷകർ വരുന്നു. മന്ത്രി തന്നെ ഇവിടെ പറയുകയുണ്ടായി, നമുക്കാവശ്യമായ പാലിന്റെ 80 ശതമാനം കേരളത്തിൽ ഉൽപ്പാദിപ്പിക്കുന്നു എന്ന്. എനിക്ക് തോന്നുന്നു ഒന്നുകൂടി നന്നായി പോയിക്കഴിഞ്ഞാൽ അത് നൂറ് ശതമാനമാക്കാൻ സാധിക്കും. തമിഴ്നാട്ടിൽ നിന്നും കർണ്ണാടകയിൽനിന്നും വരുന്ന പാലിനെ ആശ്രയിക്കേണ്ട സ്ഥിതി വരാത്ത ഒരു സാഹചര്യം വരാനിരിക്കുന്ന വർഷങ്ങളിലുണ്ടാകും. ഇവിടെ യൂണിവേഴ്സിറ്റിയുള്ളതുകൊണ്ടാണോ ക്ഷീര കർഷകർ ഇവിടെ പാലുൽപ്പാദിപ്പിച്ചത്? ഒരിക്കലുമല്ല. ക്ഷീരകർഷകർക്ക് അർഹമായ രീതിയിലുള്ള ഒരു പരിഗണന മാറിമാറി വരുന്ന ഗവൺമെന്റുകൾ നൽകി. ക്ഷീര കർഷകർക്ക് പെൻഷൻ നൽകുന്നതിനും പാലിന് മിതമായ വില നൽകുവാനും തീരുമാനിച്ചു. അങ്ങനെ വന്നപ്പോൾ ഈ രംഗത്തേക്ക്

LIBRARY ARCHIVES Kerala Legislative Assembly

കൂടുതൽ ആളുകൾ കടന്നുവന്നു. ആ ഒരു കടന്നുവരവാണ് ക്ഷീരോൽപ്പാദന രംഗത്ത് വലിയ മുന്നേറ്റമുണ്ടാക്കിയത്. അത് 100 ശതമാനമാക്കാൻ സാധിക്കുന്ന ഒരു സാഹചര്യത്തിലേക്ക് നമ്മൾ പോകുകയാണ്. കേരളത്തിലെ 90 ശതമാനം ആളുകളും സസ്യേതര ഭക്ഷണം ആഗ്രഹിക്കുന്നവരാണ്. അതുകൊണ്ടുതന്നെ ആ രംഗത്ത് എന്ത് ചെയ്യുവാൻ സാധിക്കുമെന്നുള്ളത് ആലോചിക്കണം. ഇതിനുവേണ്ടി കൂടുതൽ ഫാമുകൾ കൊണ്ടുവരണം. മറ്റ് സംസ്ഥാനങ്ങളിൽ നിന്നും കോഴിയും മുട്ടയുമൊക്കെ കൊണ്ടുവരുന്നതിനുപകരം കേരളത്തിൽ അതിനുള്ള സാഹചര്യങ്ങൾ ഉണ്ടാക്കണം. ഇന്ന് നമ്മുടെ യഥാർത്ഥ സ്ഥിതിയെന്താണ്? പാലക്കാട് നമ്മുടെ അതിർത്തി കഴിഞ്ഞുള്ള സ്ഥലത്തേക്ക് പോയിക്കഴിഞ്ഞാൽ, അവിടെയുള്ള ഫാമുകളെടുത്ത് പരിശോധിച്ചാൽ, കോഴിക്കുഞ്ഞുങ്ങളെ വളർത്തി വലുതാക്കി ഇറച്ചിക്കോഴികളാക്കുന്ന ഫാമുകളുടെ സംരംഭകരിൽ 90 ശതമാനം ആളുകളും മലയാളികളാണ് എന്ന് കാണാൻ കഴിയും. നമ്മൾ അതിനുള്ള സൗകര്യങ്ങൾ ഒരുക്കികൊടുക്കുന്നില്ല. നമ്മുടെ ആളുകൾ തമിഴ്നാട്ടിൽപോയി ഇത്തരം ഫാമുണ്ടാക്കി അവിടെനിന്ന് ഇങ്ങോട്ട് കൊണ്ടുവരേണ്ട സാഹചര്യമാണുള്ളത്. കേരളത്തിൽത്തന്നെ ഫാമുകളുണ്ടാക്കി കൂടുതൽ കോഴിക്കുഞ്ഞുങ്ങളെ വളർത്തി മുട്ട ഉൽപ്പാദനം വർദ്ധിപ്പിക്കാനുള്ള സാഹചര്യം ഇവിടെ ഒരുക്കികൊടുക്കണം. അതാണ് ഇക്കാര്യത്തിൽ ചെയ്യേണ്ടത്. അതിനുള്ള ഒരു ഡിപ്പാർട്ടുമെന്റ് ഇവിടെയുണ്ട്. പിന്നെ ഗവേഷണങ്ങളുടെ കാര്യം പറഞ്ഞു. ഇപ്പോൾ എന്ത് ഗവേഷണമാണ് കാർഷിക സർവ്വകലാശാലയിൽ നടക്കുന്നത്? യഥാർത്ഥത്തിൽ കാർഷിക മേഖലയിലുണ്ടാകുന്ന തിരിച്ചടികൾക്ക് പരിഹാരം കാണാൻ സാധിക്കുന്ന ഒരു ഗവേഷണവും നടക്കുന്നില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ ഈ അടുത്ത കാലത്ത് ഏറ്റവും വലിയ വെല്ലുവിളിയായി വന്നത് മൺഡരി രോഗമാണ്. അതിനെപ്പോലും പ്രതിരോധിക്കാൻ നമുക്ക് സാധിച്ചില്ല. അപ്പോൾ ഗവേഷണങ്ങൾ എന്നുപറയുന്നത് നാമമാത്രമാകുകയും ഗവേഷണങ്ങളുടെ പേരിൽ ഇന്ന് കോടികൾ ചെലവഴിച്ച് ഇത്തരത്തിലുള്ള അഴിമതികൾ നടത്തുവാനുള്ള സാഹചര്യം സൃഷ്ടിക്കുകയും മാത്രമാണ് ചെയ്യുന്നത്. അതിന്റെ മറ്റൊരു പതിപ്പുകൂടി ഈ വെറ്ററിനറി സർവ്വകലാശാല ഉണ്ടാക്കുന്നതുവഴി സൃഷ്ടിക്കപ്പെടുകയാണ്. യഥാർത്ഥത്തിൽ ഇച്ഛാശക്തിയുള്ള ഒരു ഡിപ്പാർട്ടുമെന്റ് വിചാരിച്ചാൽ ഇന്ന് അങ്ങ് ഇവിടെ പറഞ്ഞ കാര്യങ്ങളൊക്കെ നടപ്പാക്കാൻ സാധിക്കും. അല്ലെങ്കിൽ ഗവേഷണം നടത്തുന്നതിന് ഇന്റർനാഷണൽ നിലവാരമുള്ള ഒരു റിസർച്ച് സെന്റർ തുടങ്ങണം. അതിനുപകരം ഇത്രയും വലിയൊരു ബാധ്യതകൂടി വീണ്ടും കേരളത്തിൽ ഉണ്ടാകുന്നു എന്നു പറഞ്ഞാൽ അത് നമ്മുടെ വളർച്ചയെ, മുന്നോട്ടുള്ള പ്രയാണത്തെ സാരമായി ബാധിക്കും. നമുക്കിന്ന് ചെലവഴിക്കാൻ പണമില്ല, ഇത്തരം കാര്യങ്ങൾക്കാണ് മുഴുവൻ പോകുന്നത്. അപ്പോൾ സ്വാഭാവികമായും കൂടുതൽ സാമ്പത്തിക ബാധ്യതയുണ്ടാക്കാൻ മാത്രമേ ഈ ഒരു കാര്യംകൊണ്ട് ഉപകരിക്കൂ എന്ന് മാത്രമേ എനിക്ക് സൂചിപ്പിക്കുവാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

മറ്റു കാര്യങ്ങളിലേക്കൊന്നും ഞാൻ കടക്കുന്നില്ല. ബഹുമാനപ്പെട്ട പ്രകാശൻ മാസ്റ്റർ രാഷ്ട്രീയമായി ഒരുപാട് കാര്യങ്ങൾ പറഞ്ഞു. ഞാൻ അതിനൊന്നും മറുപടി പറയുന്നില്ല. അദ്ദേഹം കോൺഗ്രസ്സിന്റെ അഭിമതിയെക്കുറിച്ചും മറ്റു കാര്യങ്ങളെക്കുറിച്ചുമൊക്കെ പറഞ്ഞു. കേരളത്തിലെ ജനങ്ങൾക്ക് മാർക്സിസ്റ്റുകാരെക്കുറിച്ചും ഇടതുപക്ഷ ജനാധിപത്യമുന്നണി ഗവൺമെന്റിനെക്കുറിച്ചും അവർ നടപ്പിലാക്കുന്ന പ്രവർത്തനങ്ങളെക്കുറിച്ചുമറിയാം. ജനങ്ങളിൽ നിന്ന് ആ പാർട്ടിയും ഗവൺമെന്റും എന്തുമാത്രം വിട്ടുപോയി എന്നതിന് വേറെ അളവുകോലൊന്നും വേണ്ട. പാർലമെന്റ് തെരഞ്ഞെടുപ്പിലെ തോൽവി നമുക്കറിയാം. നിങ്ങൾ അത് പഠിച്ചില്ല. അതിനുശേഷം നടന്ന നിയമസഭാ ഉപതെരഞ്ഞെടുപ്പിലെ തോൽവികൊണ്ടും, നിങ്ങൾ പഠിച്ചില്ല. ആ തോൽവിയും നിങ്ങൾക്ക് പ്രശ്നമല്ല. ഏറ്റവും ഒടുവിൽ പഞ്ചായത്തു തെരഞ്ഞെടുപ്പിൽ ഞങ്ങൾ എല്ലാം പിടിച്ചെടുക്കുമെന്ന് പറഞ്ഞു. അതു കഴിഞ്ഞപ്പോൾ അതിലും പരാജയപ്പെട്ടു. അങ്ങനെ ജനങ്ങളിൽനിന്ന് ഒറ്റപ്പെട്ട മാർക്സിസ്റ്റു പാർട്ടിയും നേതാക്കന്മാരും പറയുന്ന ഈ കാര്യങ്ങളിലെ ശരിയും തെറ്റുമൊക്കെ തിരിച്ചറിയുവാനുള്ള വ്യക്തമായ സാമാന്യബോധം ഈ കേരളത്തിലെ ജനങ്ങൾക്കുണ്ട്. അതുകൊണ്ടാണ് ശ്രീ. പ്രകാശൻ മാസ്റ്റർ പറയുന്ന ഈ കാര്യങ്ങൾക്കൊന്നും മറുപടി പറയാത്തത്. ഓരോ തെരഞ്ഞെടുപ്പിലും പരാജയപ്പെട്ടപ്പോൾ ഈ തെരഞ്ഞെടുപ്പ് പരാജയമൊന്നും ഒരു പരാജയമല്ല അതൊക്കെ ചെറിയ ചെറിയ വീഴ്ചകളാണെന്ന് നിങ്ങൾ പറഞ്ഞു. ഇപ്പോൾ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് വന്നപ്പോൾ ഏതാണ്ട് മണ്ട് മൂന്ന് ദിവസം എ.കെ.ജി. സെന്ററിൽ വച്ച് ചർച്ചചെയ്ത് വിലയിരുത്തി നിങ്ങൾ കാരണം കണ്ടെത്തി. താഴെത്തട്ടിലുള്ളവരുടെ കുഴപ്പമാണെന്നാണ് പറഞ്ഞത്. അങ്ങനെ വിലയിരുത്തൽ കഴിഞ്ഞു. കഴിഞ്ഞ പാർലമെന്റ് തെരഞ്ഞെടുപ്പിൽ വിലയിരുത്തിയപ്പോൾ കുഴപ്പമില്ല, ഇത് ചെറിയ പരാജയമാണെന്ന് പറഞ്ഞു. അതിനുശേഷം ഉപതെരഞ്ഞെടുപ്പ് വന്നപ്പോൾ ഇത് ചെറിയൊരു തിരിച്ചടിയാണ്, ത്രിതല പഞ്ചായത്തിലെ തെരഞ്ഞെടുപ്പ് കഴിഞ്ഞപ്പോൾ വോട്ടിലെ എണ്ണം കൊണ്ട് ഞങ്ങൾക്ക് ഇത്തിരി കൂടുതലുണ്ട് ഇതും ഒരു തിരിച്ചടിയല്ല എന്ന് പറഞ്ഞു. ഇതൊന്നും യഥാർത്ഥത്തിൽ തോൽവിയല്ല എന്നാണ് നിങ്ങൾ പറഞ്ഞുകൊണ്ടിരിക്കുന്നത്. ഞങ്ങളും പറയുന്നത് അതാണ്. ഈ തോൽവിയൊന്നും യഥാർത്ഥ തോൽവിയില്ല. ഇതൊക്കെ യു.ഡി.എഫ്. ഇളക്കിവിടുന്ന ചെറിയ തിരമാലകളാണ്. ആ തിരമാലകളിൽപ്പെട്ടുള്ള ചാഞ്ചാട്ടമാണ് ഈ തെരഞ്ഞെടുപ്പിലുണ്ടായ തോൽവി. യഥാർത്ഥത്തിൽ യു.ഡി.എഫ്. ഇളക്കിവിടുന്ന സുനാമി വരാൻ ഇരിക്കുന്നതേയുള്ളൂ. അത് അടുത്ത നിയമസഭാ തെരഞ്ഞെടുപ്പിലും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവും നിങ്ങൾക്കുവേണ്ട. അത്രമാത്രം ജനങ്ങളിൽ നിന്നും നിങ്ങൾ അകന്നുപോയിരിക്കുന്നു. അത് യാഥാർത്ഥ്യബോധമില്ലാതെ കാര്യങ്ങൾ കാണുന്നതുകൊണ്ടാണ്. ജനങ്ങൾ എന്താഗ്രഹിക്കുന്നുവോ അതിനുവിരുദ്ധമായി പാർട്ടിയും പാർട്ടി നേതൃത്വവും പോകുന്നു. ഈ തെരഞ്ഞെടുപ്പിന്റെ പ്രത്യേകതയെന്നു പറയുന്നത് യു.ഡി.എഫ്-ന്റെ കേന്ദ്രങ്ങളിൽ മാത്രമല്ല, ഈ തെരഞ്ഞെടുപ്പ് യഥാർത്ഥത്തിൽ വിലയിരുത്തിയാൽ ഒരു കാര്യം ബോധ്യമാകും. എവിടെയാണ് സി.പി.ഐ (എം)-ന് ഏറ്റവും കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

തെരഞ്ഞെടുപ്പ് പരാജയം ഉണ്ടായിട്ടുള്ളത്? എവിടെയാണോ സി.പി.എം. കൂടുതലായിട്ടുള്ളത് അവിടെയാണ് സി.പി.ഐ.(എം) ഈ തെരഞ്ഞെടുപ്പിൽ പരാജയപ്പെട്ടിട്ടുള്ളത്. കാരണം, യു.ഡി.എഫ്.-ന്റെ വോട്ടുമാത്രമല്ല, അസംതൃപ്തരായ സി.പി.ഐ.(എം) പ്രവർത്തകരുടെ വോട്ടുകൂടി ഞങ്ങൾക്ക് അനുകൂലമായി. അതുകൊണ്ട് ഈ ത്രിതല പഞ്ചായത്തിൽ സി.പി.ഐ.(എം) കേന്ദ്രത്തിലാണ് ഏറ്റവും വലിയ തിരിച്ചടി ഉണ്ടായത്. ബഹുമാനപ്പെട്ട മന്ത്രി അങ്ങേയ്ക്ക് അറിയാമല്ലോ, കഴിഞ്ഞ അര നൂറ്റാണ്ടുകാലത്തെ ചരിത്രത്തിനിടയിൽ പാർലമെന്റ് തെരഞ്ഞെടുപ്പിലാവട്ടെ, നിയമസഭാ തെരഞ്ഞെടുപ്പിലാവട്ടെ, ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിലാവട്ടെ ഒരു തെരഞ്ഞെടുപ്പിലും പരാജയമെന്തെന്ന് ഇതുവരെ അറിയാത്ത എന്റെ നിയോജക മണ്ഡലത്തിൽപ്പെട്ട തിരുവലി പഞ്ചായത്തുപോലും ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ നഷ്ടപ്പെട്ടു. അവിടെയും കോൺഗ്രസ്സിന്റെയോ മുസ്ലീം ലീഗിന്റെയോ യു.ഡി.എഫ്.-ന്റെയോ ഘടക കക്ഷികളുടേയോ മാത്രം വോട്ടുകൊണ്ടല്ല. നിങ്ങളുടെ അസംതൃപ്തരായ പാർട്ടി പ്രവർത്തകരുടെ വോട്ടുകൂടിയാണ് യു.ഡി.എഫ്.-നെ വിജയിപ്പിക്കുന്നതിൽ ഒരു വലിയ പങ്കുവഹിച്ചത്. അതുകൊണ്ട് അടുത്ത തെരഞ്ഞെടുപ്പും ഞങ്ങളെ സംബന്ധിച്ചിടത്തോളം വൻ വിജയമായിരിക്കും. സി.പി.എം.-ലെ നേതാക്കന്മാർ ഒരുപാടുപേർ വിട്ടുപോകുന്നു. ശ്രീ. അബ്ദുള്ളക്കുട്ടി ഇവിടെയുണ്ട്. ശ്രീ. മനോജും ശ്രീ. ശിവരാമനും പുറത്തുണ്ട്. ശ്രീ. മഞ്ഞളാംകുഴി അലി ഈയിടെയാണ് പാർട്ടി വിട്ടത്. അവരൊക്കെ പാർട്ടി വിട്ടുപോയാൽ ഒന്നുമില്ല എന്നാണ് പറഞ്ഞിരിക്കുന്നത്. എന്നാൽ ഒരു അബ്ദുള്ളക്കുട്ടിയോ മഞ്ഞളാംകുഴി അലിയോ ശിവരാമനോ അല്ല പതിനായിരക്കണക്കിന് പാർട്ടി പ്രവർത്തകന്മാരും അവരോടൊപ്പം പാർട്ടി വിട്ടിട്ടുണ്ട് എന്ന് തെരഞ്ഞെടുപ്പുകൾ തെളിയിച്ചു. അതാണ് കഴിഞ്ഞ ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പ് ഫലം. അതുകൊണ്ട് പ്രകാശൻ മാസ്റ്റർ പറയുന്ന അഴിമതിയുമായി ബന്ധപ്പെട്ട് കോൺഗ്രസ്സ് എന്നും വ്യക്തമായ നിലപാടുകൾ എടുത്തിട്ടുണ്ട്. അത് സി.പി.ഐ.(എം)-ന്റെ നിലപാടല്ല. അത് ജനങ്ങളെ ബോധ്യപ്പെടുത്തുന്ന നിലപാടാണ്. അതുകൊണ്ട് അത്തരം കാര്യങ്ങളെക്കുറിച്ചൊന്നും മറുപടി പറയാൻ ഞാൻ ഈ സന്ദർഭം വിനിയോഗിക്കുന്നില്ല.

ശ്രീ. ടി. എൻ. പ്രതാപൻ : സർ, ബഹുമാനപ്പെട്ട അംഗം ഒരുകാര്യം വിസ്മരിച്ചുപോയി. ഇന്ന് ബഹുമാനപ്പെട്ട പഞ്ചായത്തു വകുപ്പുമന്ത്രി ശ്രീ. പാലോളി മുഹമ്മദ്കുട്ടിയും അടിയന്തര പ്രമേയത്തിന്റെ അവതരണ സമയത്ത് ഈ ബിൽ അവതരിപ്പിച്ച സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി ശ്രീ. സി. ദിവാകരനും ഒരു കാര്യം പറഞ്ഞു. ശ്രീ. പാലോളി മുഹമ്മദ്കുട്ടി റോഡിന്റെ കാര്യം പറഞ്ഞപ്പോൾ മൂന്നു മാസം കഴിഞ്ഞ് നിങ്ങൾ ഇത് ചെയ്തോളൂ എന്നു പറഞ്ഞു നമ്മുടെ സിവിൽ സപ്ലൈസ് വകുപ്പുമന്ത്രി മൂന്ന് മാസം കഴിഞ്ഞിട്ട് നിങ്ങൾ വരുമല്ലോ എന്നാണ് പറഞ്ഞത്. അപ്പോൾ രണ്ട് മന്ത്രിമാർ നിങ്ങൾ മൂന്ന് മാസം കഴിഞ്ഞ് അന്വേഷിച്ചോളൂ, നടപടി സ്വീകരിച്ചോളൂ എന്നാണ് പറഞ്ഞത്. ഈ സഭയിൽ ഇന്ന് രണ്ട് മന്ത്രിമാർ മൂന്ന് മാസം കഴിഞ്ഞാൽ അവർ അനുഭവിക്കാൻ പോകുന്ന തെരഞ്ഞെടുപ്പ് പരാജയത്തിന്റെ

LIBRARY ARCHIVES Kerala Legislative Assembly

പച്ചയായ ചിത്രം വളരെ പരസ്യമായി നിയമസഭാ രേഖകളിൽ വരുന്ന രീതിയിൽ പറഞ്ഞ കാര്യം അങ്ങേയ്ക്ക് അറിഞ്ഞുകൂടേ? അതുകൊണ്ട് മാർക്സിസ്റ്റ് പാർട്ടിയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും ഉൾപ്പെടെ അപ്പുറത്തിരിക്കുന്ന ഭരണകക്ഷി തീരുമാനമെടുത്തു കഴിഞ്ഞു. അവർക്ക് ബോധ്യമാവുകയും ചെയ്തു. ഒരു കാരണവശാലും അവർക്ക് അധികാരത്തിൽ വരാൻ കഴിയില്ല. മൂന്നു മാസം കഴിഞ്ഞാൽ കേരളത്തിൽ ഐക്യ ജനാധിപത്യ മുന്നണി അധികാരത്തിൽ വരുമെന്ന് രണ്ട് മന്ത്രിമാർ സമ്മതിച്ച കാര്യം അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, അങ്ങേക്ക് അറിയാമല്ലോ? ഈ സഭയിലെ തന്നെ മുതിർന്ന നേതാവാണ് ബഹുമാന്യനായ തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി. അദ്ദേഹത്തിന് അനുഭവ സമ്പത്തും അനുഭവ പരിചയവുമുണ്ട്. അതുപോലെ തന്നെ ജനങ്ങളുടെ മനസ്സ് വായിച്ചറിയുവാനും ജനങ്ങളുടെ വികാരം ഉൾക്കൊള്ളുവാനും ഒക്കെ അദ്ദേഹത്തിനു കഴിയും. അതുകൊണ്ടാണ് അദ്ദേഹം അത് പറഞ്ഞത് എന്നുള്ള കാര്യത്തിൽ യാതൊരു തർക്കവുമില്ല.

ശ്രീ. സി. പി. മുഹമ്മദ് : സർ, ബഹുമാന്യനായ പാലോളി മുഹമ്മദ് കുട്ടി പരിണിതപ്രജ്ഞനും സീനിയറും സാത്വികനുമാണ്. പക്ഷേ കഴിഞ്ഞ സഭയിൽ അദ്ദേഹം പറഞ്ഞത് തോൽക്കാൻ ഞങ്ങൾക്ക് മനസ്സില്ലായെന്നാണ്. അത് അങ്ങ് ഓർക്കുന്നുണ്ടോ?

ശ്രീ. ടി. എൻ. പ്രതാപൻ : സർ, തോൽക്കാൻ ഞങ്ങൾക്ക് മനസ്സില്ലെന്നാണ് അദ്ദേഹം കഴിഞ്ഞ സഭയിൽ പറഞ്ഞത്. ബഹുമാന്യനായ സി. പി. മുഹമ്മദ്, ഇന്ന് തോൽക്കാൻ ഞങ്ങൾക്ക് മനസ്സുണ്ട് എന്ന് സമ്മതിച്ചിട്ടുണ്ട്. അതുകൊണ്ട് അദ്ദേഹം കഴിഞ്ഞ സഭയിൽ പറഞ്ഞത് ഈ സഭയിൽ തിരുത്തിയെന്നുള്ള കാര്യം ശ്രീ. അനിൽ കുമാറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. എ. പി. അനിൽ കുമാർ : സർ, അദ്ദേഹത്തിന് പാർട്ടിയിലാണ് തോൽക്കാൻ മനസ്സില്ലാത്തത്. മറ്റത് ജനങ്ങളുടെ കോടതിയാണ്. ജനങ്ങളുടെ കോടതിയിൽ ആരെയാണ് തോൽപ്പിക്കേണ്ടത് ആരെയാണ് വിജയിപ്പിക്കേണ്ടത് എന്ന് ജനങ്ങളാണ് തീരുമാനിക്കേണ്ടത്. സ്വാഭാവികമായും ജനങ്ങളുടെ കോടതിയിൽ കഴിഞ്ഞ തെരഞ്ഞെടുപ്പിലൊക്കെത്തന്നെ ഈ ഗവൺമെന്റിനെ തോൽപ്പിക്കുവാനുള്ള ഒരു മനസ്സാണ് കാണിച്ചത്. അത് ഇപ്പോഴും തുടരുകയാണ്. അതിന് യാതൊരു മാറ്റവും വന്നിട്ടില്ല. നമുക്കറിയാം പാർലമെന്റ് തെരഞ്ഞെടുപ്പിന്റെ കാര്യം. ഐക്യകേരളത്തിന്റെ ചരിത്രത്തിൽ പാർലമെന്റ് തെരഞ്ഞെടുപ്പിലും നിയമസഭാ തെരഞ്ഞെടുപ്പിലും യു.ഡി.എഫ്. വിജയിച്ചിട്ടുണ്ട്. പക്ഷേ ഐക്യകേരളത്തിൽ ആദ്യമായിട്ടാണ് ത്രിതല പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ ഇത്രയും വലിയ ഭൂരിപക്ഷം ഇന്ന് ഐക്യ ജനാധിപത്യ മുന്നണിക്ക് ലഭിക്കുന്നത്. അപ്പോൾ താഴത്തട്ടിൽപോലും ജനങ്ങൾ ഇന്ന് ഈ പാർട്ടിയിൽനിന്നും ഈ ഗവൺമെന്റിൽ നിന്നും അകന്നുകഴിഞ്ഞിരിക്കുന്നു. അങ്ങനെയുള്ള ഈ ഗവൺമെന്റ് ഇങ്ങനെയൊരു പുതിയ സർവ്വകലാശാല കൂടി കൊണ്ടുവന്നാൽ, ഇവിടെ സാമ്പത്തികമായ ബാദ്ധ്യത എല്ലാ മേഖലയിലുമുണ്ട്. ആ സാമ്പത്തിക ബാദ്ധ്യത കൂടുതലാക്കുന്നതിനുവേണ്ടി മാത്രമേ ഇത് ഉപകരിക്കൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : സർ, ബഹുമാനപ്പെട്ട എ. പി. അനിൽകുമാർ പറയുന്നത് തിരുവാലി പഞ്ചായത്തിലെ സി.പി.എം.-ന്റെ തോൽവിയെക്കുറിച്ചാണ്. തോറ്റുവെന്നത് യഥാർത്ഥ്യമാണ്. അതേസമയം മലപ്പുറം ജില്ലയിൽ തന്നെയുള്ള കാലാകാലങ്ങളായി മുസ്ലീംലീഗ് ഭരിച്ചുകൊണ്ടിരിക്കുന്ന വളാഞ്ചേരി പഞ്ചായത്തിൽ ലീഗ് തോറ്റതിനെക്കുറിച്ച് അങ്ങയുടെ അഭിപ്രായമെന്താണ്?

ശ്രീ. എ. പി. അനിൽ കുമാർ : സർ, അങ്ങേക്ക് അറിയാമല്ലോ മലപ്പുറം ജില്ലയിലെ തെരഞ്ഞെടുപ്പ് കാര്യങ്ങൾ. പ്രത്യേകിച്ച് കേരളത്തിൽ പൊതുവായി യു.ഡി.എഫ്.-ന് അനുകൂലമായ അന്തരീക്ഷമുണ്ടായിരുന്നു. പക്ഷേ മലപ്പുറം ജില്ലയിൽ ഏതാണ്ട് നൂറ് പഞ്ചായത്തുകളിൽ 92 പഞ്ചായത്തുകളിലും വിജയിച്ചത് ഐക്യ ജനാധിപത്യ മുന്നണിയാണ്. അങ്ങയുടെ നിയോജക മണ്ഡലത്തിലെ പുറത്തൂർ പഞ്ചായത്തിൽ ഞാനൊരു തെരഞ്ഞെടുപ്പ് പ്രചരണവുമായി വന്നിരുന്നു. തിരുവാലി പഞ്ചായത്തുപോലെ തന്നെയാണ് പുറത്തൂർ പഞ്ചായത്തും ഇന്നുവരെ വിജയിച്ചിട്ടില്ലായെന്ന് അവർ എന്നോട് പറഞ്ഞു. അപ്പോൾ മലപ്പുറം ജില്ലയിൽ 92 പഞ്ചായത്തുകളിലും ബ്ലോക്കുപഞ്ചായത്തുകളിലും ജില്ലാ പഞ്ചായത്തുകളിലുമൊക്കെ വിജയിച്ചത് അങ്ങ് മറക്കരുത്.

ശ്രീ. പി. പി. അബ്ദുള്ളക്കുട്ടി : സർ, പുറത്തൂർ പഞ്ചായത്തിൽ പഞ്ചായത്ത് തെരഞ്ഞെടുപ്പിൽ തോറ്റു എന്നുള്ളത് യാഥാർത്ഥ്യം. പക്ഷേ ജില്ലാ പഞ്ചായത്തിൽ മൂവായിരം വോട്ടിന്റെ ഭൂരിപക്ഷം സി.പി.ഐ.(എം) ന് ഉണ്ട് എന്നുള്ളത് ശ്രീ. അനിൽകുമാർ മറക്കരുത്.

ശ്രീ. എം. ഉമ്മർ : സർ, ഇവിടെ ബഹുമാനപ്പെട്ട മെമ്പർ ശ്രീ. അബ്ദുള്ളക്കുട്ടി ആശ്വാസത്തിനുവേണ്ടി തിരിഞ്ഞുനോക്കിയത് വളാഞ്ചേരിയെയാണ്. അദ്ദേഹത്തിന്റെ തിരൂർ നിയോജക മണ്ഡലത്തിൽ കഴിഞ്ഞ തവണ യു.ഡി.എഫ്. ആകെ ഭരിച്ചിരുന്നത് തിരൂർ മുനിസിപ്പാലിറ്റിയാണ്. ഇപ്പോൾ അതിൽ അവർക്ക് ലഭിക്കാത്ത തിരൂർ മുനിസിപ്പാലിറ്റിയും തിരൂർ ബ്ലോക്കുമടക്കമുള്ള എല്ലാസ്ഥലത്തും യു.ഡി.എഫ്. വലിയ വിജയം നേടിയത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടില്ലേ?

ശ്രീ. സി. പി. മുഹമ്മദ്: സർ, മാർക്സിസ്റ്റ് കമ്മ്യൂണിസ്റ്റ് പാർട്ടിയും ഇടതുപക്ഷ ജനാധിപത്യ മുന്നണിയും തോറ്റുവെന്ന് പറഞ്ഞു. ഇവർ വാർഡ് വിഭജനം നടത്തിയില്ലായിരുന്നുവെങ്കിൽ വർഗ്ഗീയ ശക്തികൾ ഇവർക്ക് കൂട്ടില്ലായിരുന്നുവെങ്കിൽ ഇവരുടെ പരാജയത്തിന്റെ ആഴം എത്രയാവുമായിരുന്നു. ഒന്നാം സ്ഥാനം നേടിയ ലീഗ് 311 വോട്ടിന് ജയിച്ചു. രണ്ടാം സ്ഥാനം കിട്ടിയത് ജമാഅത്തെ ഇസ്ലാമിനാണ്. വാഴക്കാട് പഞ്ചായത്തിൽ ആ വാർഡിൽ മാർക്സിസ്റ്റ് പാർട്ടിക്ക് കിട്ടിയത് നാലാണ്. ബി.ജെ.പി. ജയിച്ച പല സ്ഥലങ്ങളിലും മാർക്സിസ്റ്റ് പാർട്ടിക്ക് ജാമ്യസംഖ്യ പോയി. അപ്പോൾ ഇവരൊക്കെ സഹായിച്ചിട്ടും ഇത്രയും ദയനീയമായ പരാജയമാണെങ്കിൽ ഇനി ഇതിലും വലിയൊരു തോൽവിയെന്നു പറഞ്ഞാൽ അതെന്തൊരു തോൽവിയാണ്?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ എ. പി. അനിൽ കുമാർ : സർ, മലപ്പുറം ജില്ലയിൽ തന്നെ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്. വലിയ വീഴ്ചകളും പാളിച്ചകളും പാർട്ടിക്കനുകൂലമായി വിജയിപ്പിച്ചെടുക്കുന്നതിന് വാർഡ് വിഭജനം നടത്തിയിട്ടുണ്ട് സി.പി.എം. കേന്ദ്രം എന്നൊക്കെ പലപ്പോഴും നമ്മൾ പറഞ്ഞിട്ടുണ്ട്. മലപ്പുറം ജില്ലയിലെ കുളത്തൂർ ജില്ലാ പഞ്ചായത്ത് ഡിവിഷനിൽ തെരഞ്ഞെടുപ്പ് പ്രചരണത്തിന് പോയപ്പോൾ, മുസ്ലീം ലീഗിന്റെ നേതാവായ സലീം കുരുവമ്പലമാണ് അവിടെ മത്സരിച്ചത്. സലിം കുരുവമ്പലം എന്നോട് പറയുകയാണ് ആ ജില്ലാ പഞ്ചായത്തിൽ ഒരു ഡിവിഷനുണ്ടാക്കി, ഞാൻ അത്ഭുതപ്പെട്ടുപോയി. നമുക്ക് ജില്ലാ പഞ്ചായത്തിൽ രണ്ട് പഞ്ചായത്തുകൾ വരാറുണ്ട്.

2.00 P.M.]

മൂന്ന് പഞ്ചായത്തുകൾ വരാറുണ്ട്. പക്ഷേ മലപ്പുറം ജില്ലയിൽ കുളത്തൂർ ഡിവിഷൻ എന്നുപറയുന്നത് ആറ് പഞ്ചായത്തുകൾ ഉൾപ്പെട്ടതാണ്. ഓരോ പഞ്ചായത്തിലെയും നാലും അഞ്ചും വാർഡുകളെടുത്ത് സി.പി.എം.-ന് അനുകൂലമാക്കി ഒരു വാർഡുണ്ടാക്കുക. പട്ടാമ്പിയോട് തൊട്ടുകിടക്കുന്ന ഏലംകുളത്തുനിന്ന് തുടങ്ങി കുറ്റിപ്പുറത്തുള്ള വളാഞ്ചേരിവരെ ആറ് പഞ്ചായത്തുകളിൽനിന്ന് ഒരു ഡിവിഷൻ ഉണ്ടാക്കിയെടുത്തുവെന്ന് പറഞ്ഞാൽ ഒരു വാർഡ് പിടിച്ചെടുക്കുന്നതിനുവേണ്ടി മാർക്സിസ്റ്റുപാർട്ടി എന്തുമാത്രം അദ്ധ്വാനിച്ചു എന്നുള്ളത് ആലോചിച്ചുനോക്കണം. ഈ വാർഡ് വിഭജനമൊക്കെ നടത്തിയിട്ടും അവസാനം തെരഞ്ഞെടുപ്പുഫലം വന്നപ്പോൾ അവിടെയുള്ള മാർക്സിസ്റ്റ് പാർട്ടിക്ക് ഭൂരിപക്ഷമുള്ള കേന്ദ്രങ്ങൾ പോലും യു.ഡി.എഫ്.-ന് അനുകൂലമായി, അവിടെ സലീം കുരുവമ്പലം നിഷ്പ്രയാസം വിജയിച്ചു വന്നത് നമ്മൾ കണ്ടു. അത് ഒരു പാഠമാകണമെന്നാണ് എനിക്ക് പാർട്ടി നേതൃത്വത്തോട് പറയാനുള്ളത്. വാർഡ് വെട്ടിമുറിച്ചതുകൊണ്ടുമാത്രം കേരളത്തിലെ ജനങ്ങളുടെ മനസ്സ് വെട്ടിമാറ്റാൻ കഴിയില്ലെന്നുള്ള യാഥാർത്ഥ്യം അംഗീകരിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ ഭേദഗതി മൂവ് ചെയ്യുകയാണ്.

ഭക്ഷ്യവും സിവിൽസപ്ലൈസും മൃഗസംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. സി. ദിവാകരൻ) : സർ, ബഹുമാനപ്പെട്ട അപ്പുറത്തും ഇപ്പുറത്തുമുള്ള സഭാംഗങ്ങൾ ഈ ബില്ലിനെ സംബന്ധിച്ച ചർച്ചയിൽ പങ്കെടുത്തതിന് ആദ്യമായി അവരോടുള്ള നന്ദി ഞാൻ രേഖപ്പെടുത്തുകയാണ്. പ്രതിപക്ഷത്തുള്ള അംഗങ്ങൾ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയം ഇതിന്റെ സാമ്പത്തികഭാരമാണ്. ഈ ബിൽ രൂപീകരിച്ചപ്പോൾ ഗവൺമെന്റ് വളരെയധികം ഗൗരവത്തോടുകൂടി സാമ്പത്തിക ഭാരത്തെക്കുറിച്ച് പരിശോധിച്ചതാണ്. ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടില്ലെന്ന് പറയുന്നത് പൂർണ്ണമായും ശരിയല്ല. 2010-11-ലെ എസ്.ഡി.ജി.-ൽ ഒരു കോടി രൂപ പ്രൈമറി ചെലവിനുവേണ്ടി മാറ്റിവച്ചിട്ടുണ്ട്. ഇതുപോലെ സമാനമായ യൂണിവേഴ്സിറ്റികളിൽ, മറ്റ് പല സംസ്ഥാനങ്ങളിലെയും നിരവധി ധനകാര്യ സ്ഥാപനങ്ങളിൽ ഗ്രാന്റ് കിട്ടുന്നുണ്ട്. ആ ഗ്രാന്റും കേരളത്തിൽ പുതിയതായി രൂപീകരിക്കുന്ന വെറ്ററിനറി സയൻസ് യൂണിവേഴ്സിറ്റിക്ക് ലഭ്യമാക്കാനുള്ള സാധ്യത നിലവിലുണ്ട്. ഇത് യു.ജി.സി.-യുടെ നോംസാണ് എന്ന് പറയുന്നുണ്ട്. യു.ജി.സി.-യുടെ നോംസ് അനുസരിച്ചല്ല നേരെമറിച്ച്

ഐ.സി.എ.ആർ.-ന്റെ നോംസാണ് വെറ്ററിനറി യൂണിവേഴ്സിറ്റിക്ക് ബാധകമായിട്ടുള്ളത്. തന്നെയുമല്ല, തൊട്ടടുത്തുള്ള തമിഴ്നാട്ടിലും ആന്ധ്രയിലും മഹാരാഷ്ട്രയിലുമെല്ലാം ഇതേ തരത്തിൽ മുന്നും നാലും സ്ഥാപനങ്ങളുള്ള യൂണിവേഴ്സിറ്റികളാണ് ആദ്യം രൂപീകരിച്ച് പ്രവർത്തനമാരംഭിച്ചത്. കേരളത്തിൽത്തന്നെ അഗ്രികൾച്ചറൽ സർവ്വകലാശാല രൂപീകരിച്ചപ്പോൾ ആകെ ഉണ്ടായിരുന്നത് മുന്ന് സ്ഥാപനങ്ങളാണ്. പിന്നീടാണ് അത് 10 കോളേജുകളും 36 ഗവേഷണകേന്ദ്രങ്ങളും 7 കൃഷിവിജ്ഞാന കേന്ദ്രങ്ങളുമായി മാറിയത്. മറ്റൊരു ആക്ഷേപം പറഞ്ഞത്, സി. പി. മുഹമ്മദ്, ബഹുമാനപ്പെട്ട എന്റെ സുഹൃത്താണ്. ഇങ്ങനെ ഒരു യൂണിവേഴ്സിറ്റിയുടെ കാര്യമുണ്ടോ എന്നാണ് അദ്ദേഹം ചോദിച്ചത്. അതുതന്നെ ഇവിടെ പലരും ആവർത്തിച്ചു. അങ്ങേക്ക് അറിയാമല്ലോ, ഈ യൂണിവേഴ്സിറ്റിയുടെ പ്രാരംഭ പ്രവർത്തനം ആരംഭിച്ചു. നിങ്ങളെല്ലാവരും ഇതിനെ സപ്പോർട്ട് ചെയ്യുമെന്നാണ് ഞാൻ വിചാരിച്ചത്. 2005-ലെ സർക്കാർ ഉത്തരവനുസരിച്ച് ഇതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചത് ഇൻഡ്യയിലെ ഏറ്റവും വിദഗ്ദ്ധനായിട്ടുള്ള ശ്രീ. വിജയ്പോൾ ശർമ്മയാണ്. അഹമ്മദാബാദിലെ ഇൻഡ്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിലെ കാർഷിക വിഭാഗത്തിന്റെ പ്രൊഫസറും പ്ലാനിംഗ് കമ്മിഷൻ രൂപം കൊടുത്ത പത്താം പഞ്ചവത്സര പദ്ധതിയിലെ മൃഗസംരക്ഷണ ക്ഷീരവികസന വകുപ്പിന്റെ വർക്കിംഗ് ഗ്രൂപ്പിലെ അംഗവും നാഷണൽ ലൈവ്സ്റ്റോക്ക് പോളിസി, നാഷണൽ അഗ്രിക്കൾച്ചർ പോളിസി തുടങ്ങിയവയ്ക്ക് രൂപം കൊടുത്തതുമായ ശ്രീ. വിജയ്പോൾ ശർമ്മയുടെ നേതൃത്വത്തിലാണ് 2005-ൽ ഇങ്ങനെ ഒരു യൂണിവേഴ്സിറ്റി രൂപീകരിക്കണമെന്ന നിർദ്ദേശം ഗവൺമെന്റ് അംഗീകരിച്ചത്. ഇപ്പോൾ ഇത് ആവശ്യമില്ലെന്ന് പറയുന്നതിന്റെ പിന്നിലുള്ളത് ദുരുദ്ദേശമാണ്; സങ്കുചിതമായ ഒരു രാഷ്ട്രീയ ചിന്തയാണ്. ഞങ്ങളുടെ കാലത്താണെങ്കിൽ തരക്കേടില്ല, വേറെ ആരെങ്കിലും കൊണ്ടുവന്നാൽ ഇത് വലിയ അപകടമാണ്. സാമ്പത്തിക പ്രതിസന്ധി വരുമെന്നൊക്കെയുള്ള പ്രചരണങ്ങൾ തുറന്ന ഒരു സമീപനമല്ല. തന്നെയുമല്ല, യൂണിവേഴ്സിറ്റികൾ അവിടെ എന്തിനാണെന്ന് ചോദിക്കുന്നു. തമിഴ്നാട്, കർണ്ണാടക, മഹാരാഷ്ട്ര, പഞ്ചാബ്, ഹരിയാന, ആന്ധ്ര ഇവിടെ എല്ലാം വെറ്ററിനറി യൂണിവേഴ്സിറ്റികളുണ്ട്. അവ നന്നായി പ്രവർത്തിക്കുന്നുമുണ്ട്. ആ സംസ്ഥാനങ്ങളിലെല്ലാം ഉൽപ്പാദനം ക്രമാതീതമായി വർദ്ധിച്ചിട്ടുണ്ട്. ഇതിൽ പ്രത്യേകമായ സാമ്പത്തിക ഭാരം വരുന്നില്ല. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിക്ക് ബഡ്ജറ്റിൽ പ്ലാൻ ഫണ്ടും നോൺ പ്ലാൻ ഫണ്ടുമായി അനുവദിച്ചിട്ടുള്ള 35 കോടി രൂപ ഇതിനുവേണ്ടി മാറ്റണം. ബാക്കിവരുന്ന ചെറിയ സാമ്പത്തിക ബാദ്ധ്യത മാറ്റുന്നതിനായി ഗവൺമെന്റിന്റെ ആദ്യത്തെ ഒന്നുരണ്ട് വർഷം വിനിയോഗിക്കേണ്ടി വരും. അതിന് ഗവൺമെന്റ് സന്നദ്ധമാണെന്ന് അറിയിച്ചിട്ടുണ്ട്. അതിനുവേണ്ടി ബഡ്ജറ്റിൽ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഗവേഷണം നടക്കുന്നില്ല, അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റി തകർന്ന് തരിപ്പണമായി എന്ന് ഇതിനെ സംബന്ധിച്ച് പറയുന്നുണ്ട്. അഗ്രികൾച്ചർ യൂണിവേഴ്സിറ്റിയെക്കുറിച്ച് അങ്ങനെ ഒരു നിഗമനം എടുക്കുന്നത് ശരിയല്ല. അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിന്റെ പരിമിതിക്കകത്ത് നിന്നുകൊണ്ട് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയിലെ

LIBRARY ARCHIVES Kerala Legislative Assembly

വിദഗ്ദ്ധന്മാരും ഗവേഷകന്മാരും പ്രൊഫസർമാരും കാർഷിക മേഖലയിൽ വലിയ സംഭാവനകൾ ചെയ്തിട്ടുണ്ട്. കേരളത്തിന്റെ കാർഷിക മേഖല തകരാൻ കാർഷിക യൂണിവേഴ്സിറ്റി മാത്രമല്ല ഉത്തരവാദി; കേരളത്തിന്റെ കാർഷിക മേഖലയിൽ വന്ന ഡെവേഴ്സിഫിക്കേഷനും കാരണമായിട്ടുണ്ട്. ഒരു കാലഘട്ടം കഴിഞ്ഞപ്പോൾ കേന്ദ്രവും നമ്മളും തമ്മിലുള്ള ആലോചനയിലൂടെ നമ്മൾ വാണിജ്യ വിളകളിലേക്ക് പോവുകയും റബ്ബറും കുരുമുളകും കാപ്പിയും കൊക്കോയും എല്ലാം വച്ചു പിടിപ്പിക്കുകയും ചെയ്തതിന്റെ ഫലമായി ഭക്ഷ്യ സുരക്ഷയിൽ ഉൾപ്പെട്ട നെൽ വയലുകളെല്ലാം നഷ്ടമായി. നെൽവയലുകൾ നികത്തി റബ്ബർ വയ്ക്കാൻ തുടങ്ങി. കൂടുതൽ ആദായകരമായിട്ടുള്ള മേഖലകളിലേക്ക് കൃഷിക്കാർ നീങ്ങി. നമുക്കാവശ്യമായ ഭക്ഷ്യധാന്യം തീർച്ചയായും കേന്ദ്രപൂളിൽ നിന്ന് ഇഷ്ടംപോലെ കിട്ടുമെന്നുള്ള വാഗ്ദാനവും കേന്ദ്രത്തിന്റെ സമ്മർദ്ദവും ഉണ്ടായിരുന്നു. ഇതെല്ലാം കാലക്രമേണ തകിടം മറിഞ്ഞു. എന്നാൽ കൃഷിക്കാർ കമേഴ്സ്യൽ കാർഷിക മേഖലയിൽനിന്ന് തിരിച്ചുവരാൻ തയ്യാറല്ലായിരുന്നു. ലാഭകരമായി കൃഷി ചെയ്യാൻ സാധിക്കാത്തതിന് അഗ്രികൾച്ചറൽ യൂണിവേഴ്സിറ്റിയുടെ മൊത്തം പരാജയമാണെന്ന് പറയുന്നത് ദൗർഭാഗ്യകരമായ ഒരു സമീപനമാണ്. അതുകൊണ്ട് പുതിയ യൂണിവേഴ്സിറ്റിയുടെ നേർക്കുള്ള ഈ സമീപനം തീർച്ചയായും ശരിയല്ല. ഈ യൂണിവേഴ്സിറ്റിക്ക് ഒരു കമേഴ്സ്യൽ ആസ്പെക്റ്റിൽത്തന്നെ പ്രവർത്തിക്കാൻ കഴിയും. ഇപ്പോൾ കേരളത്തിൽ ഇങ്ങനെയുള്ള ഒരുപാട് കണക്കുകൾ നമ്മുടെ മുമ്പിലുണ്ട്. ഇക്കാര്യത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. ഇതിനാവശ്യമായ സമയത്ത് ഇവിടെത്തന്നെ ഉൽപ്പാദിപ്പിക്കാൻ കഴിയുന്ന മേഖലകളുണ്ട്.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

ഒരു ഉദാഹരണം പറയാം. പ്രതിവർഷം 400 കോടി മുട്ടയാണ് തമിഴ്നാട്ടിലെ നാമക്കലിൽനിന്ന് കേരളത്തിലേക്ക് വരുന്നത്. ഒരു മുട്ടയ്ക്ക് 2 രൂപ മിനിമം വച്ചാൽ തന്നെ 800 കോടി രൂപയാണ് പോകുന്നത്. ഇവിടെ കോഴി വളർത്തലിന് എല്ലാ സാധ്യതയുമുണ്ട്. എന്നാൽ പൗൾട്രി സയൻസ് അനുസരിച്ച് ആധുനികമായ സജീകരണങ്ങൾ തയ്യാറാക്കുന്നതിന് എക്സ്പേർട്ടുകൾ വേണം, അത് സയന്റിഫിക്കായി പഠിക്കണം, അതിൽ കൂടുതൽ ഗവേഷണങ്ങൾ നടത്തണം. അങ്ങനെ ആ രംഗത്ത് നമുക്ക് ഉൽപ്പാദനം വർദ്ധിപ്പിക്കണം. അതിന് വിദഗ്ദ്ധന്മാരായ ആളുകളെ സൃഷ്ടിക്കേണ്ടതുണ്ട്. ഇതുതന്നെയാണ് പശുക്കളുടെ കാര്യത്തിലും വേണ്ടത്. കന്നുകാലികളുടെ സംരക്ഷണ രീതി, ട്രീറ്റ്മെന്റ്, വാക്സിൻ എന്നിവ വിപുലീകരിക്കണം യൂറോപ്യൻ രാജ്യങ്ങളിൽ പുതിയ പുതിയ സമ്പ്രദായങ്ങൾ വരുന്നുണ്ട്. അവിടെ ഹൈടെക് ഡയറി ഫാം എന്ന പുതിയ ഫാം വരികയാണ്. അതിന് ഡയറി സയൻസ് പാസായ വളരെ എക്സ്പേർട്ടായ മാസ്റ്റർ ഡിഗ്രിയും പി.എച്ച്.ഡി.-യുമുള്ള ആളുകളുടെ ഉപദേശങ്ങളും നിർദ്ദേശങ്ങളും നമുക്ക് ആവശ്യമാണ്. പണ്ടത്തേപ്പോലെ രണ്ട് പശുവിനേയും കൊണ്ട് നടന്നാൽ നമുക്ക് ആവശ്യത്തിനുള്ള പാൽ ഉൽപ്പാദിപ്പിക്കാൻ കഴിയില്ല. ഇത്തരം മോഡേണായിട്ടുള്ള ഇൻഫർമേഷൻ ടെക്നോളജി മുഴുവൻ ഈ മേഖലയിൽ ഉപയോഗിക്കുന്നതിന് വളരെ സഹായകമായിരിക്കും ഈ യൂണിവേഴ്സിറ്റി.

LIBRARY ARCHIVES Kerala Legislative Assembly

ഹയർ സ്റ്റഡീസിനുവേണ്ടി 5 വർഷത്തേക്ക് ലീവ് കൊടുക്കണം എന്ന് എത്രയോ വെറ്ററിനറി ഡോക്ടർമാർ ആവശ്യപ്പെടുന്നു. അതിന് ഇവിടെ യാതൊരു സൗകര്യവുമില്ലായെന്നാണ് അവർ പറയുന്നത്. അവർ പോകുന്നതോടു കൂടി ഒരു പഞ്ചായത്തിൽ ഒരു ഡോക്ടർ ഇല്ലാതാകുകയാണ്. ആ വെറ്ററിനറി ഹോസ്പിറ്റൽ അടച്ചുപൂട്ടേണ്ട അവസ്ഥ വന്നുചേരുകയാണ്. ഒരു സന്ദർഭത്തിൽ നമ്മൾ ഇത് നിരോധിച്ചു. ആർക്കും ലീവ് കൊടുക്കേണ്ട എന്ന് തീരുമാനിച്ചു. പക്ഷേ ഹയർ സ്റ്റഡീസിന് പോകുന്ന ആളുകളെ തടസ്സപ്പെടുത്തുക എന്ന് പറയുന്നത് അടിസ്ഥാനപരമായി ശരിയല്ല. അപ്പോൾ നമുക്ക് ഇവിടെ യൂണിവേഴ്സിറ്റിയുണ്ടെങ്കിൽ, അതിൽ വിവിധ ഡിപ്പാർട്ടുമെന്റ് ഉണ്ടെങ്കിൽ, ഫാക്കൽറ്റി ഉണ്ടെങ്കിൽ അതിന് ആവശ്യമായ academicians ഉണ്ടെങ്കിൽ തീർച്ചയായും ഈ കുട്ടികൾ ഇവിടെ റിസർച്ച് ചെയ്യുന്ന അവസ്ഥ ഉണ്ടാകും..

ശ്രീ. വി. എസ്. സുനിൽ കുമാർ : സർ, അങ്ങ് മൃഗസംരക്ഷണ മേഖലയിൽ വളരെ വിശാലമായ താല്പര്യം മുൻനിറുത്തിക്കൊണ്ടാണ് ഈ സർവ്വകലാശാല സ്ഥാപിക്കുന്നത്; പ്രത്യേകിച്ചും വളരെ അക്കാഡമിക് ക്വാളിഫിക്കേഷനുള്ള ആളുകൾ വിദേശത്ത് പോകുന്നു ആ കാര്യങ്ങളൊക്കെ അങ്ങ് സൂചിപ്പിക്കുകയുണ്ടായി. തീർച്ചയായും വളരെ ലക്ഷ്യബോധത്തോടുകൂടിയാണ് അത് പറയുന്നതെങ്കിലും, പൂക്കോടാണ് ഇതിന്റെ ആസ്ഥാനം എന്ന് പറയുമ്പോൾ കാർഷിക സർവ്വകലാശാലയിൽ തന്നെ പൂക്കോട് സെന്ററിലേക്ക് ഏതെങ്കിലും ഉന്നതരായ ഉദ്യോഗസ്ഥന്മാരെ സ്ഥലം മാറ്റുകയോ അല്ലെങ്കിൽ അവിടെ ജോലിക്ക് പോകേണ്ടതായി വരുകയോ ചെയ്താൽ പല ആളുകളും അവിടേക്ക് പോകാതെ ഏതെങ്കിലും കാരണം പറഞ്ഞുകൊണ്ട് സ്ത്രീകളാണെങ്കിൽ ഗർഭിണികളാണെന്നോ അതല്ലെങ്കിൽ അവർക്ക് മറ്റേതെങ്കിലും അസുഖങ്ങൾ ഉണ്ടെന്നോ പറഞ്ഞ് വയനാട്ടിലേയ്ക്ക് പോകാതിരിക്കാൻ എന്തൊക്കെ ചെയ്യാൻ കഴിയുമോ അതൊക്കെ ചെയ്യുന്ന ഒരു സ്ഥിതിവിശേഷം നിലനിൽക്കുന്നുണ്ട്. അതോടൊപ്പം തന്നെ അങ്ങ് ഇപ്പോൾ പറയുകയുണ്ടായി. പഠനാവശ്യത്തിന് പോകുന്നവരെ തടയാൻ പാടില്ലാത്ത കാര്യമാണെന്ന് പഠനാവശ്യത്തിന് പോകണം അവർക്ക് ഹയർ സ്റ്റഡി വേണ്ടി വരും. പക്ഷേ ഇന്ന് വെറ്ററിനറി ഡിപ്പാർട്ടുമെന്റിലെ ആളുകളെല്ലാം തന്നെ പഠനാവശ്യത്തിനുവേണ്ടി മാത്രമാണോ വിദേശത്ത് പോകുന്നത് എന്ന് അങ്ങ് പരിശോധിച്ചു നോക്കിയിട്ടുണ്ടോ? നമ്മുടെ നാടിന് സർവ്വീസ് കിട്ടേണ്ട പല ആളുകളും പല കാരണങ്ങൾ പറഞ്ഞ് വിദേശത്ത് പോയി ലക്ഷക്കണക്കിന് രൂപ ശമ്പളം കിട്ടുന്ന ജോലി ചെയ്യുകയാണ്. ഈ സർവ്വകലാശാല സ്ഥാപിക്കുന്നതോടുകൂടി ഇത്തരം മൗലികമായ പ്രശ്നങ്ങൾക്കുകൂടി പരിഹാരം കാണാൻ കഴിയുമോ?

ശ്രീ. സി. ദിവാകരൻ : സർ, തീർച്ചയായും വിദേശത്ത് പോകുന്ന ആളുകൾ അവരുടെ അവധി അപേക്ഷയിൽ എഴുതുന്നത് ഞങ്ങൾ ഉപരിപഠനത്തിനു വേണ്ടി പോകുന്നുവെന്നാണ്. ഇങ്ങനെ ആ അവധി മിസ്യൂസ് ചെയ്യുന്നതുകൊണ്ട് ഗവൺമെന്റ് ഒരു ഓർഡർ ഇറക്കി അങ്ങനെ സെലക്ഷൻ കിട്ടുന്ന രേഖകൂടി ഹാജരാക്കിയാലേ ലീവ് അനുവദിക്കുകയുള്ളുവെന്ന്. ഇപ്പോൾ അങ്ങനെ മിസ്യൂസ് ചെയ്യാൻ സാധ്യമല്ല. ഒരു കോളേജിലുള്ളവരെ ഒരു സ്ഥലത്ത് നിന്ന് മറ്റൊരു സ്ഥലത്തേക്ക് ട്രാൻസ്ഫർ ചെയ്യുമ്പോൾ ബുദ്ധിമുട്ടുകളൊക്കെ ഉണ്ടാകും. അതിനിപ്പോൾ പ്രത്യേകമായി നിർദ്ദേശമൊന്നുമില്ല.

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട അംഗങ്ങൾ ഉന്നയിച്ച വലിയൊരു ആക്ഷേപം ഐ.എ.എസ്.-കാർ ഇതിൽ വരുന്നത് വലിയ അപകടമാണെന്നാണ്. ഐ.എ.എസ്.-കാർ പുതുതായിട്ടാണോ യൂണിവേഴ്സിറ്റിയിലേക്ക് വരുന്നത്? അഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റിയിലെ ഏറ്റവും സമർത്ഥനായ വൈസ് ചാൻസലർ കാളീശ്വരനായിരുന്നു. റിട്ടയർ ചെയ്ത ഐ.എ.എസ്.-കാരനായ അദ്ദേഹമാണ് വൈസ് ചാൻസലറായിരുന്നത്. ആന്ധ്രയിൽ അനിമൽ ഹസ്ബന്ററിയുടെ ഗവൺമെന്റ് സെക്രട്ടറിയാണ് അവിടത്തെ വി.സി. അദ്ദേഹം ഐ.എ.എസ്.-കാരനാണ്. ഐ.എ.എസ്.-കാർ വരുന്നതുകൊണ്ട് അതിനകത്ത് യൂണിവേഴ്സിറ്റിയുടെ നോംസ് അനുസരിച്ച് ഇത്രകൊല്ലം പഠിക്കണം എന്നൊക്കെയുള്ളത് പരിശോധിച്ച് തന്നെയാണ് വച്ചിരിക്കുന്നത്. ഇവിടെ ഇപ്പോൾ പുതിയതായിട്ട് രൂപീകരിച്ച വെറ്ററിനറി യൂണിവേഴ്സിറ്റിയുടെ വി.സി., അദ്ദേഹത്തിന്റെ പേരൊന്നും ഞാൻ പറയുന്നില്ല അതിനെപ്പറ്റി ഒരുപാട് സംശയങ്ങളെല്ലാം ഉന്നയിച്ചു. ആ സംശയങ്ങൾക്കൊന്നും യാതൊരു അടിസ്ഥാനവുമില്ല. അതെല്ലാം ഗവൺമെന്റ് സമഗ്രമായി പരിശോധിച്ചാണ് വച്ചിട്ടുള്ളത്. പിന്നെ പ്രായത്തെക്കുറിച്ചെല്ലാം ചിലർ ഉന്നയിച്ചു. അത് ക്ലാസ് ബൈ ക്ലാസ് ചർച്ചയിൽ പരിഹരിക്കാവുന്ന കാര്യങ്ങളേയുള്ളൂ. മറ്റൊരു ആക്ഷേപം ഉയർന്നു വന്നത് എന്തിനാണ് ഇങ്ങനെയൊരു യൂണിവേഴ്സിറ്റി എന്നുള്ളതാണ് അത് നിങ്ങൾ ആവർത്തിച്ചു ചോദിച്ചു. ഇത് കേരളമല്ലേ? കേരളത്തിലെ വളരെ പ്രബുദ്ധരായ ആളുകൾക്ക് ഒരു കാലത്ത് യൂണിവേഴ്സിറ്റി ഇല്ല ഡിപ്പാർട്ടുമെന്റ് മാത്രമായിരുന്നു ഇനിയും കൽപ്പാന്തകാലത്തോളം രണ്ടുമൂന്ന് ഡിപ്പാർട്ടുമെന്റുകളുമായി ഇത് പ്രവർത്തിക്കണമെന്നൊരു സങ്കൽപ്പത്തിലേയ്ക്ക് പോകുന്നത് തന്നെ മാറിക്കൊണ്ടിരിക്കുന്ന ലോകഗതിക്ക് അനുയോജ്യമല്ല. ആധുനികമായ സംവിധാനങ്ങൾ എവിടെയെല്ലാം എന്തെല്ലാമുണ്ടോ അതെല്ലാം കേരളത്തിന്റെ ഉൽപ്പാദനമേഖലയ്ക്ക് ഉപകരിക്കുന്ന തരത്തിൽ, അത് യൂണിവേഴ്സിറ്റിയാണെങ്കിൽ യൂണിവേഴ്സിറ്റി, ഗവേഷണമാണെങ്കിൽ ഗവേഷണം, വിദേശ രാജ്യങ്ങളുമായിട്ടുള്ള ബന്ധം കൊണ്ടാണ് ആ ഗുണമെങ്കിൽ അത്, ഇന്ത്യയിലെ മറ്റ് യൂണിവേഴ്സിറ്റികളുമായി ബന്ധം വയ്ക്കാൻ കഴിയുന്നത് യൂണിവേഴ്സിറ്റികൾക്കാണ് ഡിപ്പാർട്ടുമെന്റിനല്ല. മറ്റ് സംസ്ഥാനങ്ങളിലെ യൂണിവേഴ്സിറ്റികളുമായി ബന്ധമുണ്ടാക്കണമെങ്കിൽ ഡിപ്പാർട്ടുമെന്റ് ഉദ്യോഗസ്ഥന്മാർക്ക് സാധ്യമല്ല, അതിന് ബന്ധപ്പെട്ട യൂണിവേഴ്സിറ്റി തന്നെ വേണം. അങ്ങനെ വളരെ സദുദ്ദേശത്തിൽ വളരെ വിശാലമായ മനഃസ്ഥിതിയിൽ വളരെ വലിയ പ്രതീക്ഷയോടുകൂടിയാണ് ഗവൺമെന്റ് ഈ യൂണിവേഴ്സിറ്റി കൊണ്ടുവന്നിട്ടുള്ളത്. ഇത് മറ്റൊരു യൂണിവേഴ്സിറ്റിക്കും എതിരല്ല. ശ്രീ. സി. പി. മുഹമ്മദിന്റെ ചിരകാല അഭിലാഷമായ മലയാളം യൂണിവേഴ്സിറ്റിക്ക് ഞാൻ ഫുൾ സപ്പോർട്ടാണ്. നിങ്ങൾ തന്നെ ആ ബിൽ കൊണ്ടുവന്നാലും നിങ്ങൾക്ക് അനുകൂലമായി ഞാൻ പ്രസംഗിച്ച് തരാം. വളരെ നിരുപദ്രവകരമായ ഒരു യൂണിവേഴ്സിറ്റി. യാതൊരു അഭിപ്രായ വ്യത്യാസവും ആർക്കുമില്ല. പിന്നെ ചർച്ചയല്ലേ, ശ്രീ. പി. സി. ജോർജ്ജ്, ചർച്ചയാകുമ്പോൾ ചർച്ചയിൽ എന്തെങ്കിലുമൊക്കെ കാരണങ്ങൾ വേണമല്ലോ. അല്ലാതെ ഈ യൂണിവേഴ്സിറ്റി ആരുടെയെങ്കിലും പ്രത്യേക താൽപ്പര്യത്തിനുള്ളതല്ല. ജന്തുക്കളുടേയും പാവപ്പെട്ട ജീവജാലങ്ങളുടേയും പശുവിന്റേയും എരുമയുടേയും ആടിന്റേയും എല്ലാം താൽപ്പര്യങ്ങൾ സംരക്ഷിച്ച് അവയെ നേരെ ചൊവ്വേ വളർത്തി നമ്മുടെ ഉൽപ്പാദന മേഖല ഫലപ്രദമാക്കാൻ വേണ്ടിയുള്ള താൽപ്പര്യം മാത്രമേയുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പി. സി. ജോർജ് : സർ, ഹൈക്കോടതിയിൽ കേസ് വന്നു കഴിഞ്ഞു. വി.സി. നിയമനം സംബന്ധിച്ച് ഹൈക്കോടതി കേസ് ഇന്ന് അഡ്മിറ്റ് ചെയ്യും. അങ്ങ് അറിഞ്ഞോ എന്ന് എനിക്കറിയില്ല.

ശ്രീ. സി. ദിവാകരൻ : സർ, അറിഞ്ഞു. ഹൈക്കോടതി വിധിക്കുന്ന കേസുകളെല്ലാം പരിശോധിക്കും. വിധി പറയുമ്പോൾ ഗവൺമെന്റ് അത് പരിശോധിക്കുകയും ഹൈക്കോടതിയിൽ പറയാനുള്ള കാര്യങ്ങളെല്ലാം അവിടെ പറയുകയും ചെയ്യും. അതൊന്നും കുഴപ്പമില്ല. അപ്പോൾ അദ്ദേഹമല്ലെങ്കിൽ വേറെ ആളെ വയ്ക്കും. അതിൽ ബുദ്ധിമുട്ടില്ല. യൂണിവേഴ്സിറ്റിയും അതുമായി ബന്ധമില്ല. വി.സി.-യെ തീരുമാനിക്കാനുള്ള അധികാരം ഗവൺമെന്റിനുണ്ട്. ഗവൺമെന്റ് തീരുമാനിച്ച ആളിന് എല്ലാ യോഗ്യതയുമുണ്ട് ഞങ്ങൾ അത് ഹൈക്കോടതിയിൽ തെളിയിക്കുന്നുണ്ട്. അതുകൊണ്ട് ആ പ്രശ്നമില്ല. ഞാൻ പറഞ്ഞുവന്നത് കേരളത്തിന്റെ വരദാനമായ, കേരളത്തിലെ ഗവൺമെന്റിൽനിന്ന് കാര്യമായ ഒരു ഇൻവെസ്റ്റ്മെന്റും ഇല്ലാതെ, ഏകദേശം 35 ലക്ഷം കുടുംബങ്ങൾ ഉപജീവനം നടത്തുന്ന, 70 ശതമാനം സ്ത്രീകളും അതുപോലെ വിദ്യാർത്ഥികളും അവരുടെയെല്ലാം കൊച്ചു കൊച്ചുവീടുകളുടെ മുറ്റത്ത് പുതിയ പുതിയ വരുമാനങ്ങൾ വരാനും അത് വികസിപ്പിക്കാനും അവരുടേതായ ഒരു മേഖലയാണ് ഈ വെറ്റിനിനറി യൂണിവേഴ്സിറ്റി എന്ന് പറയുന്നത്. കേരളത്തിലെ ഏറ്റവും മികച്ച അക്കാഡമിക് ലെവലിലും ഉൽപ്പാദനമേഖലയിലും കേരളത്തിന്റെ കാർഷിക മേഖലയിലെ അനുബന്ധ മേഖലകളിൽ നിർണ്ണായകമായ സംഭാവന ചെയ്യാൻ കഴിയുന്ന ഒരു യൂണിവേഴ്സിറ്റിയായി ഇത് തീരും. അതിന്റെ തുടക്കത്തിൽ ആരോഗ്യകരമായി ഇത് വളരണം എന്നുള്ള ആഗ്രഹത്തിൽ നിങ്ങൾ നടത്തിയ എല്ലാ വിമർശനങ്ങളെയും എല്ലാ നിർദ്ദേശങ്ങളെയും ഞാൻ സ്വാഗതം ചെയ്യുന്നു. ഇനി ക്ലാസ് ബൈ ക്ലാസ് ആയി ചർച്ചയ്ക്ക് വരുമ്പോൾ നമുക്ക് ആ കാര്യങ്ങൾ ആലോചിക്കാം. ഞാൻ എന്റെ വാക്കുകൾ ചുരുക്കുന്നു.

മി. സ്പീക്കർ : ശ്രീ. കെ. ബാബു അങ്ങയുടെ ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്റ്റ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. ബാബു : പ്രസ്റ്റ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അങ്ങയുടെ നമ്പർ ഭേദഗതി പ്രസ്റ്റ് ചെയ്യുന്നുണ്ടോ?

ശ്രീ. എം. പ്രകാശൻ മാസ്റ്റർ : പ്രസ്റ്റ് ചെയ്യുന്നില്ല.

മി. സ്പീക്കർ : അനുകൂലിക്കുന്നവർ.....

പ്രതികൂലിക്കുന്നവർ.....

ശ്രീ. എം. പ്രകാശൻ മാസ്റ്റർ അവതരിപ്പിച്ച ഭേദഗതി സഭയുടെ അനുമതിയോടുകൂടി പിൻവലിച്ചിരിക്കുന്നു.

ശ്രീ. എ. പി. അനിൽകുമാർ അങ്ങയുടെ ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. എ. പി. അനിൽകുമാർ : പ്രസ്സ് ചെയ്യുന്നില്ല.

മി. സ്പീക്കർ : ശ്രീ. എ. പി. അനിൽകുമാർ അവതരിപ്പിച്ച ഭേദഗതി സഭ നിരാകരിച്ചിരിക്കുന്നു.

2010-ലെ കേരള വെറ്ററിനറി ആന്റ് അനിമൽ സയൻസസ് സർവ്വകലാശാല ബിൽ കൃഷിയും മൃഗസംരക്ഷണവും മത്സ്യബന്ധനവും സംബന്ധിച്ച I-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .....

പ്രതികൂലിക്കുന്നവർ .....

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

(2) 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ

മി. സ്പീക്കർ : ഓർഡർ, ഓർഡർ..... ബഹുമാനപ്പെട്ട നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി അങ്ങേക്ക് 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ അവതരിപ്പിക്കാവുന്നതാണ്. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും മേശപ്പുറത്ത് വയ്ക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി (ശ്രീ. എം. വിജയകുമാർ) : സർ, 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ : ബിൽ അവതരിപ്പിച്ചിരിക്കുന്നു. ബഹുമാനപ്പെട്ട നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കാവുന്നതാണ്.

നിയമവും മരാമത്തും പാർലമെന്ററികാര്യവും സ്പോർട്സും വകുപ്പുമന്ത്രി ശ്രീ. എം. വിജയകുമാർ : സർ, 2010-ലെ കേരള അഭിഭാഷക ക്ഷേമനിധി (ഭേദഗതി) ബിൽ ആഭ്യന്തര കാര്യങ്ങൾ സംബന്ധിച്ച XIV-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly